# ഐക്യദീപം

SINCE 1976

2020 ജനുവരി – ഫെബ്രുവരി

വില ₹10

പുഷ്പഗിരി വജ്രജൂബിലി സ്പെഷ്യൽ



# GOVERNING BODY



Patron
**H.G. MOST REV. DR. THOMAS MAR KOORILOS**
Metropolitan Archbishop Tiruvalla



President
**Rt. Rev. Msgr. Cherian Thazhamon**
Vicar General, Catholic Archdiocese of Tiruvalla



**Shri. Jacob Punnoose IPS**
Executive Director



Secretary
**Rev. Fr. Jose Kallumalickal**
Chief Executive Officer
Pushpagiri Group of Institutions



Vice President
**Dr. Abraham Varghese**
Dy. Medical Superintendent



Member
**Rev. Dr. Mathew Mazhavancheril**
Director
Academics & Research



Member
**Rev. Fr. Thomas Pariyarath**
Hospital Administrator,
Director IT & Marketing



Member
**Mr. Varghese Alexander**
Chartered Accountant V. Alexander & Co. Tiruvalla



**Rev. Fr. Aby Vadakumthala**
Director, Medicity



**Rev. Fr. John Padipurackal**
Director, Facilities Management



**Rev. Fr. Simon Pulienkeezh**
Warden & Chaplain



**Rev. Fr. Varghese Manalel**
Chaplain



**Rev. Fr. Ephrem Pottanplackal**
Chaplain



**Rev. Fr. Mathew Vadakkeparakunnel OCD**
Chaplain



**Rev. Fr. Francis Padavupurackal OFM**
Warden & Chaplain

# ഐക്യദീപം



2020 ജനുവരി - ഫെബ്രുവരി
പുസ്തകം 50 ലക്കം 07

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. ജോസഫ് കരിപ്പായിൽ**
**ഫാ. ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

പത്രാധിപസമിതി
**ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്. ഐ. സി.**
**റവ. സി. റാണി മരിയ ഒ. എസ്. എസ്.**
**ലൈജു കോശി കൊട്ടുവിരുത്തിൽ**
**ജയ്സ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹120.00
Single Copy ₹10.00
Overseas : $40.00 or ₹2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
Swift Code : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St.Joseph Press
Kacheripady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

## ഉള്ളടക്കം

**വജ്രജൂബിലി നിറവിൽ പുഷ്പഗിരി** 8
മോൺ. ചെറിയാൻ താഴമൺ

**മദ്ധ്യതിരുവിതാംകൂറിന്റെ സ്പന്ദനമായി വളർന്ന പുഷ്പഗിരി മെഡിക്കൽ കോളജ്** 18
റവ. ഫാ. ജോസ് കല്ലുമാലിക്കൽ

**Pushpagiri Medical College Hospital** 23
Dr. T.P. Thankappan, Principal

**Pushpagiri College of Pharmacy** 25

**സഭ നേരിടുന്ന വെല്ലുവിളികളും അല്മായദൗത്യവും** 26
ഡോ. രേഖ മാത്യൂസ്

**ജനുവരി - ഫെബ്രുവരി മാസത്തിൽ ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഭാഗ്യസ്മരണാർഹരായ പിതാക്കന്മാർ** 35
ഫാ. ആന്റണി ചെത്തിപ്പുഴ

**ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലിത്ത - മലങ്കരയുടെ അഭിനവ ശൗൽ** 41
വി.എം. തോമസ് വാളക്കുഴി

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St.John's Metropolitan Cathedral, Tiruvalla-1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com

എഡിറ്റോറിയൽ...

# ജനഹൃദയങ്ങളിൽ ഇടം നേടിയ പുഷ്പഗിരി



1959ൽ എട്ട് കിടക്കകളോടെ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ഗ്രാമീണ ആശുപത്രിയായി തുടങ്ങിയ പുഷ്ഗിരി ഇന്ന് 60 വർഷങ്ങൾ പൂർത്തീകരിക്കുകയാണ്. ഒരു സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം 60 എന്നത് ഒരു നീണ്ട കാലഘട്ടം അല്ലെങ്കിലും 60 വർഷങ്ങൾകൊണ്ട് ഈ സ്ഥാപനം പൊതുസമൂഹത്തിന് നല്കിയ ആതുരശുശ്രൂഷയും, കരുതലും, ആരോഗ്യ പരിപാലനവും ഏറെ ശ്രദ്ധേയമാണ് എന്നത് ഈ സ്ഥാപനത്തെ ശ്രേഷ്ഠമാക്കുന്നു. 60 വർഷങ്ങൾ പിന്നിടുമ്പോൾ, പുഷ്പഗിരി ഒരു ഉന്നത മെഡിക്കൽ പഠന ഗവേഷണകേന്ദ്രവും, നിരവധി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും, ബിരുദാനന്തര ഡോക്ടറൽ ബിരുദങ്ങൾ നല്കുന്ന മെഡിക്കൽ കോളേജും, ഡെന്റൽ കോളേജ്, നഴ്സിംഗ് കോളേജ്, ഫാർമസി കോളേജ് ഉൾപ്പെടെ നിരവധി കോളേജുകളും, സൂപ്പർ സ്പെഷ്യാലിറ്റികൾ ഉൾപ്പെടെ 40-ളം ഡിപ്പാർട്ടുമെന്റുകളും, 1200 കിടക്കകളും, 430-ളം ഡോക്ടർമാരും, 1000 ലധികം നഴ്സുമാരും, 1800 ലധികം മറ്റു ജോലിക്കാരും ഉൾക്കൊള്ളുന്ന ബൃഹത്തായ ആതുരാലയമായി മാറിക്കഴിഞ്ഞു എന്നതാണ് 60 വർഷംകൊണ്ട് ഈ സ്ഥാപനം ശ്രദ്ധിക്കപ്പെട്ടത്. പുഷ്പഗിരി ക്യാമ്പസിലുള്ള വലിയ കെട്ടിട സമുച്ചയങ്ങൾക്കു പുറമേ, പുഷ്പഗിരി മെഡിസിറ്റി എന്ന പേരിൽ പെരുന്തുരുത്തിയിൽ നൂറ് ഏക്കറോളം സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിവിധ സ്ഥാപനങ്ങളും പുഷ്പഗിരിയുടെ വളർച്ചയുടെ നേർക്കാഴ്ചയാണ്. തുടക്കകാലത്തെ ബാലാരിഷ്ടതകൾ ക്രമേണ മാറി, ഈ സ്ഥാപനം ഇന്നു കാണുന്ന നിലയിലേക്ക് വളർന്നു വന്നത് സ്ഥാപകരുടെയും, അതിഭദ്രാസനത്തെ വിവിധ കാലങ്ങളിൽ നയിച്ച പിതാക്കന്മാരുടെ ദീർഘവീക്ഷണവും, സ്ഥാപനത്തിന് കാലാകാലങ്ങളിൽ നേതൃത്വം നല്കിയ വൈദികരുടെ പരിപൂർണ്ണ സമർപ്പണവും, കൂടെ പ്രവർത്തിച്ച സന്യസ്തരുടെയും ജീവനക്കാരുടെയും കഠിനാദ്ധ്വാനവും, ത്യാഗമനോഭാവവും, ദൈവപരിപാലനയിലുള്ള ആശ്രയവും, പൊതുസമൂഹത്തിന്റെ അകമഴിഞ്ഞ പിന്തുണയും, വിദഗ്ധരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മികച്ച സേവനവും, എല്ലാറ്റിലുമുപരി, ദൈവത്തിന്റെ അനന്ത പരിപാലനയുമാണ്.



ഒരു 'കൊച്ചുസഭ'യ്ക്ക്, മെഡിക്കൽ കോളേജു പോലെയുള്ള വലിയ ഒരു സ്ഥാപനം നടത്തുവാൻ കഴിയുമോ എന്ന് ചിന്തിച്ചവരുടെയും, അതിനാവശ്യമായ വലിയ മുടക്കുമുതൽ നടത്തുവാൻ കഴിയുമോ എന്ന് സംശയിച്ചവരുടെയും, വലിയ ഒരു സ്ഥാപനത്തിന് നേതൃത്വം നല്കുവാൻ ശേഷിയുള്ളവർ ഈ സഭയിലുണ്ടോ എന്ന് പരിഹസിച്ചവരുടെയും നടുവിൽ, ഇന്ന് പുഷ്പഗിരിയ്ക്ക് തലയുയർത്തി നില്ക്കുവാൻ സാധിക്കുന്നത്, സഭ ആഗ്രഹിച്ചപ്പോൾ, ദൈവം തീരുമാനിച്ചു എന്നതുകൊണ്ടാണ്. വെല്ലുവിളികളുടെയും ചോദ്യങ്ങളുടെയും സംശയങ്ങളുടെയും ഒന്നുമില്ലായ്മയുടെയും നടുവിൽ, പരാജിതരെപ്പോലെ പുറകോട്ടു പോകാൻ നില്ക്കാതെ, ധീരതയോടെ മുമ്പോട്ടുതന്നെ പോകുവാൻ കാണിച്ച ചങ്കൂറ്റം ഒരു ജനതയ്ക്കും, അനവധി തലമുറകൾക്കും അനുഗ്രഹമായി മാറി. വെറും അഞ്ചുപേരിൽ ആരംഭിച്ച പുനരൈക്യപ്രസ്ഥാനത്തിന് നേതൃത്വം നല്കിയ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയെ വെല്ലുവിളികളും പ്രതിസന്ധികളും തളർത്താതെ, ധീരമായി മുമ്പോട്ടുപോകുവാൻ പ്രേരിപ്പിച്ച ദൈവപരിപാലനയും, ദൈവാശ്രയബോധവും അദ്ദേഹത്തിന്റെ വാക്കുകളിലൂടെ പിൻഗാമികളായ നമ്മെയും പഠിപ്പിച്ചു: 'തളരരുത് ലക്ഷ്യം മുൻനിർത്തി മുമ്പോട്ട് പോകുക, ദൈവം പരിപാലിക്കും'. അതെ, അതു തന്നെയാണ് 60 വർഷങ്ങൾക്കുമുമ്പ് 1959 ൽ എളിയ രീതിയിൽ ഈ സ്ഥാപനം ആരംഭിക്കുവാൻ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനെയും സഹപ്രവർത്തകരെയും പ്രേരിപ്പിച്ചത്. 60 വർഷം പിന്നിടുമ്പോൾ, ആരോഗ്യപരിപാലന മേഖലയിലെ പ്രശസ്തമായ ഒരു മെഡിക്കൽപഠന ഗവേഷണകേന്ദ്രമായി മാറിയതോടൊപ്പം, പതിനായിരക്കണക്കിന് രോഗികളുടെ ആശ്രയകേന്ദ്രവുമായി പുഷ്പഗിരി നിലകൊള്ളുന്നു. വർഷംതോറും പത്തു കോടിയലധികം രൂപയുടെ സൗജന്യ ചികിത്സാസഹായം ആലംബഹീനരും പാവപ്പെട്ടവരുമായ രോഗികൾക്ക് നല്കിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം ഏതാണ്ട് മൂവായിരത്തോളം കുടുംബങ്ങൾക്ക് പ്രത്യക്ഷമായും, ആറായിരത്തോളം കുടുംബങ്ങൾക്ക് പരോക്ഷമായും ഉപജീവനം നടത്തുവാനും ഈ സ്ഥാപനത്തിലൂടെ സാധിക്കുന്നു.


സാമൂഹ്യ പ്രതിബന്ധതയില്ലാത്ത സഭാകൂട്ടായ്മയ്ക്ക് സമൂഹത്തിന്റെ വളർച്ചയിലോ ഉയർച്ചയിലോ യാതൊരു സംഭാവനയും നല്കുവാനാവില്ലെന്ന തിരിച്ചറിവ് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കും, തിരുവല്ല അതിഭദ്രാസനത്തിനും എക്കാലവും ഉണ്ടായിരുന്നു. അതിനാൽ ആരോഗ്യപരിപാലന മേഖലയിൽ പുഷ്പഗിരി ആശുപത്രിയോടു ചേർത്തുവച്ച് നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി മദർ തെരേസ ഉച്ചഭക്ഷണ പദ്ധതി, സൗജന്യചികിത്സാ പദ്ധതി, പ്രിവിലേജ് കാർഡ് പദ്ധതി, ഡീപ്പ് ഡിസ്കൗണ്ട് പദ്ധതി, ഗുഡ്ഡീസ് കാർഡ് പദ്ധതി, പെൻഷനേഴ്സ് മെഡിക്കൽ ട്രീറ്റ്മെന്റ് പദ്ധതി, മറ്റ് വലുതും ചെറുതുമായ നിരവധി പദ്ധതികൾ എന്നിവയിലൂടെ ആയിരങ്ങൾക്ക് സഹായഹസ്തവുമായി, ആശ്വാസമായി പുഷ്പഗിരി നിലകൊള്ളുന്നു. ഇന്ന് സ്വാശ്രയ മെഡിക്കൽ മേഖലയിൽ കേരളത്തിൽ ഏറ്റം പ്രശസ്തമായ സ്ഥാപനമായി പുഷ്പഗിരി മാറിക്കഴിഞ്ഞു. വജ്രജൂബിലി ആഘോഷിക്കുന്ന ഈ വർഷം, നിരവധി പുതിയ സൗജന്യ പദ്ധതികളുമായി പുഷ്പഗിരി മുമ്പോട്ടു നീങ്ങുന്നു.

ജനക്ഷേമവും, പൊതുജനസേവനവുമാണ് സമൂഹത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും അടിസ്ഥാനമെന്നും, അതാണ് ഒരു സഭയുടെ ലക്ഷ്യമെന്നുമുള്ള തിരിച്ചറിവും ബോദ്ധ്യവുമാണ് ഒരു സഭയുടെ വളർച്ച. ദൈവത്തെ ആരാധിക്കുന്നതും, ശുശ്രൂഷിക്കുന്നതും, ദൈവജനത്തെ ശുശ്രൂഷിക്കുന്നതിലൂടെയും, ദൈവജനത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിലൂടെയുമാണെന്ന് ബോദ്ധ്യപ്പെട്ട അത്തനാസിയോസ് പിതാവിന്റെ ദീർഘവീക്ഷണവും, കാലാകാലങ്ങളിൽ ഈ സ്ഥാപനത്തെ നെഞ്ചോടുചേർത്ത് വളർത്തിയ പിൻഗാമികളായ പിതാക്കന്മാരുടെ നേതൃത്വവും, ആരംഭകാലത്ത് ഈ സ്ഥാപനത്തെ നയിച്ച വിദേശികളായ സിസ്റ്റേഴ്സിന്റെ ത്യാഗപൂർണ്ണമായ സമർപ്പണവും, കാലാകാലങ്ങളിൽ ഈ സ്ഥാപനത്തെ നയിച്ച വൈദികരുടെ നേതൃപാടവവും, കൂടെനിന്ന് ബലപ്പെടുത്തിയ സന്യസ്തരുടെ കഠിനാദ്ധ്വാനവും, സ്ഥാപനത്തിന്റെ സൽക്കീർത്തിക്കായി പ്രവർത്തിച്ച ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ജീവനക്കാരുടെയും ആത്മാർത്ഥമായ സഹകരണവും, പൊതുസമൂഹത്തിന്റെ നിരന്തരമായ പിന്തുണയും ഈ സ്ഥാപനത്തിന്റെ അത്ഭുതകരമായ വളർച്ചയിൽ വിസ്മരിക്കാനാവില്ല. തുടർന്നുള്ള വർഷങ്ങളിലും, ആതുരസേവനരംഗത്ത് ഗുണമേന്മയുള്ള സേവനത്തിലൂടെയും, ശുശ്രൂഷയിലൂടെയും ഈ സ്ഥാപനത്തിന് മുമ്പോട്ടുപോകുവാനും, ജനഹൃദയങ്ങളിൽ ഒരു ആശ്വാസകേന്ദ്രമായി നിലകൊള്ളുവാനും കഴിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**
ചീഫ് എഡിറ്റർ



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യം പരിരക്ഷിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ കേവലം എട്ടു കിടക്കകളുള്ള ഒരു ഡിസ്പെൻസറിയായി 60 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പുഷ്പഗിരി ഇന്ന് 1200 കിടക്കകളുള്ള ഒരു മെഡിക്കൽ കോളജ് ആശുപത്രിയായി മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ ആരോഗ്യ പരിരക്ഷണ സങ്കേതമായും, ആരോഗ്യപരിശീലനകേന്ദ്രമായും, തൊഴിൽദാതാവായും ദൈവകൃപയാൽ വളർന്നിരിക്കുന്നു. പുണ്യശ്ലോകനും തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാനും ആയിരുന്ന യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ അരമനയും, അതിരൂപതയുടെ പ്രഥമ സെമിനാരിയുമായിരുന്ന ചെറുപുഷ്പഗിരിയുടെ ഈ വളർച്ച ദൈവപരിപാലന കൊണ്ടും ഈ നാട്ടിലെ സുമനസ്സുകളുടെയും ജനനേതാക്കളുടെ അകമഴിഞ്ഞ പ്രോത്സാഹനം കൊണ്ടും നേതൃത്വം നൽകിയ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും വന്ദ്യ ഡയറക്ടർ അച്ചന്മാരുടെയും സന്യാസിനികളുടെയും സമർപ്പണവും കൊണ്ടുമായിരുന്നു എന്ന് നിസ്തർക്കം പറയാം. അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിനാൽ ഒരു ചെറുകുന്നിന്റെ മുകളിൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് ഒരു ജനതയ്ക്ക് മുഴുവൻ അനുഗ്രഹമാണ്. വളർച്ചയുടെ പല തലങ്ങളിൽകൂടി കടന്നുപോയിട്ടുള്ള ഈ സ്ഥാപനത്തെ ഇന്ന് കാണുന്ന നിലയിൽ എത്തിച്ചത് സഭാപിതാക്കന്മാരുടെ ദീർഘവീക്ഷണവും, ആശുപത്രിയിൽ സേവനം ചെയ്തിട്ടുള്ള വൈദികരുടെ നേതൃപാടവവും, ജീവനക്കാരുടെ അർപ്പണബോധവുമാണ്.

കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ഏറ്റവും കൂടുതൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്ന സ്ഥാപനം എന്ന നിലയിലും, വളരെ ഉയർന്ന നിലവാരത്തിലുള്ള പ്രബന്ധങ്ങൾ തുടരെ അവതരിപ്പിക്കുന്നതും, ധാരാളം കൗതുകമാർന്ന കണ്ടെത്തലുകൾ ഉരുവാക്കപ്പെടുകയും ചെയ്യുന്ന ഗവേഷണകേന്ദ്രം എന്ന നിലയിലും പുഷ്പഗിരി ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്നു. ഏറ്റവും നൂതന ആരോഗ്യ സാങ്കേതിക വിദ്യകൾ കേരളത്തിൽ അവതരിപ്പിക്കുന്നതിലും, അവ സാധാരണക്കാർക്ക് ഉപയോഗപ്രദമാക്കുന്നതിലും പുഷ്പഗിരി പ്രധാന പങ്കുവഹിക്കുന്നുണ്ട്. കേരളത്തിൽത്തന്നെ ഏറ്റവും മികച്ച കാത്ത് ലാബുകൾ ഉള്ള കാർഡിയോളജി വിഭാഗവും, അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാഹിത വിഭാഗവും, ഏറ്റവും പുതിയ ഉപകരണങ്ങളോടുകൂടിയ റേഡിയോളജി വിഭാഗവും മറ്റും പുഷ്പഗിരി ആശുപത്രിയുടെ പ്രത്യേകതയാണ്.

ആശുപത്രിയുടെ മികവിലുപരി, ദൈവകൃപയുടെ ഒരു പ്രതിഫലനമാണ് പുഷ്പഗിരി എന്ന സ്ഥാപനം. രോഗിയായിട്ട് പുഷ്പഗിരി ആശുപത്രിയിൽ വരുന്ന ഒരാൾപോലും പണം ഇല്ലായെന്നതുകൊണ്ട് ചികിത്സ ലഭിക്കാതിരിക്കരുത് എന്ന് മാനേജ്മെന്റ് എടുത്ത തീരുമാനംമൂലം സ്ഥാപനത്തിന് ഏറെ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. അശരണരുടെ അഭയകേന്ദ്രം എന്ന നിലയിൽ, കാവൽ മാലാഖകളെ നമുക്കുവേണ്ടി ദൈവം പല രൂപങ്ങളിൽ അയച്ചിട്ടുണ്ട്. രോഗത്താൽ കഷ്ടപ്പെടുന്ന ആയിരക്കണക്കിന് ആളുകളുടെ കണ്ണീരൊപ്പാൻ ഇതിലൂടെ പുഷ്പഗിരിക്ക്

സാധിച്ചിട്ടുണ്ട്. വജ്രജൂബിലിയോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിന്ന പരിപാടികളാണ് പുഷ്പഗിരി പൊതുജനങ്ങൾക്കുവേണ്ടി നടത്തിവന്നത്. നിലവാരമുള്ള ചികിത്സ നടത്തുന്ന സ്ഥാപനം എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റ് അവാർഡും പുഷ്പഗിരിക്ക് കഴിഞ്ഞ വർഷം ലഭിച്ചു. ജൂബിലി, പുതുക്കത്തിനുള്ള ഒരു അവസരമായാണ് പുഷ്പഗിരി കാണുന്നത്. ക്രിസ്തു കാണിച്ചുതന്ന വഴിയിലൂടെ സഞ്ചരിച്ച് ഈ നാടിന് ഒരു അനുഗ്രഹമായി നിലനിൽക്കുവാൻ ഈ സ്ഥാപനത്തിന് കഴിയട്ടെ എന്നതാണ് ഞങ്ങളുടെ ആഗ്രഹം. തുടർന്നും എല്ലാവരുടെയും പിന്തുണയും അഭ്യർത്ഥിക്കുന്നു.

ആരംഭകാലത്ത് സേവനത്തിനായി കടന്നുവന്ന വിദേശിയരായ സിസ്റ്റേഴ്സിന്റയും ബഥനിയിലെ നമ്മുടെ സിസ്റ്റേഴ്സിന്റെയും ത്യാഗോജ്ജ്വലമായ സേവനമാണ് ആശുപത്രിയുടെ അടിത്തറ ഉറപ്പിച്ചത്. ഇവർ എല്ലാവരും ശമ്പളം പറ്റാതെയാണ് സേവനം ചെയ്തിരുന്നത്. വിദേശ സിസ്റ്റർമാർ മടങ്ങിപ്പോയിക്കഴിഞ്ഞിട്ടും പുഷ്പഗിരിയിൽ രാപകലില്ലാതെ വിവിധ തസ്തികകളിൽ ജോലിചെയ്ത ബഥനി സന്യാസിനികളുടെ പ്രാർത്ഥനയുടെയും വിയർപ്പിന്റെയും വിലയാണ് ഇന്നത്തെ പുഷ്പഗിരി എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. സിസ്റ്റർമാരോടൊപ്പം ആരംഭ കാലത്ത് സേവനം ചെയ്തിരുന്ന ഡോ. പി.വി. കോശി എം. ബി. ബി. എസ്സ് സർജൻ, റെയ്ച്ചൽ ഫിലിപ്പ് നേഴ്സ്, സൂസമ്മ കുര്യാക്കോസ് നേഴ്സ് & മിഡൈ്വഫ്, ശോശാമ്മ വർക്കി നഴ്സ് & മിഡൈ്വഫ്, ഏലിക്കുട്ടി പി. മാത്യൂ നേഴ്സ്, റോസ വാഷർവുമൺ, വി. റ്റി. ചെറിയാൻ അറ്റൻഡർ, പോത്തൻ ഗാർഡനർ 1959 മുതൽ ഇങ്ങനെയുള്ള ആയിരങ്ങളുടെ അദ്ധ്വാനഫലമാണ് ഇന്നത്തെ പുഷ്പഗിരി.

മലങ്കരസഭയ്ക്ക് ആകമാനം സന്തോഷം നൽകുന്ന ഈ ജൂബിലി നിറവിൽ ഇനിയും മുമ്പോട്ടുപോകേണ്ട വഴികൾ നാം ആരായുകയും മാനവകുലത്തിന്റെ നന്മയ്ക്കും ദൈവത്തിന്റെ ഉപരിമഹത്വത്തിനും വ്യക്തിപരമായ വളർച്ചയ്ക്കും ഉതകുമാറാകുകയും ചെയ്യണം. പാവപ്പെട്ട രോഗികൾക്കു നൽകുന്ന പരിചരണത്തിനും പരിഗണനയ്ക്കും സമാനതകളില്ല എന്ന് അഭിമാനപുരസരം പറയുവാൻ കഴിയും. ദൈവകരുണയല്ലാതെ മറ്റൊന്നുമല്ല ഇവയ്ക്ക് അടിസ്ഥാനം എന്ന് അടിവരയിട്ട് പറയട്ടെ.

പൗരത്വ ഭേദഗതിബിൽ പാസ്സായ സാഹചര്യത്തിൽ പൊതുസമൂഹത്തിൽ ഉണ്ടായ അസ്വസ്ഥതകളും അക്രമാസക്തമായ തെരുവുയുദ്ധങ്ങളും വിദ്യാർത്ഥിപ്രക്ഷോഭങ്ങളും, മാദ്ധ്യമ നിയന്ത്രണങ്ങളും, ഇന്റർനെറ്റ് നിരോധനവും, കരുതൽ തടവുകളും എല്ലാം ഈ നാട്ടിൽ ഭീതി ജനിപ്പിക്കുന്നു. ജാതിയുടെയും മതത്തിന്റെയും സംസ്കാരത്തിന്റെയും പേരിലുള്ള വേർതിരിവുകൾ ഈ നാടിന്റെ ഭരണഘടനയ്ക്ക് എതിരാണ്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, ആരോഗ്യ പ്രതിസന്ധി, തൊഴിലില്ലായ്മ തുടങ്ങിയ അനേകം കാര്യങ്ങൾക്കു ഉചിതമായ തീർപ്പു കൽപ്പിക്കുകയും, ജനജീവിതം ക്രിയാത്മകമായി പരിപോഷിപ്പിക്കുകയും ചെയ്യപ്പെടേണ്ട വേളയിൽ നാടിന്റെ ഊർജ്ജവും സാമ്പത്തിക സ്രോതസുകളും പാഴായിപോകുന്നു എന്നു മാത്രമല്ല, സമൂഹങ്ങളും സമുദായങ്ങളും തമ്മിൽ അപകടകരമായ അകലങ്ങൾ സൃഷ്ടിച്ച് മറ്റുള്ളവർ ശത്രുക്കളാണെന്നും, അവർ നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടവരാണെന്നുമുള്ള ചിന്ത രൂഢമൂലമാകുകയും ചെയ്യുന്നു. എന്തിന്റെ പേരിലുമാകട്ടെ, ഏതെങ്കിലും ഒരു സമുദായത്തെയോ മതത്തെയോ പ്രീണിക്കുന്നതും, മറ്റുള്ളവർക്കു നൽകാത്ത ആനുകൂല്യങ്ങൾ നൽകുന്നതും പരിഗണിക്കുന്നതും ഏറെ വിപത്തുകൾ സൃഷ്ടിക്കും. ന്യൂനപക്ഷാവകാശം എന്നു പറയുന്നത് ഭൂരിപക്ഷമുള്ള ആളുകൾക്കൊപ്പം തങ്ങളുടെ സംസ്കാരിക തനിമയും പ്രത്യേകതകളും വളർത്തുന്നതിനും വരുംതലമുറയിൽ അതു നൽകി രാഷ്ട്രനിർമ്മിതിയിൽ പങ്കുചേരുന്നതിനും ആണ്. വിഭാഗീയത വളർത്താനല്ല; സ്വയം വിമർശിക്കുവാനും വിമർശനം സ്വീകരിക്കുവാനും എല്ലാവരും മനസു കാണിക്കണം. ബഹുസ്വരതയെ സ്വന്ത ഇഷ്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതും, സ്വയം കടുംപിടിത്തവും സങ്കുചിതത്വവും വിട്ടുവീഴ്ചകളില്ലാത്തതും തികച്ചും ആത്മവഞ്ചനയും സ്വാർത്ഥതയുമാണ്. എന്റെ മതത്തെ ബഹുമാനിക്കുന്നതുപോലെ അപരന്റെ മതത്തേയും ഞാൻ ബഹുമാനിക്കണം. എന്റെ വാക്കോ പ്രവൃത്തിയോ മറ്റുള്ളവർക്ക് കണ്ണീരു പൊടിക്കാൻ ഇടയാകരുത്. എത്രയോ നല്ല കാര്യങ്ങളും നന്മകളും നമുക്കു ഒരുമിച്ച് സൃഷ്ടിച്ചെടുക്കുവാൻ കഴിയും. ഈ ചെറു ജീവിതം അതിനു കൈത്താങ്ങാവട്ടെ! ആശ്വാസമാകട്ടെ! മാന്യ വായനക്കാർക്കെല്ലാം പുതുവത്സരാശംസകൾ. ■

# വജ്രജൂബിലി നിറവിൽ പുഷ്പഗിരി



**മോൺ. ചെറിയാൻ താഴമൺ**
(പ്രസിഡണ്ട്, പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി)

**ആമുഖം**

സ്വാശ്രയമേഖലയിൽ മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലുതും ഉന്നതവുമായ മെഡിക്കൽ പഠനഗവേഷണകേന്ദ്രവും ഏറ്റവും അധികം സൂപ്പർ സെപ്ഷ്യാലിറ്റി ചികിത്സാ വകുപ്പുകളുമുള്ള ആതുരാലയവുമായ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ വജ്രജൂബിലി ആഘോഷസന്ദർഭത്തിൽ ഈ മഹാസ്ഥാപനത്തിന്റെ ചരിത്രത്തിലേയ്ക്കൊരു തീർത്ഥാടന ശ്രമമാണിത്. എട്ട് കിടക്കകളോടെ 1959-ൽ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള ഗ്രാമീണ ആശുപത്രിയായി ആരംഭിച്ച് 2019-ൽ എത്തുമ്പോൾ ബിരുദ ബിരുദാനന്തര ഡോക്ടറൽ ബിരുദങ്ങൾ നല്കുന്ന മെഡിക്കൽ കോളേജും, ഡെന്റൽ കോളേജും, ഫാർമസി കോളേജും, നഴ്സിംഗ് കോളേജും, മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റേഡിയോ ഡയാലിസിസ് ടെക്നോളജി, ഗാസ്ട്രോഇന്റസ്റ്റിനൽ എൻഡോസ്കോപ്പി ടെക്നോളജി, ഡയാലിസിസ് ടെക്നോളജി, മെഡിക്കൽ റെക്കോർഡ് ടെക്നോളജി, അനസ്തിസിയ ആൻഡ് ക്രിട്ടിക്കൽ കെയർ ടെക്നോളജി, ഡെന്ററൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് (ഡോറാ) എന്നിവയിൽ ഡിപ്ലോമാ നല്കുന്ന കോളേജ് ഓഫ് അലയ്ഡ് സയൻസ്, വിദേശജോലിക്ക് ആരോഗ്യ മേഖലയിലെ പ്രവർത്തകർക്ക് പരിശീലനം നല്കുന്ന ട്രെയിനിംഗ് സെന്റർ ഫോർ ഓവർസീസ് കരിയർ, മെഡിക്കൽ ആന്റ് ലൈഫ് സയൻസിൽ പി. എച്ച്. ഡി. നല്കുന്ന കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള ആദ്യത്തെ ഗവേഷണ കേന്ദ്രം, 25 സെപ്ഷ്യാലിറ്റിയും 15 സൂപ്പർ സെപ്ഷ്യാലിറ്റിയും ഉൾപ്പെടെ 40 ഡിപ്പാർട്ടുമെന്റുകളും 1200 കിടക്കകളുമുള്ള ആശുപത്രിയുമായി പുഷ്പഗിരി തിരുവല്ലായുടെ തിലകക്കുറിയും, ആരോഗ്യ മേഖലയിലെ അവഗണിക്കാനാവാത്ത കേന്ദ്രവും, ആലംബഹീനരായ ആയിരക്കണക്കിനു രോഗികളുടെ ആശാകേന്ദ്രവുമായി രൂപാന്തരപ്പെട്ടിരിക്കുന്നു. സർക്കാരിന്റെ സൗജന്യ ചികിത്സാ പദ്ധതികൾക്കു പുറമേ വർഷംതോറും പത്തു കോടിയിലധികം രൂപയുടെ സൗജന്യ ചികിത്സ സാധുക്കൾക്ക് ലഭ്യമാക്കുകയും, മൂവായിരത്തോളം കുടുംബങ്ങൾക്ക് പ്രത്യക്ഷമായും, ആറായിരത്തിലധികം കുടുംബങ്ങൾക്ക് പരോക്ഷമായും ജീവിതമാർഗ്ഗം നല്കുകയും ചെയ്യുന്ന പുഷ്പഗിരി ആശുപത്രി അനേക അഗ്നിപരീക്ഷകളിലൂടെ കടന്ന് ജനഹൃദയങ്ങളിൽ ജ്വലിച്ചു നില്കുന്ന കാഴ്ച വജ്രജൂബിലി സന്ദർഭത്തിൽ ഇരട്ടിമധുരമാണ്.

മദ്ധ്യതിരുവിതാംകൂറിലെ മനുഷ്യമനസ്സിൽ കഴിഞ്ഞ അറുപതു വർഷമായി ധ്രുവനക്ഷത്രം കണക്കേ പ്രശോഭിച്ചു നില്ക്കുന്ന നാമമാണ് പുഷ്പഗിരി. പുരാണങ്ങളിൽ നിന്നാണ് ധ്രുവനെക്കുറിച്ച് അറിഞ്ഞിട്ടുള്ളത്. അതിങ്ങനെയാണ് : ഉത്താനപാദന്റെ ഒന്നാം ഭാര്യ സുനീതി, രണ്ടാം ഭാര്യ സുരുചി. ധ്രുവൻ സുനീതിയിൽ ജനിച്ച പുത്രൻ. ധ്രുവൻ ഒരിക്കൽ അച്ഛന്റെ മടിയിൽ കയറിയിരുന്നപ്പോൾ രണ്ടാനമ്മ അവനെ ആട്ടിപ്പായിച്ചു. കാട്ടിലേക്കോടിയ ബാലൻ നാരദന്റെ ഉപദേശപ്രകാരം വിഷ്ണുവിനെ ഉപാസിച്ച് തപസ്സുചെയ്തു. ആറുമാസംകൊണ്ട് വിഷ്ണുപ്രീതി സമ്പാദിച്ച ധ്രുവൻ കല്പാന്തകാലത്തിലും നാശമില്ലാത്ത വിധത്തിൽ ജ്യോതിഷ്ചക്രത്തിനും മേൽഭാഗത്ത് പ്രശോഭിച്ചുകൊണ്ട് നില്ക്കുന്നു എന്നാണ് ഐതീഹ്യം. ആട്ടിപ്പായിക്കപ്പെട്ടവൻ ഇളക്കമില്ലാത്തവരായി വടക്കേ ദിക്കിൽ പ്രശോഭിച്ചു നില്ക്കുന്നു. അങ്ങനെ അവൻ സ്ഥിരപ്രതിഷ്ഠ നേടി. അപ്പന്റെ മടിയിൽ നിന്നും ആട്ടിപ്പായിക്കപ്പെട്ടവൻ ഒളിമങ്ങാത്തവനായി ശോഭിക്കുന്നതുപോലെയാണ് ഇന്ന് പുഷ്പഗിരി.

സത്യസഭാമാതാവിന്റെ തിരുമടിയിൽ കയറിയിരുന്ന പുണ്യശ്ലോകനായ യാക്കോബ് മാർ

തെയോഫീലോസ് മെത്രാപ്പോലീത്തായെ വിസ്മൃതിയുടെ വനാന്തരങ്ങളിലേക്ക് ആട്ടിപ്പായിക്കാമെന്നു വ്യാമോഹിച്ചവരുടെ മുൻപിൽ അദ്ദേഹം ആദ്യമായി സ്വരൂപിച്ച വാസസ്ഥലത്തെ, ധ്രുവനക്ഷത്രം കണക്കേ പ്രശോഭിക്കുവാൻ വരം നല്കിയ ദൈവതിരുമുൻപിൽ നമുക്കു നമ്രശിരസ്ക്കരാകാം.

**ചെറുപുഷ്പഗിരിയുടെ ആവിർഭാവം**

ചരിത്രപ്രസിദ്ധമായ 1930 ലെ മലങ്കര പുനരൈക്യത്തിന്റെ പ്രണേതാവ് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സഹമെത്രാപ്പോലീത്തായായിരുന്ന പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫീലോസ് പിതാവ് പുനരൈക്യാനന്തരം കുളക്കാട്ടിൽ ഒരു വാടകവീട്ടിൽ താമസിക്കുന്ന സന്ദർഭത്തിൽ പിതാവും



ബഹു. മാമ്പഴക്കരി ഗീവർഗീസ് അച്ചനും കൂടി സായംകാല സവാരിക്കായി തോലശ്ശേരി - മഞ്ഞാടി വഴിയെ നടന്നുപോകുമ്പോൾ ചേനത്തറ കോശി ആശാനെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ വീട്ടിൽ കയറി പ്രാർത്ഥിക്കുകയും ചെയ്തു. സംഭാഷണമദ്ധ്യേ ആശാന്റെ വീടിന് എതിർവശത്ത് കാടുപിടിച്ചുകിടക്കുന്ന ഭൂമി ആരുടെതാണെന്ന് അന്വേഷിച്ചു. ഏനാത്ത് അടുത്ത് കുളക്കട ചെങ്ങന്നൂർ താഴ്വള്ളി പോറ്റി മഠം വകയാണെന്നറിഞ്ഞു. അവരുടെ ബന്ധുവായ തിരുവല്ല താഴ്വള്ളി മഠത്തിലെ പോറ്റിവഴി ആലോചനകൾ നടത്തി, തനിക്ക് ഒരു ആസ്ഥാനം പണിയാൻ സ്ഥലം ആവശ്യമാണെന്നു പറഞ്ഞ് മഠവുമായി ബന്ധപ്പെട്ടപ്പോൾ ഈ സ്ഥലം വില്ക്കാൻ അവർ തയ്യാറാണെന്നറിഞ്ഞു. സെന്റിന് അഞ്ച് ബ്രിട്ടീഷ് രൂപ വിലസമ്മതിച്ച് അഡ്വാൻസും നല്കി.

പുനരൈക്യാനന്തരം ബഹു. ഗീവർഗീസ് മാമ്പഴക്കരിയച്ചനിൽനിന്ന് വിശുദ്ധ കൊച്ചുത്രേസ്യായെക്കുറിച്ച് അറിയുകയും പുനരൈക്യത്തിനുവേണ്ടി വിശുദ്ധയുടെ മദ്ധ്യസ്ഥം തേടുകയും ചെയ്തിരുന്നു അഭിവന്ദ്യ പിതാവ്. മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തിന് ഒരു വർഷം മുൻപ് ബഥനി വിട്ട് കത്തോലിക്കാസഭയിൽ ചേരുകയും, ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ താമസിക്കുകയും ചെയ്തിരുന്ന മാമ്പഴക്കരി ഗീവർഗീസച്ചൻ മലങ്കര പുനരൈക്യ സാദ്ധ്യതക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഫ്രാൻസിലെ ലിസ്യൂവിലെ കർമ്മലീത്താ മഠത്തിലേക്ക് ബഹു. മർസിലോതോസ് അച്ചനെക്കൊണ്ട് എഴുതി ആവശ്യപ്പെട്ടിരുന്നു. വി. കൊച്ചുത്രേസ്യായുടെ ജ്യേഷ്ഠസഹോദരി മദർ ആഗ്നസ് ആയിരുന്നു അന്നത്തെ മദർ സുപ്പിരിയർ. ലിസ്യൂവിലെ മഠത്തിൽ പുനരൈക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥനകളും നൊവേനയും പതിവായി നടത്തിയിരുന്നു. 1933-ൽ അഭിവന്ദ്യ തെയോഫിലോസ് പിതാവ് റോമിൽ ചെന്ന് പരിശുദ്ധ ഒൻപതാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചതിനുശേഷം ഫ്രാൻസിൽ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട ലൂർദ്ദും വി. കൊച്ചുത്രേസ്യായുടെ തീർത്ഥാടനസ്ഥലമായ ലിസ്യുവും സന്ദർശിച്ച് പ്രാർത്ഥിച്ചു. ലിസ്യൂവിലെ കർമ്മലീത്താ മഠവും അദ്ദേഹം സന്ദർശിച്ചു. അഭിവന്ദ്യ പിതാവിന്റെ അജപാലന ആവശ്യങ്ങൾ തിരിച്ചറിഞ്ഞ മദർ സുപ്പീരിയർ മദർ ആഗ്നസ് വി. കൊച്ചുത്രേസ്യായുടെ തിരുശേഷിപ്പും വിശുദ്ധയുടെ ഓർമ്മ നിലനിർത്തത്തക്ക വിധത്തിൽ എന്തെങ്കിലും ചെയ്യുവാൻ പതിനായിരം രൂപക്കു തുല്യമായ തുകയും ഉപഹാരമായി പിതാവിന് സമ്മാനിച്ചു. വിദേശ പര്യടനാനന്തരം തിരുവല്ലായിൽ തിരിച്ചെത്തിയ അഭിവന്ദ്യ പിതാവ് പ്രസ്തുത തുക നല്കി താഴ്വള്ളിപോറ്റി മഠം വക 28 ഏക്കറോളം വരുന്ന ഭൂമിയും തോലശ്ശേരി ബഥനി ആശ്രമം ഇരിക്കുന്ന അഞ്ച് ഏക്കർ ഭൂമിയും 1933 ഓഗസ്റ്റ് 8-ാം തീയതി തീറാധാരം നടത്തി വാങ്ങി. വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥം സജീവമായി അനുഭവപ്പെട്ട അഭിവന്ദ്യ പിതാവ് വിശുദ്ധ യോഹന്നാൻ ശ്ലീഹായോടൊപ്പം തിരുവല്ല രൂപതയുടെ സഹസ്വർഗ്ഗീയ മദ്ധ്യസ്ഥയായി വി. കൊച്ചുത്രേസ്യായെക്കൂടി പ്രഖ്യാപിക്കുകയും, താഴ്വള്ളി പോറ്റി മഠം വകയിൽനിന്നു വാങ്ങിയ 28 ഏക്കറോളം വരുന്ന പറമ്പിന് 'ചെറുപുഷ്പഗിരി' (Little Flower Mount) എന്ന് നാമകരണം നടത്തുകയും ചെയ്തു. പട്ടണത്തിന്റെ ബഹളങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ പ്രശാന്തമായ ചെറുപുഷ്പഗിരി കുന്നിൽ രൂപതാ ആസ്ഥാനം സ്ഥാപിക്കാൻ

1934 നവംബർ 24-ാം തീയതി പണി പൂർത്തികരിച്ച് അരമനയും ചാപ്പലും കൂദാശ ചെയ്തു. 1935-ൽ മൈനർ സെമിനാരിയും ചെറുപുഷ്പഗിരിയിലേക്ക് മാറ്റി സ്ഥാപിച്ചു. സെന്റ് ജോസഫ് പ്രസ്സും അഭിവന്ദ്യ പിതാവ് അവിടെ തുടങ്ങി.

അഭിവന്ദ്യ പിതാവ് ആഗ്രഹിച്ച് അടിസ്ഥാന ശില ആശീർവ്വദിച്ച് പ്രതിഷ്ഠിച്ച് പണി ആരംഭിച്ചു. 1934 നവംബർ 24-ാം തീയതി പണി പൂർത്തികരിച്ച് അരമനയും ചാപ്പലും കൂദാശ ചെയ്തു. 1935-ൽ മൈനർ സെമിനാരിയും ചെറുപുഷ്പഗിരിയിലേക്ക് മാറ്റി സ്ഥാപിച്ചു. സെന്റ് ജോസഫ് പ്രസ്സും അഭിവന്ദ്യ പിതാവ് അവിടെ തുടങ്ങി. പ്രസ്സിലെ ആവശ്യത്തിന് 1935-ൽ അവിടെ കുഴിച്ച കിണറാണ് ഇപ്പോഴും മെഡിക്കൽ കോളജ് ഹോസ്റ്റലിൽ ഉൾപ്പെടെ ഉപയോഗിക്കുന്ന ജലസ്രോതസ്സ്.

1952-ൽ ബഹു. ചെറിയാൻ പൗവ്വത്തിക്കുന്നേലച്ചനെ ചെറുപുഷ്പഗിരി പറമ്പിന്റെ മേൽനോട്ടത്തിനും, രോഗിയായ അഭി. തെയോഫിലോസ് പിതാവിനെ സഹായിക്കുവാനുമായി അഭിവന്ദ്യ സേവേറിയോസ് പിതാവ് നിയമിച്ചു. ഈ രണ്ട് ദൗത്യങ്ങളും അച്ചൻ ഭംഗിയായി നിർവ്വഹിച്ചു. കുടികിടപ്പുകാരെയെല്ലാം നിയമപരമായി യോഗ്യമായ നഷ്ടപരിഹാരം നല്കി ഒഴിപ്പിച്ച് വസ്തുവിൽ റബ്ബർ കൃഷി ആരംഭിച്ചു. മാർ സേവേറിയോസ് പിതാവ് സംഘടിപ്പിച്ച് നല്കിയ മുന്തിയ ഇനം റബ്ബർകുരു പാകി കിളിർപ്പിച്ചാണ് കൃഷിയുടെ തുടക്കം. പിന്നീട് കൂടുതൽ റബ്ബർകുരു സംഘടിപ്പിച്ച് കൃഷി വിപുലപ്പെടുത്തി. മുക്കാട്ടുകുന്നേൽ റബ്ബർ നഴ്സറിക്കാരാണ് റബ്ബർതൈകൾ ബഡ്ഡ് ചെയ്ത് സഹായിച്ചത്. 1958 വരെ ബഹു. പൗവ്വത്തിക്കുന്നേൽ അച്ചൻ ചെറുപുഷ്പഗിരിയിൽ സേവനം ചെയ്തു. അച്ചൻ അവിടെ നിന്നുപോകുമ്പോൾ പുഷ്പഗിരി ആശുപത്രിയുടെ പണികൾ ആരംഭിച്ചിരുന്നു. പണികളുടെ മേൽനോട്ടത്തിന് അച്ചന്റെ സഹോദരീഭർത്താവ് സർക്കാർ പൊതുമരാമത്ത് വകുപ്പിൽനിന്നും വിരമിച്ച ശ്രീ. കെ. ബി. ജോണിനെ നൂറ്റിമുപ്പതുരൂപ ശമ്പളത്തിൽ എത്തിച്ചു നല്കിയിട്ടാണ് അച്ചൻ ചെറുപുഷ്പഗിരിയോട് വിടവാങ്ങിയത്. 1959 ഫെബ്രുവരി 6 ന് നടത്തിയ നിയമനമായിരുന്നു പുഷ്പഗിരി ആശുപത്രിയുമായി ബന്ധപ്പെട്ട ശമ്പളം നല്കിയുള്ള ആദ്യ നിയമനം.

അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് പിതാവ് 1953-ൽ രൂപതാകേന്ദ്രവും, അരമനയും, മൈനർ സെമിനാരിയും തിരുവല്ലാ- കായങ്കുളം റോഡിൽ മേരിഗിരിയിലേക്ക് മാറ്റി സ്ഥാപിച്ചു. എങ്കിലും അഭിവന്ദ്യ തെയോഫിലോസ് പിതാവ് ചെറുപുഷ്പഗിരിയിൽ തന്നെ താമസം തുടർന്നു. 1956 ജൂൺ 27-ാം തീയതി അഭി. തെയോഫിലോസ് പിതാവ് കാലം ചെയ്തു. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കപ്പെട്ടു.

### വനിതാ കോളേജിനുള്ള ശ്രമം

രൂപതാ ആസ്ഥാനം മേരിഗിരിയിലേക്ക് മാറുകയും അഭിവന്ദ്യ തെയോഫിലോസ് പിതാവ് കാലംചെയ്യുകയും ചെയ്തതോടുകൂടി ചെറുപുഷ്പഗിരി അരമനയും സ്ഥലവും മറ്റ് എന്തെങ്കിലും പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സൗകര്യമായി. അഭി. സക്കറിയാസ് മാർ അത്തനാസിയോസ് പിതാവ് രൂപതാഭരണം ഏറ്റതിനെ തുടർന്ന് ഒരു വനിതാ കോളേജിനുള്ള ആലോചനകൾ ആരംഭിച്ചു. സഹായിക്കാൻ വിദേശ സന്യാസിനികൾ തയ്യാറായിരുന്നു. എന്നാൽ സ്ഥലം നാല്പത്തിഒൻപത് വർഷത്തെ പാട്ടത്തിന് അവർക്ക് കൈമാറണം. പ്രസ്തുത നിബന്ധന രൂപതയ്ക്ക് സ്വീകാര്യമല്ലാഞ്ഞതിനാൽ വിദേശ സന്യാസിനികൾ പിന്മാറി. തുടർന്ന് ബോംബയിലെ സോഫിയാ കോളേജ് അധികൃതരുമായി ബന്ധപ്പെട്ട് ആലോചനകൾ നടത്തി. അവരും ആരംഭത്തിൽ അനുകൂലമായിരുന്നെങ്കിലും അവർ ലത്തീൻ റീത്തിൽപ്പെട്ട സന്യാസിനികളായിരുന്നതിനാൽ അവർ നടത്തുന്ന സ്ഥാപനം ലത്തീൻരൂപതയുടെ കീഴിൽ ആയിരിക്കണമെന്ന് വരാപ്പുഴ മെത്രാപ്പോലീത്താ അറിയിച്ചതിനാൽ പ്രസ്തുത നീക്കവും വിജയിച്ചില്ല. ഇതിനോടകം വനിതാകോളേജ് തുടങ്ങുവാനുള്ള അനുവാദത്തിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 1950 ൽ അതിനുള്ള അനുവാദവും ലഭിച്ചു (തിരുവല്ലായിൽ രണ്ട് കോളേജുകൾക്കാണ് അന്ന് അനുവാദം ലഭിച്ചത്). എന്നാൽ ഈ സമയത്ത് സോഫിയ സിസ്റ്റേഴ്സ് പിന്മാറിയതിനാൽ തിരുവല്ല രൂപതയ്ക്ക് കോളേജ് തുടങ്ങാൻ സാധിച്ചില്ല. ഇതോടൊപ്പം സർക്കാർ അനുവാദം ലഭിച്ച കോളേജാണ് തിരുവല്ല കുറ്റപ്പുഴയിൽ സ്ഥാപിതമായ മാർതോമ്മാ കോളേജ്.

### ആശുപത്രി എന്ന ആശയം സഫലമാകുന്നു

ചെറുപുഷ്പഗിരി സ്ഥലവും കെട്ടിടങ്ങളും സമൂഹത്തിന് പ്രയോജനകരമായി എങ്ങിനെ വിനിയോഗിക്കാമെന്ന് ആലോചനകൾ തുടർന്നുകൊണ്ടിരുന്നു. 1957 ആയപ്പോ

ഴേക്കും ഒരു ആശുപത്രി എന്ന ആശയം രൂപപ്പെടുകയും രണ്ടുനിലയിൽ ഒരു കെട്ടിടം പണിയാൻ തീരുമാനിക്കുകയും ചെയ്തു. കെട്ടിടത്തിന്റെ അടിസ്ഥാനശില 1959 ഫെബ്രുവരി 19-ാം തീയതി വ്യാഴാഴ്ച ബോംബേ അതിരൂപതാദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ട് ആശീർവ്വദിച്ച് പ്രതിഷ്ഠിച്ചു. കെട്ടിടംപണി നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ 1959 ഓഗസ്റ്റ് 15-ാം തീയതി എട്ട് കിടക്കകളോടുകൂടി ചെറുപുഷ്പഗിരി അരമന കെട്ടിടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി പുഷ്പഗിരി ചികിത്സാലയം ആരംഭിച്ചു. പണിപൂർത്തിയായ ആദ്യ ഇരുനിലകെട്ടിടം മാർ സേവേറിയോസ് ബ്ലോക്ക് എന്ന പേരിൽ 1960 മാർച്ച് 13ന് ഞായറാഴ്ച മാർപ്പാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി അഭിവന്ദ്യ ജെ. ആർ. നോക്സ് കൂദാശ ചെയ്തു പ്രതിഷ്ഠിക്കുകയും, കേരളത്തിന്റെ മുഖ്യമന്ത്രി പട്ടം എ. താണുപിള്ള ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ആശുപത്രി തുടങ്ങാൻ ആലോചന ആരംഭിച്ചതുമുതൽ അനുഭവജ്ഞാനമുള്ള, പ്രഗത്ഭരായ ഡോക്ടർമാർക്കും നേഴ്സുമാർക്കുമായി അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവ് പാശ്ചാത്യ രാജ്യങ്ങളിലെ സന്യാസിനി സമൂഹങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. ബൽജിയത്തിൽ നിന്നുള്ള "Auxiliares Feminines Internationales" (International Auxiliary Sisters) ന്റെ ചുമതലയിലായിരുന്നു ആശുപത്രിയുടെ ആരംഭം. ബഹു. അലക്സാണ്ടർ പയ്യംപള്ളിലച്ചനെ ആശുപത്രിയുടെ മേൽനോട്ടക്കാരനായി അഭിവന്ദ്യ പിതാവ് നിയമിച്ചു. ബൽജിയത്തിലെ ബ്രസ്സൽസിൽ നിന്നെത്തിയ ഡോ. സി. ബോറിയ, ഡോ. സി. ബറൂഫി, സിസ്റ്റർ അലീന കത്താനി എന്നിവരായിരുന്നു തുടക്കകാലത്തെ ആതുരശുശ്രൂഷാസംഘം. തുടർന്ന് ബഥനി




സന്യാസിനിസമൂഹത്തിൽനിന്ന് ഏതാനും പേരെ അഭിവന്ദ്യ പിതാവുതന്നെ ഇന്ത്യയുടെ പല ഭാഗത്തും, വിദേശത്തും വിട്ട് നഴ്സിംഗും, ലാബറോട്ടറി കോഴ്സും, ഫാർമസി കോഴ്സും പഠിപ്പിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ സിസ്റ്റർ ജസീന്ത (നഴ്സിംഗ്, ഗുണ്ടൂർ) സിസ്റ്റർ എമിലി, സിസ്റ്റർ വിർജീനിയ (ഫാർമസി, ഗുണ്ടൂർ) സിസ്റ്റർ ബർക്ക്മൻസ്, സിസ്റ്റർ റീത്താമേരി (നഴ്സിംഗ്, ബർവാഡാ) സിസ്റ്റർ അസ്സീസ്സി (നഴ്സിംഗ്, തിരുവനന്തപുരം) സിസ്റ്റർ റോസ് മേരി (നഴ്സിംഗ്, വിജയവാഡ) സിസ്റ്റർ ലൂസി, സിസ്റ്റർ ലിയോ (നഴ്സിംഗ്, അയർലൻഡ്) സിസ്റ്റർ ജോർജിയ (നഴ്സിംഗ് കൊട്ടിയം, മംഗലാപുരം, ബാംഗളൂർ) സിസ്റ്റർ വിയാനി (നഴ്സിംഗ്, കൊട്ടിയം), സിസ്റ്റർ റെജീന, സിസ്റ്റർ തെരസിറ്റാ, സിസ്റ്റർ ഫെലിക്സ് തുടങ്ങിയവർ ആശുപത്രിയിൽ സേവനത്തിനെത്തി. ഡോ. ബോറിയ മെഡിക്കൽ സുപ്രണ്ടിന്റെയും സിസ്റ്റർ അലീന മേട്രന്റെയും, ഫെർനാൺഡേ ഓഫീസിന്റെയും ചുമതലകൾ വഹിച്ചു. ആരംഭത്തിൽ തിരുമൂലപുരം മഠത്തിൽ താമസിച്ചിരുന്ന വിദേശ സിസ്റ്റേഴ്സ് മൂന്നു മാസത്തിനുശേഷം തീപ്പനി ജംഗ്ഷനിൽ ഒരു വാടക വീട്ടിലേക്ക് താമസം മാറ്റി. ചെറുപുഷ്പഗിരി അരമനയുടെ മുകളിലത്തെ നിലയിൽ സിസ്റ്റർമാരുടെ താമസവും താഴത്തെ നിലയിൽ ഔട്ട് പേഷ്യന്റ് വാർഡും, ഡോക്ടർമാരുടെ പരിശോധനമുറികളും, ലാബും, ഫാർമസിയും എന്നിവയുമായിട്ടായിരുന്നു തുടക്കം. പുതിയ കെട്ടിടത്തിൽ A, B ബ്ലോക്കുകളിൽ മെഡിക്കൽവാർഡും ഗൈനിവാർഡും പ്രവർത്തിച്ചു. ഡ്രൈവർ വർഗീസ്സും, ചാക്കോയും പ്രാരംഭംമുതൽ ആശുപത്രി സേവനത്തിനുണ്ടായിരുന്നു. കാലാന്തരത്തിൽ സി. ലാളിത്യ, സി. ലിസ്യൂ, സി. സേവന തുടങ്ങി അനേക ബഥനി സിസ്റ്റർമാർ സേവനത്തിനെത്തി.

വിദേശികളായ ഡോക്ടർമാരോടൊപ്പം ചെങ്ങന്നൂർ പൂപ്പള്ളിൽ ഡോ. പി. വി. കോശിയും (1960) ആരംഭംമുതൽ ഫിസിഷ്യനായും സർജനായും സേവനം ചെയ്തിരുന്നു. (ഇദ്ദേഹത്തിന്റെ മകനാണ് പുഷ്പഗിരിയിലെ ഹാർട്ട് സെപ്ഷ്യലിസ്റ്റ് ഡോ. ജോർജ്ജ് കോശി). പിന്നീട് കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ ഡോ. ഡൊമിനിക്കും തിരുവല്ല സർക്കാർ ആശുപത്രിയിൽനിന്ന് അവധിയെടുത്ത് പുഷ്പഗിരിയിൽ സേവനം ചെയ്തു. 1964 കാലഘട്ടമായപ്പോഴേക്കും വിദേശിയരായ ഡോക്ടർമാർ ആശുപത്രിയിൽനിന്നും മടങ്ങിപ്പോയി. ഏതാനുംപേർ കുറേക്കാലം വാഗമണ്ണിൽ ഒരു ക്ലീനിക് നടത്തിയിരുന്നു.

ആശുപത്രി എന്ന ആശയം ഉടലെടുത്തപ്പോൾ 1958 ൽതന്നെ ഭാവിപ്രവർത്തനങ്ങൾക്കായി തിരുവല്ലാ മെഡിക്കൽ സർവ്വീസ് സെന്റർ എന്നൊരു ക്രമീകരണം ഉണ്ടാക്കിയിരുന്നു അല്മായരും സന്യസ്തരും വൈദികരും ചേർന്ന ഒരു നൈയ്യാമിക ക്രമീകരണമായിരുന്നത്. അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ സഭാവീക്ഷണം വ്യക്തമാക്കുന്ന ഒരു സംവിധാനമായിരുന്നു അത്. സെന്ററിന്റെ പ്രസിഡണ്ടും സെക്രട്ടറിയും അല്മായരായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. പ്രസിഡണ്ട് ശ്രീ. പി. ഒ. ജോണും, സെക്രട്ടറി ശ്രീ. എം. ഒ. വർഗീസ് മേളാംപറമ്പിലും. ഗവേണിംഗ് കൗൺസിൽ കൂടിയാണ് തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നതും, നിയമനങ്ങൾ നടത്തിയിരുന്നതും, സാധനസാമഗ്രികളും ഉപകരണങ്ങളും വാങ്ങിയിരുന്നതും. പ്രസ്തുത പാരമ്പര്യം ഇന്നും പുഷ്പഗിരിയിൽ തുടരുന്നു.

പുഷ്പഗിരി ആശുപത്രിയുടെ ആരംഭകാലത്ത് മേളാംപറമ്പിൽ ശ്രീ. എം. ഒ. വർഗീസിന്റെ സേവനവും നേതൃത്വവും എടുത്തു പറയേണ്ടതാണ്. ഇപ്പോഴും പുഷ്പഗിരി മെഡിക്കൽ സൊസൈറ്റിയുടെ ജനറൽ ബോഡിയിലും ഗവേണിംഗ് കൗൺസിലിലും അതിരൂപതയിലെ പ്രഗത്ഭരായ അല്മായരുടെ സാന്നിദ്ധ്യവും നേതൃത്വവുമുണ്ട്. ഗവേണിംഗ് കൗൺസിൽ വൈസ് പ്രസിഡണ്ടായി ഡോ. ഏബ്രഹാം വർഗീസ് വട്ടശ്ശേരിയും, ശ്രീ. ജേക്കബ് പുന്നൂസ് ഐ. പി. എസ്സ് എക്സിക്യൂട്ടിവ് ഡയറക്ടറും, വർഗീസ് അലക്സാണ്ടർ കല്ലറയ്ക്കൽ എക്സ്പേർട്ട് അംഗവുമായി നേതൃത്വം നല്കുന്നു.

ആരംഭകാലത്ത് സേവനത്തിനായി കടന്നുവന്ന വിദേശിയരായ സിസ്റ്റേഴ്സിന്റെയും ബഥനിയിലെ നമ്മുടെ സിസ്റ്റേഴ്സിന്റെയും ത്യാഗോജ്ജ്വലമായ സേവനമാണ് ആശുപത്രിയുടെ അടിത്തറ ഉറപ്പിച്ചത്. ആരംഭകാലത്തെ ഒരു രേഖയിൽ ഇപ്രകാരം കാണുന്നു: ഡോ. ബോറിയ MD മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, ഡോ. സി. ബറൂഫി MD ഫിസിഷ്യൻ, സിസ്റ്റർ അലീന കത്താനി നഴ്സിംഗ് സുപ്രണ്ട്, ഫെർനാൺഡേ റസിക്കോട്ട് അഡ്മിനിസ്ട്രേറ്റർ, സിസ്റ്റർ ജസിന്താ നേഴ്സ്, സിസ്റ്റർ റീത്താമേരി നേഴ്സ് ആന്റ് മിഡ്വൈഫ്, സിസ്റ്റർ ബർക്ക്മൻസ് നേഴ്സ് ആന്റ് മിഡ്വൈഫ്, സിസ്റ്റർ എമിലി കമ്പോണ്ടർ, സിസ്റ്റർ വിർജീനിയ കമ്പോണ്ടർ, സിസ്റ്റർ റെജീനാ ലാബ് അസിസ്റ്റന്റ്, സിസ്റ്റർ ജോർജിയ ഓക്സിലിയറി നേഴ്സ്, സിസ്റ്റർ ജോസഫയ്ൻ കിച്ചൺ സൂപ്രണ്ട്, ഇവർ

സിസ്റ്റർമാരോടൊപ്പം ആരംഭകാലത്ത് സേവനം ചെയ്തിരുന്ന ഏതാനും വ്യക്തികളുടെ പേരുകളും അവർക്കു നല്കിയിരുന്ന പ്രതിഫലവും ആദ്യകാലരേഖകളിൽ ദൃശ്യമാണ്.

എല്ലാവരും ശമ്പളം പറ്റാതെയാണ് സേവനം ചെയ്തിരുന്നത്. വിദേശ സിസ്റ്റർമാർ മടങ്ങിപ്പോയിക്കഴിഞ്ഞിട്ടും പുഷ്പഗിരിയിൽ രാപകലില്ലാതെ വിവിധ തസ്തികകളിൽ ജോലി ചെയ്ത ബഥനി സന്യാസിനികളുടെ പ്രാർത്ഥനയുടെയും വിയർപ്പിന്റെയും ഫലമാണ് ഇന്നത്തെ പുഷ്പഗിരി എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.

സിസ്റ്റർമാരോടൊപ്പം ആരംഭകാലത്ത് സേവനം ചെയ്തിരുന്ന ഏതാനും വ്യക്തികളുടെ പേരുകളും അവർക്കു നല്കിയിരുന്ന പ്രതിഫലവും ആദ്യകാലരേഖകളിൽ ദൃശ്യമാണ്. ആദ്യമായി പുഷ്പഗിരി സേവനത്തിനെത്തിയ ഡോ. പി. വി. കോശി എം. ബി. ബി. എസ്സ് സർജൻ 500 രൂപ, റെയ്ച്ചൽ ഫിലിപ്പ് നേഴ്സ് 70 രൂപ, സൂസമ്മ കുരിയാക്കോസ് നേഴ്സ് & മിഡ്വൈഫ് 80 രൂപ, ശോശാമ്മ വർക്കി നഴ്സ് & മിഡ്വൈഫ് 80 രൂപ, ഏലിക്കുട്ടി പി. മാത്യൂ നേഴ്സ് 70 രൂപ, റോസ വാഷർവുമൺ 45 രൂപ, വി. റ്റി. ചെറിയാൻ അറ്റൻഡർ 30 രൂപ, പോത്തൻ ഗാർഡനർ 45 രൂപ. 1959 മുതൽ ഇങ്ങനെയുള്ള ആയിരങ്ങളുടെ അദ്ധ്വാനഫലമാണ് ഇന്നത്തെ പുഷ്പഗിരി.

വിദേശിയർ പോയപ്പോൾ സിസ്റ്റർ ഡോ. സ്കൊളാസ്റ്റിക്കാ മെഡിക്കൽ സൂപ്രണ്ടും, സിസ്റ്റർ റീത്താമേരി നഴ്സിംഗ് സുപ്രണ്ടും, സിസ്റ്റർ അസ്സീസ്സി ട്യൂട്ടറുമായി ചുമതലയേറ്റു. 1964-ൽ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്നു രൂപതയിലെ അജപാലന ശുശ്രൂഷയിലേക്ക് മാറി. പകരം ബഹു. ജോർജ് വർഗീസ് പാലത്തിങ്കലച്ചൻ ചുമതലയേറ്റു. 1967-ൽ ANM (Auxiliary Nursing and midwifery) കോഴ്സും 1968-ൽ GNM (General Nursing and midwifery) കോഴ്സും ആരംഭിച്ചു. ആദ്യബാച്ചിൽ എട്ട് പേർക്കായിരുന്നു പ്രവേശനാനുവാദം ഉണ്ടായിരുന്നത്. 1968-ൽ പുതിയ ഒരു കെട്ടിടം പണിത് അതിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ എക്സ്റ്റൻഷൻ കൗണ്ടറും ഒരു തപാൽ ആഫീസും അവിടെ ആരംഭിച്ചു. പ്രസ്തുത കെട്ടിടത്തിൽ അഡ്മിനിസ്ട്രേറ്റർക്ക് താമ

സിക്കാൻ വേണ്ട മുറിയും ഉണ്ടായിരുന്നു. 1969 ഏപ്രിൽ 15 ന് ബഹു. ജോർജ് വർഗീസ് പാലത്തിങ്കലച്ചൻ ആശുപത്രി ചുമതലയിൽ നിന്ന് മാറിയതിനെതുടർന്ന് ബഹു. സൈമൺ പുളിയങ്കീഴച്ചൻ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റു. യുവഡോക്ടറായ പി. കെ ബഞ്ചമിൻ, MD പാസ്സായ ഉടൻതന്നെ കൊട്ടിയം ബെൻസിഗർ ആശുപത്രിയിൽനിന്നും പുഷ്പഗിരിയിലെത്തി ചീഫ് ഫിസിഷ്യനായി ചുമതലയേറ്റു. കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും വിരമിച്ച ഡോ. മേരി ഫിലിപ്പ് (മമ്മി) 1971–ൽ ഗൈനക്കോളജിസ്റ്റായി ചുമതലയേറ്റു. ആശുപത്രിയുടെ ഔട്ട് പേഷ്യന്റ് വിഭാഗത്തിന്റെ ഒരു ഭാഗം തിരുവല്ല ടൗണിൽ എം.സി. റോഡ് സൈഡിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത് രോഗികൾക്ക് വലിയ സഹായമായിരുന്നു. (ഇപ്പോൾ Club 7 ഇരിക്കുന്ന സ്ഥലത്തായിരുന്നു അത്). തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്ന് തൊറാസിക് സർജൻ ഡോ.ഹരിഹരഅയ്യർ പുഷ്പഗിരിയിൽ സർജനായി ചുമതലയേറ്റു. രോഗികളുടെയും പൊതുജനങ്ങളുടെയും സൗകര്യാർത്ഥം 1970–ൽ ആശുപത്രി പരിസരത്ത് ഒരു ക്യാന്റീൻ ആരംഭിച്ചു. ബഥനി സിസ്റ്റേഴ്സിനായി ആശുപത്രി വളപ്പിൽ ഒരു മഠവും ചാപ്പലും പണിതതും ഈ കാലഘട്ടത്തിലാണ്. 1972 ൽ ബഹു. സൈമൺ പുളിയങ്കീഴിലച്ചൻ അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്നു മാറുകയും, ബഹു. അലക്സാണ്ടർ പയ്യമ്പള്ളിലച്ചൻ രണ്ടാം പ്രാവശ്യം ചുമതലയേല്ക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടാം വരവ് പുഷ്പഗിരി ആശുപത്രിയുടെ സുവർണ്ണകാലമായിരുന്നു. ഗൈനക്കോളജി, ഇ. എൻ. റ്റി, ഓർത്തോപീഡിക് ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തനം തുടങ്ങി. അഞ്ച് നിലയിൽ പുതിയ ഓ.പി. വിഭാഗം തയ്യാറായതിനെ തുടർന്ന് ടൗണിലെ ഓ. പി. നിർത്തലാക്കി. ടൗണിൽനിന്ന് ആശുപത്രിയിലേക്ക് പുഞ്ചയിലൂടെ ആശുപത്രി ചെലവിൽ റോഡ് നിർമ്മിച്ച് രോഗികളുടെ യാത്രാക്ലേശം പരിഹരിച്ചു. ഈ കാലത്താണ് പുഷ്പഗിരിയുടെ വകയായിരുന്ന മുന്നേക്കർ സ്ഥലം നഗരസഭയ്ക്ക് സൗജന്യമായി നല്കിയതും അവിടെ തിരുവല്ല പബ്ലിക്ക് സ്റ്റേഡിയം രൂപപ്പെട്ടതും. 1981 –ൽ മൾട്ടി പർപ്പസ് ഹെൽത്ത് വർക്കേഴ്സ് കോഴ്സും, 1982–ൽ മെഡിക്കൽ ലബോറട്ടറി കോഴ്സും ആരംഭിച്ചു. 1995 ൽ ബഹു. സ്റ്റീഫൻ തോട്ടത്തിലച്ചനെ ആശുപത്രി ഭരണ ചുമതലകളിൽ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിലച്ചനെ സഹായിക്കാൻ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു.

ബഹു. അലക്സാണ്ടർ പയ്യമ്പള്ളിലച്ചന്റെ രണ്ടാംവരവിന്റെ കാലത്ത് പുഷ്പഗിരി ആയിരം കിടക്കകളുള്ള മൾട്ടി സെപ്ഷ്യാലിറ്റി ആശുപത്രിയായി വളർന്നു. 1996 ൽ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിലച്ചൻ സ്ഥലം മാറിയപ്പോൾ ബഹു. സ്റ്റീഫൻ തോട്ടത്തിലച്ചൻ പുഷ്പഗിരിയുടെ ഭരണ സാരഥ്യം ഏറ്റെടുത്തു. 1994 ജൂലൈ 14 ന് കല്ലിട്ട് പണി ആരംഭിച്ചിരുന്ന ആറുനില സപ്തതിബ്ലോക്ക് 1998 ഫെബ്രുവരി 20 ന് കൂദാശചെയ്തു പ്രവർത്തനസജ്ജമാക്കി. മൂന്നു വർഷത്തെ നേതൃത്വത്തിനുശേഷം ബഹു. സ്റ്റീഫൻ തോട്ടത്തിലച്ചൻ സ്ഥലം മാറിയതിനെ തുടർന്ന്, ബഹു. ഏബ്രഹാം മുളമൂട്ടിലച്ചൻ 1998 മുതൽ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റു. എന്നാൽ അദ്ദേഹത്തിന് 2001–ൽ ഹൃദയസംബന്ധമായ ശസ്ത്രക്രിയയെ തുടർന്ന് ദീർഘകാലവിശ്രമം ആവശ്യമായി വന്നതിനാൽ ആശുപത്രിയുടെ ചുമതലയിൽനിന്ന് വിടുതൽ നല്കി. 2001 മുതൽ ബഹു. ഏബ്രഹാം കാക്കനാട്ടച്ചൻ ആശുപത്രിയുടെ ചുമതലയേറ്റതിനെ തുടർന്ന് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകളും ഒരുക്കങ്ങളും തുടങ്ങി. 1992–ൽ പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി രജിസ്റ്റർ ചെയ്ത് (Reg. No. P 73/ 92) ആശുപത്രിയും നഴ്സിംഗ് സ്കൂളും, മെഡിക്കൽ ലബോറട്ടറി ടെക്നോളജി സ്കൂളും സൊസൈറ്റിയുടെ കീഴിലാക്കി. 2001–ൽതന്നെ മെഡിക്കൽ കോളേജിനും നഴ്സിംഗ് കോളേജിനുമുള്ള അപേക്ഷകൾ സമർപ്പിച്ചിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി അനുവാദം കിട്ടിയ നാല് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒന്നായിരുന്നു പുഷ്പഗിരി. (കൊച്ചി അമൃത, കോലഞ്ചേരി, കാരക്കോണം എന്നിവയായിരുന്നു മറ്റ് മൂന്ന് എണ്ണം).

**അണിയറപ്രവർത്തനങ്ങൾ**

മെഡിക്കൽ കോളേജായുള്ള മുന്നേറ്റത്തിന്റെ ചരിത്രം അല്പം വിശദമായി കാണേണ്ടതുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിന് പരിമിതമായ സർക്കാർ സ്ഥാപനങ്ങൾ മാത്രം ഉണ്ടായിരുന്ന കേരളത്തിലെ കുട്ടികൾ മെഡിസിനും നഴ്സിംഗിനും മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്കും അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഭീമമായ തലവരിപ്പണവും ഫീസും നല്കിയാണ് പ്രവേശനം നേടിയിരുന്നതെങ്കിലും താമസത്തിനും പഠനത്തിനും വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമെ അവിടെ ലഭിച്ചിരുന്നുള്ളു. വീട്ടിൽനിന്ന് മാറിയുള്ള താമസം, ഗുണമേന്മ കുറഞ്ഞ ഭക്ഷണം, വ്യത്യസ്തമായ ഭാഷ, കാലാവസ്ഥ, സംസ്കാരം

ഇവയൊക്കെ മാതാപിതാക്കളെയും വിദ്യാർത്ഥികളെയും ഒരുപോലെ അലട്ടിയിരുന്നു. ഈ പശ്ചാത്തലത്തിൽ സഭാമക്കളും അല്ലാത്തവരുമായ അനേകരുടെ ആഗ്രഹവും നിരന്തരമായ അഭ്യർത്ഥനയും, ആരോഗ്യമേഖലയിലെ പ്രവർത്തകരിൽ സഭയുടെ ധാർമ്മിക ദർശനങ്ങൾക്കനുസൃതമായ രൂപീകരണം നല്കുകയും ചെയ്യുക എന്ന ചിന്തയുമാണ് തിരുവല്ലാ അതിരൂപതാ നേതൃത്വത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലേക്ക് പ്രവേശിക്കുവാൻ പ്രേരിപ്പിച്ചത്.

2001 മാർച്ചിൽ ബഹു. എബ്രഹാം കാക്കനാട്ടച്ചൻ മുഖ്യകാര്യദർശിയായി ചുമതലയേറ്റതിനോടുകൂടിയാണ് മെഡിക്കൽ കോളജ് എന്ന ആഗ്രഹത്തിന് ചിറകുമുളച്ചു തുടങ്ങിയത്. കൃത്യമായ പഠനത്തോടും ഗൃഹപാഠത്തോടും കൂടിയായിരുന്നു ശ്രമം ആരംഭിച്ചത്. പ്ലാന്റേഷൻ കോർപ്പറേഷനിലെ വെൽഫയർ ഓഫീസറും തിരുവല്ല സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മുൻ പ്രോജക്റ്റ് ഓഫീസറുമായിരുന്ന ശ്രീ. ജോസഫ് തുണ്ടിയിലിനെയും ശ്രീ. ജോൺസൺ പൗലോസിനെയും ശ്രീ. ഏബ്രഹാം വി. അലക്സിനെയും പ്രോജക്റ്റ് റിപ്പോർട്ടു തയ്യാറാക്കാൻ ചുമതലപ്പെടുത്തി. ഇതിനോടകം സംസ്ഥാന സർക്കാരിൽ നിന്ന് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും (Order No. 24039/S3/ HFWD dated 23. 08. 2001) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് എൻ. ഓ. സി യും (Letter No. AcA1/1/1762/01 dated 28. 08. 2001) ലഭിച്ചതനുസരിച്ച് മെഡിക്കൽ കോളേജ് തുടങ്ങാനുള്ള അപേക്ഷയും പ്രോജക്ട് റിപ്പോർട്ടുംകൂടി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് സമർപ്പിച്ചു. മെഡിക്കൽ കൗൺസിലിന് സ്വാശ്രയ മേഖലയിൽനിന്ന് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ശാസ്ത്രീയവും വിശദവുമായ അപേക്ഷയും പ്രോജക്ട് പ്രൊപ്പോസലും പുഷ്പഗിരി മെഡിക്കൽ സൊസൈറ്റിയുടേതായിരുന്നു എന്ന് ആ കാലത്ത് ഡൽഹിയിൽ ശുശ്രൂഷ ചെയ്തിരുന്ന ഞാൻ മനസ്സിലാക്കിയിരുന്നു.

അനുവാദം ലഭിക്കും എന്നുള്ള പ്രതീക്ഷയിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ആരംഭിച്ചിരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽനിന്നു വിരമിച്ച പ്രിൻസിപ്പാൾ ഡോക്ടർ ജോർജ് പോളിനെ, ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പാൾ ആയി നിയമിക്കുകയും, 2001 ഒക്ടോബർ 16 ന് ചുമതലയെടുത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കോട്ടയം സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷനിൽനിന്നു വിരമിച്ച ഡോക്ടർ ഇട്ടി സോമനെ അനാറ്റമി വകുപ്പിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ 2001 നവംബർ 1 മുതൽ നിയമിച്ചു. ഡോക്ടർ അന്നമ്മ പോൾ (അനാറ്റമി) ഡോക്ടർ തോമസ് ജോർജ്ജ് (ബയോകെമസ്ട്രി) ഡോക്ടർ മേരി വിൻസന്റ് (ഫിസിയോളജി) എന്നിവരെ വകുപ്പ് തലവന്മാരായി 2001 നവംബർ തുടക്കം മുതൽ നിയമിച്ചതും അവശ്യം വേണ്ട മറ്റ് ഉദ്യോഗസ്ഥരെ നിയമിച്ചതും ഒരുക്കങ്ങൾ ധൃതഗതിയിലാക്കി. മെഡിക്കൽ കൗൺസിൽ 2001 നവംബർ 26, 27 തീയതികളിൽ ആദ്യ പരിശോധനയും, 2002 ഏപ്രിൽ 13, 14 തീയതികളിൽ രണ്ടാം ഘട്ടപരിശോധനയും നടത്തിയതിന്റെ ഫലമായി കേന്ദ്ര സർക്കാരിൽ നിന്നുള്ള അനുവാദം 2002 മെയ് 24 ന് ലഭിച്ചു (Order No. U 12012/ 49/ 2001 - ME (P II)). അടുത്തപടിയായി ഏഴ് കോടി രൂപ ബാങ്ക് ഗ്യാരന്റി കാണിച്ചുകൊണ്ട് മെഡിക്കൽ കൗൺസിലിന്റെ അവസാന പരിശോധന നടത്തി മെഡിക്കൽ കോളേജ് തുടങ്ങാനുള്ള അനുവാദത്തിനായി മെഡിക്കൽ കൗൺസിലിന് അപേക്ഷ നല്കി. 2002 ഓഗസ്റ്റ് ആദ്യപകുതിയിൽ അവർ പരിശോധന നടത്തി മെഡിക്കൽ കോളേജ് തുടങ്ങുവാൻ അനുവാദം നല്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്രസർക്കാർ 2002 സെപ്റ്റംബർ 18 ന് അനുവാദപത്രം നല്കി (Order No. U 12012/ 49/ 2001 - ME (P II)). നൂറ് വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കാൻ കേരള സർക്കാരും അനുമതി നല്കി. (G. O. No. 2481 / 2002 FWD dated 11. 10. 2002).

2002 ഡിസംബർ 2-ാം തീയതി പ്രിൻസിപ്പാൾ ഡോക്ടർ ജോർജ് പോളിന്റെ ആകസ്മിക നിര്യാണം പ്രഥമ ബാച്ചിന്റെ ക്ലാസ്സുകൾ തുടങ്ങുവാൻ താമസം വരുത്തി. 2003 ജനുവരി 16 ന് ഡോക്ടർ രാജൻ മാഞ്ഞൂരാൻ പ്രിൻസിപ്പാൾ ആയി ചുമതലയേല്ക്കുന്നതു



വരെ ഡോക്ടർ അന്നമ്മ പോൾ പ്രിൻസിപ്പാളിന്റെ ചുമതല വഹിച്ചു. ചിരകാലാഭിലാഷം പൂവണിഞ്ഞുകൊണ്ട് 2002 ഡിസംബർ 10-ാം തീയതി സപ്തതി ബ്ലോക്കിന്റെ മുകളിലത്തെ നിലയിൽ ക്ലാസ്സുകൾ ആരംഭിച്ചു. രണ്ടാം ബാച്ച് തുടങ്ങാനുള്ള അനുവാദം 2003 ജൂലൈ 10 നും, മൂന്നാം ബാച്ച് തുടങ്ങാനുള്ള അനുവാദം 2004 ജൂൺ 24 നും, നാലാം ബാച്ചിനുള്ള അനുവാദം 2005 ജൂലൈ 1 നും, അഞ്ചാം ബാച്ചിനുള്ള അനുവാദം 2006 ജൂൺ 21 നും, ആറാം ബാച്ചിനുള്ള അനുവാദം 2007 ജൂലൈ 24നും, സ്ഥിര അംഗീകാരം 2008 ജൂൺ 24 നും ലഭിച്ചു. 2006 ഫെബ്രുവരിയിൽ ഹാർട്ട് ഇൻസ്റ്റിട്യൂട്ട് തുടങ്ങിയപ്പോൾ പ്രിൻസിപ്പാൾ ഡോക്ടർ രാജൻ മാഞ്ഞൂരാൻ അതിന്റെ ഡയറക്ടറായി നിയമിതനായതിനെതുടർന്ന്, 2006 ഫെബ്രുവരി 16 മുതൽ ഡോക്ടർ ഏബ്രഹാം ജോസ് പ്രിൻസിപ്പാളായി ചുമതലയേറ്റു. 2002 ഏപ്രിൽ ഒന്നിന് ഡോ. ഏബ്രഹാം ജോസിനെ ഡീനായും ഡോ. എം. ഒ. അന്നമ്മയെ പ്രിൻസിപ്പാൾ ആയും നിയമിച്ചു. പ്രഥമ ബാച്ചിന്റെ പഠനവും പരിശീലനവും 2009 മെയ് 15 ന് വിജയകരമായി പൂർത്തിയായി. ബിരുദദാനച്ചടങ്ങ് 2009 മെയ് 14 ന് സാഘോഷം നടത്തി. 2011 ഓഗസ്റ്റ് ഒന്നു മുതൽ ഒരു മാസക്കാലം ഡോക്ടർ A. S. മാത്യു പ്രിൻസിപ്പാൾ ഇൻ ചാർജ്ജായി പ്രവർത്തിച്ചു. 2011 സെപ്റ്റംബർ 15 മുതൽ 2012 സെപ്റ്റംബർ മൂന്ന് വരെ ഡോക്ടർ ജോൺ എബ്രഹാം പ്രിൻസിപ്പാളായിരുന്നു. 2012 സെപ്റ്റംബർ അഞ്ച് മുതൽ ഡോക്ടർ T. P. തങ്കപ്പൻ പ്രിൻസിപ്പാളായി സേവനം ചെയ്യുന്നു.

നഴ്സിംഗ് കോളേജ് 2002-ൽ പ്രവർത്തനം ആരംഭിച്ചു. പ്രഥമ പ്രിൻസിപ്പാൾ പ്രൊഫ. ബെറ്റി തോമസ് 2002 മുതൽ 2007 വരെയും, പ്രൊഫ. ബീനാ ബാസൻ 2007 മേയ് മുതൽ 2015 ഓഗസ്റ്റ് വരെയും, പ്രൊഫ. ഷീബാ സൂസൻ ചാണ്ടി 2015 സെപ്റ്റംബർ മുതൽ 2016 സെപ്റ്റംബർ വരെയും, ഡോക്ടർ രേണു ജി 2016 സെപ്റ്റംബർ മുതൽ 2019 ജൂൺ വരെയും നഴ്സിംഗ് കോളേജിനെ വളർത്തി. ഇപ്പോൾ പ്രൊഫ. സിസ്റ്റർ തെരേസ് എസ്. ഐ. സി 2019 ജൂൺ മുതൽ പ്രിൻസിപ്പാളായി സേവനം ചെയ്യുന്നു.

2003-ൽ സപ്തതി ബ്ലോക്കിന് ഒരു എക്സ്റ്റൻഷൻ കൂടി പണിയിച്ച് C.E.O യുടെ ഓഫീസ് അവിടേക്ക് മാറ്റി. ഏതാനും V.I.P മുറികളും അവിടെ തയ്യാറാക്കിയിരുന്നു. പുഷ്പഗിരി സെന്റർ ഫോർ ഓവർസീസ് കരിയർ 2003 ലും, പുഷ്പഗിരി ഫാർമസി കോളജ് 2004 ലും ആരംഭിച്ചു. പ്രഥമ പ്രിൻസിപ്പാൾ പ്രൊഫ. ഡോക്ടർ സന്തോഷ് എം. മാത്യൂസ് 2011 മാർച്ച് 24 വരെയും, ഡോക്ടർ N. A. ഏലിക്കുട്ടി 2011 മാർച്ച് 24 മുതൽ 2012 ജൂൺ 30 വരെയും, പ്രൊഫ. ഡോക്ടർ മാത്യു ജോർജ്ജ് 2012 ജൂലൈ ഒന്നു മുതൽ 2019 ജൂൺ 2 വരെയും ഫാർമസി കോളജിനെ നയിച്ചു. 2019 ജൂൺ മൂന്ന് മുതൽ പ്രഥമ പ്രിൻസിപ്പാളായിരുന്ന പ്രൊഫ. ഡോക്ടർ സന്തോഷ് എം. മാത്യൂസ് സ്ഥാപനത്തെ നയിക്കുന്നു. ആൺകുട്ടികൾക്കായി സെന്റ് ജോസഫ്സ് ഹോസ്റ്റലും പെൺകുട്ടികൾക്കായി സെന്റ് മേരീസ് ലേഡീസ് ഹോസ്റ്റലും 2004 ൽ പണിപൂർത്തിയാക്കി ഉപയോഗിച്ചുതുടങ്ങി. ആശുപത്രി വളപ്പിലുണ്ടായിരുന്ന ബഥനിമഠവും ചാപ്പലും പൊളിച്ച് മാറ്റിയിട്ട് 2005-ൽ അവിടെ സെന്റ് തെരേസാസ് ചാപ്പലും, ആശുപത്രി സ്ഥാപകൻ അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മക്കായി സെനറ്റ്ഹാളും നിർമ്മിച്ചു. ബഥനി സിസ്റ്റേഴ്സിന് ഹോസ്റ്റലുകളിൽ താമസം ക്രമീകരിച്ചു. 2006 ൽ ജൂണിയർ ഡോക്ടർമാർക്കുള്ള ഹോസ്റ്റലും, സീനിയർ ഡോക്ടർമാർക്കായി ഒൻപത് നിലയിൽ ഫാമിലിഫ്ളാറ്റും, സെന്റ് ആൻസ് ഹോസ്റ്റലും നിർമ്മാണം പൂർത്തിയായി. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആദ്യ പ്രാരംഭ സുന്നഹദോസ്, സീനിയർ ഡോക്ടർമാർക്കുള്ള ഫ്ളാറ്റ് സമുച്ചയത്തിലാണ് നടന്നത് എന്നത് ചരിത്രത്തിലെ ഒരു നിയോഗമായിരുന്നു. ആൺകുട്ടികൾക്കുള്ള മൂന്നാമത്തെ ഹോസ്റ്റൽ പോപ്പ് ജോൺപോൾ II ഹോസ്റ്റൽ 2007 ൽ പ്രവർത്തനസജ്ജമായി. 2009-ൽ സെന്റ് മാർത്താസ് ഹോസ്റ്റലിന്റെ മൂന്നാം നില പൂർത്തിയായി പെൺകുട്ടികൾ താമസമാരംഭിച്ചു.

ബി. എസ്സി. സി. നേഴ്സിംഗിന്റെ പ്രഥമ ബാച്ച് 2008 ലും, എം. ബി. ബി. എസ്സി ന്റെ പ്രഥമ ബാച്ച് 2009-ലും പഠനം കഴിഞ്ഞ് പുറത്തിറങ്ങി. നഴ്സിംഗ് കോളേജിൽ ആൺകുട്ടികൾക്ക് പ്രവേശനം അനുവദിച്ചതിനെ തുടർന്ന് പുഷ്പഗിരി കോമ്പൗണ്ടിന്റെ തെക്കേ അതിരിനോടടുത്ത് സ്ഥലം വാങ്ങി ആൺകുട്ടികൾക്കായി ഹോസ്റ്റൽ പണിയിച്ചു. എന്നാൽ പിന്നീട് വിദ്യാർത്ഥികൾ അവിടെ നിന്നും താമസം സഹൃദയ ഹോസ്റ്റലിലേക്ക് മാറി. പിന്നീട് പുതുതായി വരുന്ന ബൈപാസ്സിനോടടുത്ത് കളിസ്ഥലവും, ഡോക്ടർമാർക്കായി പുതിയ ഒരു ഫ്ളാറ്റും, എം. എസ്സി. നേഴ്സിംഗ് വിദ്യാർത്ഥികൾക്കായി പുതിയ ഹോസ്റ്റലിനായി മൂന്ന് നിലയും

ഫാർമസികോളേജിനും ഡന്റൽ കോളേജിനുമായി രണ്ട് ബഹുനില കെട്ടിട സമുച്ചയങ്ങളും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഹോസ്റ്റലുകളും, സൗജന്യ ദന്തൽ ക്ലീനിക്കും പ്രവർത്തനം തുടങ്ങി.

പണിതു. CGFNS, IELTS, NCLEX, RN, MOH, HAAD, DHA, PROMETRIC, OET തുടങ്ങിയ കോഴ്സുകളും പുഷ്പഗിരിയോടനുബന്ധിച്ച് ഈ കാലയളവിൽ ആരംഭിച്ചു.

2004 നോടുകൂടി നൂറ് ഏക്കറോളം സ്ഥലം പെരുന്തുരുത്തിയിൽ വാങ്ങി 'പുഷ്പഗിരി മെഡിസിറ്റി'എന്ന പേരിൽ വികസിപ്പിച്ച സ്ഥലത്ത് 2004-ൽ ഫാർമസികോളേജും, 2006-ൽ ഡന്റൽ കോളേജും ആരംഭിച്ചു. ഫാർമസികോളേജിനും ഡന്റൽ കോളേജിനുമായി രണ്ട് ബഹുനില കെട്ടിട സമുച്ചയങ്ങളും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഹോസ്റ്റലുകളും, സൗജന്യ ദന്തൽ ക്ലീനിക്കും പ്രവർത്തനം തുടങ്ങി. ഡന്റൽ കോളജിൽ ബി. ഡി. എസ്, എം. ഡി. എസ് കോഴ്സുകളും ഫാർമസി കോളേജിൽ ബി.ഫാം, എം.ഫാം, ഫാം ഡി എന്നീ കോഴ്സുകളും നടത്തുന്നു. ഡന്റൽ കോളേജിന്റെ പ്രിൻസിപ്പാൾമാരായി ഡോ. ഉമ്മൻ അജു ജേക്കബ് (2005-2012), ഡോ. എബി മാത്യു. റ്റി (2012-2017) എന്നിവർ സ്ഥാപനത്തെ നയിച്ചു. ഇപ്പോൾ ഡോ. കെ. ജോർജ്ജ് വർഗീസ് 2017 മുതൽ നയിക്കുന്നു.

പുഷ്പഗിരി മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പിന്നിലെ ശക്തിയായിരുന്ന ബഹു. ഏബ്രഹാം കാക്കനാട്ടച്ചൻ 2007-ൽ പുഷ്പഗിരി സ്ഥാപനങ്ങളുടെ സി. ഈ. ഒ. സ്ഥാനത്തുനിന്ന് വിരമിച്ചു. തുടർന്ന് അദ്ദേഹം മൂവാറ്റുപുഴ രൂപതയുടെ മെത്രാപ്പോലീത്തായായി അഭിഷിക്തനായി.

ഭീമമായ സാമ്പത്തിക ബാദ്ധ്യതയോടുകൂടിയാണ് 2007 മെയ് 25 മുതൽ ബഹു. തോമസ് കൊടിനാട്ടുകുന്നേലച്ചൻ സി. ഇ. ഒ. ആയി ചുമതലയേറ്റതെങ്കിലും അദ്ദേഹത്തിന്റെ കാലത്താണ് പല ഡിപ്പാർട്ടുമെന്റിലും പി. ജി. കോഴ്സുകൾക്കുള്ള അനുവാദം ലഭിക്കുന്നത്. 2008 ജൂൺ 24 ന് കേന്ദ്രസർക്കാരിന്റെ സമ്പൂർണ്ണ അംഗീകാരം മെഡിക്കൽ കോളേജിന് ലഭിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് ചിരകാലാഭിലാഷമായിരുന്ന MRI സ്കാൻ സൗകര്യം ക്രമീകരിക്കുന്നതും, പാവപ്പെട്ട രോഗികൾക്ക് സൗജന്യ നിരക്കിൽ സ്കാനിംഗിനുള്ള സൗകര്യം ലഭ്യമാക്കിയതും. നേഴ്സിംഗ് കോളേജിനുവേണ്ടി പുതിയ കെട്ടിടംപണി അദ്ദേഹം ആരംഭിച്ചു. 2011 ഏപ്രിൽ 7-ന് അദ്ദേഹം ചുമതലയൊഴിയുകയും, ബഹു. ഏബ്രഹാം മുളമൂട്ടില ച്ചൻ പത്ത് വർഷത്തെ ഇടവേളയ്ക്കുശേഷം രണ്ടാം പ്രാവശ്യം സി. ഇ. ഒ യായി ചുമതലയേല്ക്കുകയും ചെയ്തു. ചെറുപുഷ്പഗിരി അരമന കെട്ടിടം നവീകരിച്ച് പുഷ്പഗിരി മെഡിക്കൽ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് ഓഫീസാക്കിയത് ഈ കാലത്താണ്. 2012 മാർച്ച് ഒന്ന് മുതൽ ബഹു. സാമുവേൽ വാഴയിൽ (ഷാജി മാത്യു) അച്ചൻ സി. ഇ. ഒ. ആയി ചുമതലയേറ്റു. 2018 ഫെബ്രുവരി ഒന്ന് മുതൽ ബഹു. ജോസ് കല്ലുമാലിക്കൽ അച്ചൻ സി. ഇ. ഒ. ആയും, 2017 ഡിസംബർ മുതൽ റിട്ടയേഡ് ഡി. ജി. പി. ശ്രീ. ജേക്കബ് പുന്നൂസ് I. P. S എക്സിക്യൂട്ടീവ് ഡയറക്ടറായും പുഷ്പഗിരി സ്ഥാപനങ്ങളെ നയിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ അത്യന്താധുനിക ചികിത്സ സാധാരണക്കാർക്ക് താങ്ങാവുന്ന നിരക്കിൽ എത്തിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനുതകുന്ന വിവിധ പദ്ധതികളുമായി ആശുപത്രി അനുദിനം മുന്നേറുന്നു. മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓരോ വർഷവും ഭീമമായ ഫീസ് ആനുകൂല്യം നല്കുന്നതിനു പുറമേ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് സൗജന്യ നിരക്കിൽ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു.

**ഒരല്പം കണക്ക്**

അമ്മമാർക്കും കുട്ടികൾക്കുംവേണ്ടി 1959 ഓഗസ്റ്റ് 15 ന് ആരംഭിച്ച പുഷ്പഗിരി ആശുപത്രിയിലെ ആദ്യ ശിശുജനനം പതിമൂന്നു ദിവസങ്ങൾക്കുശേഷം 1959 ഓഗസ്റ്റ് 28-ാം തീയതി (ഏലിയാമ്മ)യായിരുന്നു. അന്നു മുതൽ 2019 ജനുവരി 31 വരെ 73906 കുട്ടികൾ ഇവിടെ പിറന്നിട്ടുണ്ട്. പുഷ്പഗിരി ആശുപത്രിയിൽ ചികിത്സതേടി എത്തുന്നവരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത് 2018 വർഷത്തിൽ 3,15,190 രോഗികൾ ചികിത്സ തേടിയപ്പോൾ, 2019 ജനുവരി മുതൽ നവംബർ വരെ 3,03302 പേർ ചികിത്സതേടി. എമർജൻസി വിഭാഗത്തിൽ എത്തി ചികിത്സ നടത്തിപ്പോയവരുടെ എണ്ണം 2018- ൽ 48,605 ഉം, 2019 നവംബർ വരെ 49,812 ഉം ആയിരുന്നു. ആശുപത്രിയിൽ കിടന്ന് ചികിത്സതേടിയവർ 2018- ൽ 32411 ഉം, 2019 നവംബർ വരെ 32289 ഉം ആണ്. ശസ്ത്രക്രിയകളുടെ കണക്ക്

2018-ൽ 14871 ഉം, 2019 നവംബർ വരെ 16779 ഉം ആണ്.

**സാമൂഹ്യപ്രതിബദ്ധതയുടെ ഏതാനും അടയാളങ്ങൾ**

പുഷ്പഗിരിയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അനേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വാർഡിൽ കിടന്നു ചികിത്സ തേടുന്നവർക്കും കൂട്ടിരുപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നല്കുന്ന മദർ തെരേസാ ഉച്ചഭക്ഷണപദ്ധതി വർഷങ്ങളായി സാധുക്കളായ രോഗികളുടെ ആശ്രയമാണ്. ആശുപത്രിയിലെ ജോലിക്കാരും ആശ്രിതരുമായ 1069 രോഗികൾക്ക് 2018 മാർച്ച് മുതൽ 2019 നവംബർ വരെ 1,05,81,356 രൂപയുടെ സൗജന്യം നല്കുകയുണ്ടായി. സാധുക്കളായ രോഗികളെ ഉദ്ദേശിച്ചുള്ള 'പ്രിവിലേജ് കാർഡ് പദ്ധതിപ്രകാരം 2018 മാർച്ച് മുതൽ 2019 നവംബർവരെ 6,523 രോഗികൾക്ക് 9,92,04,235 രൂപയുടെ സൗജന്യം നല്കുകയുണ്ടായി. ഡീപ്പ് ഡിസ്കൗണ്ട്' പദ്ധതിപ്രകാരം 2019 ഫെബ്രുവരി മുതൽ നവംബർ വരെ 368 രോഗികൾക്ക് 41,74,210 രൂപയുടെ സൗജന്യചികിത്സ ലഭ്യമാക്കി. 'ഗുഡ്‌വിൽ കാർഡ്' പദ്ധതിപ്രകാരം 2019 ഫെബ്രുവരി മുതൽ നവംബർവരെ 11 രോഗികൾക്ക് 98,174 രൂപയുടെ ചികിത്സാ സൗജന്യം ലഭ്യമാക്കി. 'പെൻഷനേഴ്സ് മെഡിക്കൽ ട്രീറ്റ്മെന്റ് സ്കീംപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും കേരളസർക്കാരിൽ നിന്നും വിരമിച്ചവർക്ക് സർക്കാർ നിരക്കിൽ ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നു. 2019 ഏപ്രിൽ തുടങ്ങിയ ഈ പദ്ധതിപ്രകാരം നവംബർ വരെ 33 പേർക്ക് 10,64,860 രൂപയുടെ ആനുകൂല്യം ലഭ്യമാക്കി. മേൽകാണിച്ച വിവിധ പദ്ധതികളിലൂടെമാത്രം ആശുപത്രി സ്വന്തം നിലയിൽ 11,51,22,832 രൂപയുടെ ചികിത്സാ സൗജന്യം ലഭ്യമാക്കുകയുണ്ടായി. ഇതിനുപുറമെ 2018 ഏപ്രിൽ മുതൽ 2019 നവംബർ വരെ മാത്രം സർക്കാരിന്റെ ECHS, ESI, ISRO, RSBY, KSP തുടങ്ങിയ പദ്ധതികളുമായി സഹകരിച്ച് ഏറെ സാമ്പത്തിക ഭാരത്തിന്റെ മദ്ധ്യേയും, 54481 രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുകയുണ്ടായി. ഇതേ കാലയളവിൽ വിവിധ ഇൻഷുറൻസ് പദ്ധതികളോട് സഹകരിച്ച് 22040 രോഗികൾക്കും ചികിത്സ ലഭ്യമാക്കി.

**സമാപ്തി**

പുഷ്പഗിരി കുടക്കീഴിൽ അരഡസ്സനിലധികം അതിപ്രശസ്തമായ സ്ഥാപനങ്ങൾ. അത്യന്താധുനിക ചികിത്സാ സംവിധാനങ്ങളുള്ള മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, ഇരുപത്തിഅഞ്ച് സെപ്ഷ്യാലിറ്റികളും 15 സൂപ്പർ സ്പെഷ്യാലിറ്റികളുമായി നാല്പത് ഡിപ്പാർട്ടുമെന്റുകൾ. 1200 കിടക്കകൾ, 430 ഡോക്ടർമാരുടെ സേവനം, 1000 ലധികം നഴ്സുമാർ, 1800-ൽ അധികം മറ്റ് വിവിധ ഉദ്യോഗസ്ഥർ, പ്രദേശത്തെ ഏറ്റവും വലിയ തൊഴിൽ പരിശീലകയും തൊഴിൽദായകയും. സ്വാശ്രയമേഖലയിൽ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രഥമപരിഗണനയിലുള്ള മെഡിക്കൽ കോളേജ്, 600 ബിരുദ വിദ്യാർത്ഥികൾ, സ്വാശ്രയമേഖലയിൽ കേരളത്തിൽ ഏറ്റവും അധികം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും ഡോക്ടറേറ്റു ചെയ്യുന്നവരും പരിശീലിക്കുന്ന മെഡിക്കൽ കോളേജ്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽനിന്നു വിരമിക്കുന്ന വകുപ്പു തലവന്മാരും പ്രൊഫസർമാരുമായി ഏറ്റവും പ്രഗത്ഭരായ അദ്ധ്യാപകർ സേവനം ചെയ്യുന്ന മെഡിക്കൽ കോളേജ്, സ്വാശ്രയ മെഡിക്കൽ മേഖലയിൽ കേരളത്തിലെ ആദ്യത്തെ ഗവേഷണകേന്ദ്രം. ബിരുദബിരുദാനന്തര ഗവേഷണ ബിരുദങ്ങൾ നല്കുന്ന ഡന്റൽ കോളേജ്, ഫാർമസി കോളേജ്, നാഴ്സിംഗ് കോളേജ്, വൈദ്യശാസ്ത്ര അനുബന്ധ തൊഴിൽപരിശീലന സ്ഥാപനം, വിദേശ ജോലിക്ക് മെഡിക്കൽ മേഖലയില തൊഴിലന്വേഷകരെ പരിശീലിപ്പിക്കുന്ന സ്ഥാപനം. അങ്ങനെ പുഷ്പഗിരി ഇന്ന് ഒരു മഹാപ്രസ്ഥാനമായി നാടിന് സേവനം ചെയ്യുന്നു. സാധുക്കളായവർക്കുവേണ്ടി വർഷങ്ങളായി പിൻതുടരുന്ന വിവിധ സൗജന്യ ചികിത്സാപദ്ധതികൾക്കു പുറമെ വജ്രജൂബിലി വർഷത്തിൽ അരഡസ്സൻ പദ്ധതികളിലായി ആറ് ഹൃദയ ശസ്ത്രക്രിയകൾ, ആൻജിയോപ്ലാസ്റ്ററി ഉൾപ്പെടെ 60 മേജർ ശസ്ത്രക്രിയകൾ, അറുനൂറ് ഡയാലിസിസ്, MRI, C. T, Mammogram, ECG, X-Ray വിഭാഗങ്ങളിൽ 6000 രോഗനിർണ്ണയ പരിശോധനകൾ, 60,000 മറ്റ് ലാബ് പരിശോധനകൾ എന്നിവ പരിപൂർണ്ണമായി സൗജന്യമായി നടത്തുന്ന പദ്ധതി പൊതുസമൂഹത്തിന് സമർപ്പിച്ചുകൊണ്ട് പുഷ്പഗിരി അവളുടെ സ്ഥാപക ദൗത്യം കൂടുതൽ സമർപ്പണത്തോടെ തുടരുന്നു. ■

# മദ്ധ്യതിരുവിതാംകൂറിന്റെ സ്പന്ദനമായി വളർന്ന പുഷ്പഗിരി മെഡിക്കൽ കോളജ്



**റവ. ഫാ. ജോസ് കല്ലുമാലിക്കൽ**
സി.ഇ.ഒ., പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്

**ആമുഖം**

ചെറുപുഷ്പമെന്ന അപരനാമത്തിൽ പ്രകീർത്തിതമായ ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യയുടെ മദ്ധ്യസ്ഥതയിൽ ക്രൈസ്തവ സഭകളുടെ പുനരേകീകരണത്തിനും, തനിക്ക് സ്വന്തമായി ഒരു വാസസ്ഥലം തിരുവല്ലയിൽ ലഭിക്കുന്നതിനുംവേണ്ടി സർവ്വേശസമക്ഷം ഋഷിതുല്യനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി പ്രാർത്ഥിച്ച് സാക്ഷാത്കൃതമായത് 1934 ൽ. തിരുവല്ലയുടെ തിലകക്കുറിയായി വർത്തിക്കുന്ന പുഷ്പഗിരി മെഡിക്കൽ കോളജ് കോംപ്ലക്സിനെ ചെറുപുഷ്പഗിരി (Little Flower Mount) എന്ന് നാമകരണം നടത്തി 1933 ൽ സംജാതമായ തിരുവല്ല മലങ്കര കത്തോലിക്കാ രൂപതയുടെയും വൈദികപരിശീലന കേന്ദ്രത്തിന്റെയും ആസ്ഥാനമാക്കി. രൂപതാഭരണകേന്ദ്രം ഇപ്പോഴത്തെ മേരിഗിരിയിലേക്ക് മാറ്റിയതുമുതൽ ചെറുപുഷ്പഗിരിയിൽ ഒരു ഉന്നത കലാലയം സ്ഥാപിക്കണമെന്ന മാർ സേവേറിയോസ് തിരുമേനിയുടെ ആഗ്രഹം ഒരു ആതുരാലയദർശനത്തിന് വഴിമാറി. എട്ടുകിടക്കകളോടുകൂടി എളിയ രീതിയിൽ 1959 ആഗസ്റ്റ് 15 നാരംഭം കുറിച്ച ആ ആതുരാലയമാണ് മഹാമേരുവായി വളർന്ന് പുഷ്പഗിരി മെഡിക്കൽകോളേജും അനുബന്ധ സ്ഥാപനങ്ങളുമായി, തിരുവല്ല നഗരത്തിന്റെയും മദ്ധ്യതിരുവിതാംകൂറിന്റെയും തിലകക്കുറിയെന്നോണം ദീപ്തമായ പ്രശോഭിക്കുന്ന ആതുരാലയവും ആതുരവിദ്യാഭ്യാസകേന്ദ്രവുമായി മാറിയത്. ദശകങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെയും തപസ്യയുടെയും സമർപ്പണ ശുശ്രൂഷയുടെയും ഫലമായി വളർന്ന സ്ഥാപനം – An Institution of Excellence ആയി മാറിയ ചരിത്രമാണ് പുഷ്പഗിരിയുടേത്. സ്ഥാപനം ഇന്ന് വജ്രജൂബിലി ആഘോഷങ്ങളുടെ നിറശോഭയിൽ തിളങ്ങുന്നു.

**ആരോഗ്യമുള്ള മനസ്സിനാവശ്യം ആരോഗ്യമുള്ള ശരീരം**

രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യമെന്നു പഠിപ്പിച്ച സൗഖ്യദായകനായ യേശുവും, സജീവനായ മനുഷ്യനത്രേ ജീവിക്കുന്ന ദൈവത്തിന്റെ മഹത്വമെന്നു പഠിപ്പിച്ച സഭാപിതാവായ ഐറേനിയസും ഊന്നിപ്പറയുന്നത് ആരോഗ്യത്തിന്റെ ആവശ്യകതയാണ്. വിളക്കേന്തിയ വനിതയെന്ന് അപരനാമമുള്ള, നഴ്സിംഗ് സ്കൂൾ സ്ഥാപകയായ ഫ്ളോറൻസ് നൈറ്റിംഗേൽ ലോകത്തെ പഠിപ്പിച്ചതാകട്ടെ, ഊണും ഉറക്കവും ഉപേക്ഷിച്ചും രോഗീപരിചരണത്തിലേർപ്പെടണമെന്നും, രോഗീപരിചരണം ഒരു കലയും സ്നേഹശുശ്രൂഷയുമാണെന്നുമാണ്. അത് ദൈവാരാധനയുടെ ഭാഗമാണ്. നിന്നെപ്പോലെ അയൽക്കാരനെ സ്നേഹിക്കുവിൻ എന്ന ദൈവകല്പനയാണ് അതിന്റെ അടിസ്ഥാനവും ആധാരവും.

**സമർപ്പണ ശുശ്രൂഷയുടെ ജൈത്രയാത്ര**

1959 ആഗസ്റ്റ് 15 ന് പുഷ്പഗിരി ആശുപത്രിക്ക് സമാരംഭം കുറിച്ചത് രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ അത്തനാസിയോസ് തിരുമേനിയാണ്. എട്ടു കിടക്കകളോടുകൂടിയ ഒരു ആതുരാലയം. ബൽജിയം ആസ്ഥാനമായി ആതുരശുശ്രൂഷാരംഗത്ത് സജീവമായിരുന്ന കാത്തലിക്ക് ഓക്സിലിയറി മിഷനറി സമൂഹത്തിലെ ഡോ. ബർസ്സും, അഡ്മിനിസ്ട്രേറ്റർ റവ. സിസ്റ്റർ അലീന കട്ടാൻസിയും, നഴ്സിംഗ്, ഫാർമസി, ഡയറ്ററി ഡിപ്പാർട്ടുമെന്റുകളിലേക്ക് ബഥനി സന്ന്യാസിനിസമൂഹത്തിലെ സേവനനിരതരായ സിസ്റ്റേഴ്സും ആശുപത്രിയുടെ ജീവന്റെ തുടിപ്പുകളായി മാറി. ദിനന്തോറുമുള്ള അത്തനാസിയോസ് പിതാവിന്റെ സന്ദർശനമായിരുന്നു ആതുരാലയത്തിന് പ്രത്യാശയുടെ തിരിനാളം തെളിച്ചത്. രോഗികൾക്കുവേണ്ടിയുള്ള ആ വത്സല പിതാവിന്റെ പ്രാർത്ഥനയും ഡോക്ടറുടെ ഔഷധക്കൂട്ടും രോഗികൾക്ക് വേഗം സൗഖ്യം നൽകി.

പിറ്റെ വർഷം ഡോ. പി. വി. കോശി ഫിസിഷ്യനും സർജനുമായി ചുമതലയേറ്റു. രോഗികളോടൊപ്പമുള്ള ഇവരുടെ രാപ്പകൽ സാന്നിദ്ധ്യം സ്ഥാപനത്തിന്റെ ത്വരിത വളർച്ചയ്ക്കും പ്രശസ്തിക്കും ആക്കം കൂട്ടി. ഒരു

ദശകത്തിലെ മാർഗ്ഗദർശനത്തിനും സമർപ്പിത ശുശ്രൂഷയ്ക്കുംശേഷം ബൽജിയൻ ടീം മടങ്ങിയപ്പോൾ പുഷ്പഗിരിയുടെ പ്രഥമ അഡ്മിനിസ്ട്രേറ്ററായി വന്ദ്യ മോൺ. അലക്സാണ്ടർ പയ്യമ്പള്ളിലച്ചനും, തുടർന്ന് ജോർജ് വി. പാലത്തിങ്കലച്ചനും, 1969-71 കാലയളവിൽ ചാർജെടുത്ത് ഇന്നും ഈ ആതുരാലയത്തോടൊപ്പമുള്ള റവ. ഫാ. സൈമൺ പുളിയങ്കീഴും, 1971 മുതൽ 97 വരെയുള്ള സുദീർഘമായ 27 വർഷങ്ങളിൽ വന്ദ്യ മോൺ. അലക്സാണ്ടർ പയ്യമ്പള്ളിലച്ചനും, പുഷ്പഗിരിയുടെ രൂപഭാവങ്ങൾ മെനഞ്ഞ വിധാതാക്കളും സാരഥികളുമായി അർപ്പണബുദ്ധ്യാ നേതൃത്വം നൽകി. ഗ്രേറ്റ് ബ്രിട്ടന്റെ സ്പന്ദനമായ ബിഗ്ബെൻ നാഴികമണിയെന്നപോലെ, പുഷ്പഗിരി ആശുപത്രിയുടെ ഹൃദയസ്പന്ദനമായി നിലകൊണ്ട പയ്യമ്പള്ളിലച്ചനെ ആയിരങ്ങൾ ആദരവോടെ ഇന്നും ഓർക്കുന്നു. ആ പാദസ്പർശം പുഷ്പഗിരിയുടെ ഓരോ മണൽത്തരിയും തിരിച്ചറിഞ്ഞു. അച്ചന്റെ ഹൃദയതാളം പുഷ്പഗിരിയുടെ ജീവിതതാളമായിരുന്നു. വിദേശസഹായം കൂടാതെ "ഒരു രൂപ ലാഭമോ ഒരു രൂപ കടമോ" വരുത്താതെ സ്ഥാപനത്തിന്റെ സന്തുലിതാവസ്ഥയ്ക്കായി അദ്ദേഹം നിലകൊണ്ടു. പരാതിയുമായി പാഞ്ഞടുക്കുന്നവരെ നർമ്മസരസ സംഭാഷണങ്ങളിലൂടെ സാന്ത്വനിപ്പിച്ച് ശാന്തമായയയ്ക്കുന്ന ആ കർമ്മയോഗിയുടെ മുമ്പിൽ പ്രണാമമർപ്പിക്കുന്നു.

1995 ൽ സഹകാരിയായും, തുടർന്ന് അഡ്മിനിസ്ട്രേറ്ററായും പുഷ്പഗിരിക്ക് ദിശാബോധം നൽകിയ ഡോ. സ്റ്റീഫൻ തോട്ടത്തിൽ (ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലിത്താ) സ്ഥാപനത്തെ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി വളർത്തി. 2000-ാമാണ്ടിൽ ഫാ. ഡോ. ഏബ്രഹാം മുളമൂട്ടിലും, 2001 മുതൽ ഫാ. ഡോ. ഏബ്രഹാം കാക്കനാട്ടും (ബിഷപ്പ് എമരിറ്റസ് ഏബ്രഹാം മാർ ജൂലിയോസ്) സി.ഇ.ഒ. ആയി സാരഥ്യമേറ്റെടുത്തു. "അതിവേഗം ബഹുദൂരം" എന്ന ആശയത്തിന്റെ പ്രണേതാവും പ്രയോക്താവുമായ അദ്ദേഹത്തിന്റെ സാരഥ്യത്തിൽ മെഡിക്കൽ കോളജ് എന്ന സ്വപ്നം സഫലീകൃതമായി. സ്വാശ്രയമേഖലയിൽ കേരളത്തിലെ പ്രഥമ മെഡിക്കൽ കോളജ് എന്ന താരമൂല്യം പുഷ്പഗിരിയ്ക്ക് സ്വന്തമായി.

2007 ൽ ഈ നൗകയെ നേർദിശയിൽ നയിച്ചത് നേതൃപാടവത്തിന്റെ പര്യായമായ കൊടിനാട്ടുംകുന്നേൽ വന്ദ്യ തോമസ് കോർ എപ്പിസ്കോപ്പയായിരുന്നു. തുടർന്ന് ഫാ. ഡോ. ഏബ്രഹാം മുളമൂട്ടിലിന്റെ രണ്ടാമൂഴം.




വികസന വക്താവും നവദർശനങ്ങളുടെ ആൾരൂപവുമായ അദ്ദേഹത്തിന്റെ ഭാവനാവിലാസങ്ങൾ നവീകരണ പ്രക്രിയയെ ത്വരിതപ്പെടുത്തി. ചടുലമായ പ്രവർത്തനമികവിന്റെയും സഹജമായ ഊർജസ്വലതയുടെയും അടയാളമായ ഫാ. ഡോ. സാമുവേൽ (ഷാജി) വാഴയിൽ തുടർന്ന് സി.ഇ.ഒ. ആയി ചുമതലയേറ്റു. സാമ്പത്തികമാന്ദ്യത്തിന്റെ നാളുകളിൽ മികവാർന്ന നേതൃത്വംവഴി സ്ഥാപനത്തിന് കരുത്തു പകരുവാൻ അദ്ദേഹം ശ്രമിച്ചു. വളർച്ചയുടെ പടവുകൾ തേടുവാനും ആശുപത്രിയെ ആധുനികവത്കരിക്കാനും അത് ഇടയാക്കി. 2017 ഫെബ്രുവരി മുതൽ മെഡിക്കൽ സൊസൈറ്റിയുടെ ചീഫ് സെക്രട്ടറിയും, മെഡിക്കൽ കോളജിന്റെ സി.ഇ.ഒ.യും ആയി ഫാ. ജോസ് കല്ലുമാലിക്കൽ ശുശ്രൂഷ ചെയ്തുവരുന്നു.

2017 നവംബർ 1-ാം തീയതിയാണ് ആദരണീയനായ ശ്രീ. ജേക്കബ് പുന്നൂസ് സാർ പുഷ്പഗിരിയിൽ ഔദ്യോഗികമായി ചുമതല ഏൽക്കുന്നത്. പുഷ്പഗിരി സ്ഥാപനങ്ങളുടെ മുഴുവനായുള്ള പ്രവർത്തനങ്ങളെ അപഗ്രഥിക്കുന്നതിനും തുടർപ്രവർത്തനങ്ങളെയും കാഴ്ചപ്പാടുകളെയും ഏകോപിപ്പിക്കുന്നതിനുമുള്ള ഭാരിച്ച ചുമതലയാണ് ജേക്കബ് പുന്നൂസ് സാറിൽ നിക്ഷിപ്തമായിരിക്കുന്നത്. ജേക്കബ് പുന്നൂസ് സാറിന്റെ കാഴ്ചപ്പാടുകളുടെ പശ്ചാത്തലത്തിൽ സ്ഥാപനങ്ങൾ നടത്തുന്നതിന് സാധാരണയായി അനുവർത്തിക്കാറുള്ള ഒരു വീക്ഷണകോണിൽനിന്ന് മാറി ചിന്തിക്കുവാനുള്ള ഉൾപ്രേരണ ഓരോരുത്തർക്കും നൽകുന്നതിന് അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹം പ്രവർത്തനം ആരംഭിച്ചപ്പോൾതന്നെ പുഷ്പഗിരി സ്ഥാപനങ്ങളുടെ സാമ്പത്തിക കാര്യങ്ങളിൽ ഒരു ക്രമീകരണവും മുൻഗണനക്രമവും നടപ്പിലാക്കുന്നതിന് കഴിഞ്ഞു. പുഷ്പഗിരി ആശുപത്രിയുടെ വികസനത്തിൽ ശ്രീ. ജേക്കബ് പുന്നൂസ് സാർ

പുഷ്പഗിരിയുടെ പെരുമ ആഗോള തലത്തിൽ വർദ്ധിപ്പിക്കുന്നതിനായി ദുബായിൽവച്ചും ഷാർജയിൽവച്ചും നടത്തപ്പെട്ട ഹെൽത്ത് എക്സ്പോയിൽ പുഷ്പഗിരി ആശുപത്രിയെ പങ്കെടുപ്പിച്ചു.

പ്രത്യേകമായി ശ്രദ്ധിക്കുന്നു. ഏറ്റവും ആധുനികവും മെച്ചപ്പെട്ടതുമായ ആതുരശുശ്രൂഷ സമൂഹത്തിലെ എല്ലാവർക്കും പ്രാപ്യമാക്കുന്ന സമഗ്ര പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം ശ്രദ്ധിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് ''പ്രിവിലജ് കാർഡ്'' പദ്ധതി നടപ്പിലാക്കി വിജയകരമായി മുന്നോട്ടു പോകുന്നു. സമൂഹത്തിലെ എല്ലാവരോടും ഇടപഴകുന്ന മത രാഷ്ട്രീയ സാമൂഹിക നേതാക്കൻമാർക്ക് ''പ്രിവിലജ് കാർഡ്'' നൽകി അവരിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി അത് പ്രയോജനപ്പെടുത്തുന്നു. പുഷ്പഗിരിയുടെ പെരുമ ആഗോളതലത്തിൽ വർദ്ധിപ്പിക്കുന്നതിനായി ദുബായിൽവച്ചും ഷാർജയിൽവച്ചും നടത്തപ്പെട്ട ഹെൽത്ത് എക്സ്പോയിൽ പുഷ്പഗിരി ആശുപത്രിയെ പങ്കെടുപ്പിച്ചു. പുഷ്പഗിരി ആശുപത്രിയുടെ സമഗ്രമായ വികസനം മുന്നിൽ കണ്ട് ജേക്കബ് സാർ അനേകം പദ്ധതികൾക്ക് തുടക്കമിട്ടു കഴിഞ്ഞു. ചില പദ്ധതികൾ പൂർത്തീകരിക്കുകയും, ബാക്കിയുള്ളവ പൂർത്തീകരണത്തിന്റെ പാതയിലുമാണ്. ആശുപത്രിയുടെ നവീകരണത്തിന് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് അദ്ദേഹം നടത്തി വരുന്നത്. ഡയബറ്റിക് ക്ലിനിക്കിന്റെ നവീകരണം, പുതിയ സർജിക്കൽ ഐ.സി.യു., പുതിയ ഓപ്പറേഷൻ തിയറ്ററുകൾ, ഐസൊലേഷൻ ഐ.സി.യു., സെൻട്രൽ സർജിക്കൽ സ്റ്റെറിലൈസേഷൻ ഡിപ്പാർട്ട്മെന്റ്, പ്രൈവറ്റ് റൂമുകളുടെ നവീകരണം, ഒ.പി. ബ്ലോക്കിന്റെ നവീകരണം, ഡയാലിസിസ് വിഭാഗത്തിൽ പുതിയ മെഷീനുകൾ, റേഡിയോളജി ഡിപ്പാർട്ട്മെന്റിൽ പുതിയ ഉപകരണങ്ങൾ എന്നിവ നടപ്പിലാക്കി കഴിഞ്ഞു. ആശുപത്രിയിലെ നഴ്സിംഗ് സർവ്വീസിന്റെ നിലവാരം ഉയർത്തുന്നതിനുവേണ്ടി പുതുതായി 30 ഹെഡ് നഴ്സസ് തസ്തിക സൃഷ്ടിക്കുകയും ചെയ്തു.

ആശുപത്രിയുടെ വൈദ്യശുശ്രൂഷാ നിലവാരം മെച്ചപ്പെടുത്തുന്നതിനും, ആശുപത്രിയുടെയും പരിസരത്തിന്റെയും ശുചിത്വത്തിൽ ഊന്നൽ നൽകുന്നതിനുവേണ്ടി നടപ്പിലാക്കിയ രണ്ടു പദ്ധതികളാണ് - എൻ.എ.ബി.എച്ച്. അക്രഡിറ്റേഷനും, കായകൽപ്പ് പദ്ധതിയും. പുതിയ ഒ.പി. യുടെ നവീകരണത്തിനായി ആശുപത്രിയിലെ മെഡിക്കൽ റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റ് മാറ്റി സ്ഥാപിക്കുകയും, രാജ്യാന്തര നിലവാരത്തിലുള്ള ഒരു ലൈബ്രറിക്ക് സമാനമായി മെഡിക്കൽ ഡിപ്പാർട്ട്മെന്റ് സജ്ജീകരിക്കുകയും ചെയ്തു. ഒ.പി. വിഭാഗത്തിൽ ഇലക്ട്രോണിക്ക് മെഡിക്കൽ റെക്കോർഡ്സ് നടപ്പിലാക്കി. സെൻട്രൽ ക്ലിനിക്കൽ ഫാർമസി ഡിപ്പാർട്ടുമെന്റ് സ്ഥാപിക്കുകയും ചികിത്സയുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി എല്ലാ ഡിപ്പാർട്ട്മെന്റുകളിലും ക്ലിനിക്കൽ ഫാർമസി സെക്ഷൻ ആരംഭിക്കുകയും ചെയ്തു. പുഷ്പഗിരി ഫാർമസികളുടെ നവീകരണവും നടപ്പിലാക്കി.

### മികവിന്റെ ചക്രവാളങ്ങൾ തേടി

അഞ്ചു വ്യാഴവട്ടം മുമ്പ് ''പരിമിതികളുടെ പരിധിയിൽ പരമാവധി ജനസേവനം'' എന്ന ആദർശവുമായി ആരംഭം കുറിച്ച ഈ ആരോഗ്യകേന്ദ്രം വളർച്ചയുടെ കൊടുമുടിയിൽ വെന്നിക്കൊടി പാറിക്കുന്നതിന് ജഗദീശ്വരൻ ഇടയാക്കി. ലോകത്തിലെ ആദ്യ നഴ്സിംഗ് സ്കൂൾ 1860 ൽ ലണ്ടനിലെ സെന്റ് തോമസ് ഹോസ്പിറ്റലിലാണ് ജന്മമെടുത്തത്. ഒരു ശതാബ്ദത്തിനകം കൊച്ചുകേരളത്തിൽ അതിന്റെ ആദ്യ അലയടികളിലൊന്ന് തിരു



വല്ല പുഷ്പഗിരിയിലും മാറ്റൊലികൊണ്ടു. 1964 ഓക്സിലിയറി നഴ്സിംഗ് കോഴ്സും തുടർന്ന് ജി.എൻ.എം. കോഴ്സും, ആരംഭിച്ചു. 1968 ൽ ജനറൽ നഴ്സിംഗും ഹോസ്പിറ്റലിനോടനുബന്ധിച്ച് നഴ്സിംഗ് സ്കൂളും നിലവിൽ വന്നു. ഹെൽത്ത് വർക്കേഴ്സ് കോഴ്സ്, മറ്റേണിറ്റി വാർഡ്, ഗൈനക്കോളജി വിഭാഗം എന്നിവയും ആരംഭിച്ചു. നഴ്സിംഗ് ഒരു മഹത്തായ വിളിയും യേശുവിന്റെ സൗഖ്യദാന ശുശ്രൂഷയുടെ പങ്കാളിത്തവുമാണെന്ന ബോദ്ധ്യത്തിൽ ആയിരക്കണക്കിന് യുവതികൾ ലോകത്തിന്റെ നാനാഭാഗത്തും ചേക്കേറി. അവരുടെ മക്കളും പേരക്കുട്ടികളും മെഡിക്കൽ വിദ്യാർത്ഥികളായും ബിരുദാനന്തര ബിരുദത്തിനായും ഇപ്പോൾ ഇവിടെയുണ്ട്. അമ്പത് ബാച്ചുകളിലായി മൂവായിരത്തിലധികം നഴ്സുമാർ ഈ കലാലയത്തിൽ പഠനം പൂർത്തിയാക്കി. കർത്താവിന്റെ ആർദ്രതയുള്ള കണ്ണുകളോടെ ഈ സ്ഥാപനം നേർദിശയിൽ സഞ്ചരിക്കുന്നു. We care, God cures എന്ന ആപ്തവാക്യം മുറുകെപ്പിടിച്ചു മുന്നേറുന്നു. വിശ്വോത്തര നഴ്സിംഗ് കോളജുകളിലൊന്നായി പുഷ്പഗിരി നഴ്സിംഗ് കോളജ് വളർന്നു. ഇവിടെനിന്നു പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങിയവർ ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കുകയും ബ്രാൻഡ് അമ്പാസിഡർമാരായി അഭിമാനപൂർവ്വം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഈ സ്ഥാപന മുത്തശ്ശി അളവറ്റ് സന്തോഷിക്കുന്നു.

പ്രഥമ ദശകത്തിൽ നിസ്വാർത്ഥമായി ''ഫ്രീ സർവ്വീസ്'' നടത്തിയിരുന്ന അഭ്യസ്തവിദ്യരായ സമർപ്പിത (സന്യസ്ത) നഴ്സുമാരെയും, രണ്ടാം ദശകത്തിൽ നാമമാത്രമായ വേതനം സ്വീകരിച്ച് സ്ഥാപന വളർച്ചയിൽ പിന്തുണ നൽകിയ സിസ്റ്റേഴ്സിനെയും ആദരപൂർവ്വം അനുസ്മരിക്കുന്നു. രോഗികൾക്ക് കൂട്ടിരിപ്പുകാരായി അധികസേവനം ചെയ്ത അവരെ മുൻതലമുറ ഇന്നും ഓർക്കുന്നു. ഒരു ദശകത്തിനകം ആരോഗ്യസാക്ഷരതയുടെ സുവർണ്ണ പാഠങ്ങൾ തിരുവല്ലയിലും പ്രാന്തപ്രദേശങ്ങളിലും ജനമധ്യത്തിലേയ്ക്കും പടർന്നു. ഇടവക കേന്ദ്രീകരിച്ചുള്ള മെഡിക്കൽ ക്യാമ്പുകൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാമുകൾ, ഹോം ഡെലിവറി (വീട്ടിൽ സുഖപ്രസവം), മറ്റ് ആരോഗ്യ സുരക്ഷാപാഠങ്ങൾ തുടങ്ങിയവ വഴിയാണ് ഇത് സാദ്ധ്യമായത്. 1970 മുതൽ 1992 വരെ ഗൈനക്കോളജി മേധാവിയായി സേവനമനുഷ്ഠിച്ച ഡോ. മേരി ഫിലിപ്പ് (മമ്മി എന്ന് ആദരപൂർവ്വം വിളിക്കപ്പെട്ട) സേവനത്തികവിന്റെയും പ്രതിബദ്ധതയുടെയും അടയാളമുദ്രയായിരുന്നു. 1981 ൽ മൾട്ടി പർപ്പസ് ഹെൽത്ത് വർക്കേഴ്സ് കോഴ്സും, 1982 ൽ സ്കൂൾ ഫോർ മെഡിക്കൽ ലാബോറട്ടറി കോഴ്സും ആരംഭിച്ചത് അനേകർക്ക് ആശ്രയമായി. ഹെൽത്ത് വർക്കേഴ്സായി അനേകം യുവതികൾ കേരളത്തിലും രാജ്യമെമ്പാടും ഇന്നു പ്രവർത്തിച്ച് ജീവിതം കരുപ്പിടിപ്പിക്കുന്നു. മെഡിക്കൽ, ദന്തൽ, ഫാർമസി, നഴ്സിംഗ് കോളജുകൾ, പുഷ്പഗിരി നഴ്സിംഗ് സ്കൂൾ, സ്കൂൾ ഓഫ് എം.എൽ.റ്റി. അലൈഡ് ഹെൽത്ത് സയൻസ്, C.G.F.N.S. I.E.L.T.S. സെന്റർ എന്നിവയിലൂടെ, വിദ്യാഭ്യാസരംഗത്തിന്റെ ത്വരിത വളർച്ചയ്ക്ക് നിദാനമായ നിരവധി കോഴ്സുകളും സ്ഥാപനങ്ങളും പുഷ്പഗിരിയുടെ വ്യാപ്തിയും പ്രസക്തിയും വർദ്ധിപ്പിക്കുന്നു. ഉന്നതനിലവാരം പുലർത്തുന്ന മദ്ധ്യ തിരുവിതാംകൂറിലെ സൂപ്പർ സ്പെഷ്യാലിറ്റി റഫറൽ ഹോസ്പിറ്റൽ എന്ന നിലയിൽ പ്രാദേശിക വളർച്ചയ്ക്കും പ്രശസ്തിക്കും വ്യാപ്തി വർദ്ധിപ്പിച്ച് പുഷ്പഗിരി ആതുരസേവന രംഗത്ത് വിജയപതാക പറത്തുന്നു. പെരുന്തുരുത്തിയിലെ ദന്തൽകോളജ് രണ്ട് പട്ടണങ്ങളെ മാത്രമല്ല രണ്ടു ജില്ലകളെ തമ്മിലും കോർത്തിണക്കുന്ന കണ്ണിയായി വർത്തിക്കുന്നു.

വിദ്യാഭ്യാസരംഗത്തിന്റെ ത്വരിത വളർച്ചയ്ക്ക് നിദാനമായ നിരവധി കോഴ്സുകളും സ്ഥാപനങ്ങളും പുഷ്പഗിരിയുടെ വ്യാപ്തിയും പ്രസക്തിയും വർദ്ധിപ്പിക്കുന്നു.

**വളർച്ചയുടെ പുതിയ ഘട്ടം**

2002 ഡിസംബർ 10 നാണ് പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസേർച്ച് സെന്റർ സ്ഥാപിച്ചുകൊണ്ട് MBBS പ്രഥമ ബാച്ച് ഉദ്ഘാടനം ചെയ്തത്. സ്വകാര്യമേഖലയിൽ ആതുരസേവന രംഗത്ത് മെഡിക്കൽ കോളജുകൾ ഏറ്റെടുത്തു നടത്തുവാൻ ക്ഷണിച്ചുകൊണ്ട് അന്നത്തെ കേരള മുഖ്യമന്ത്രി എ.കെ. ആന്റണി 2001 ൽ കേരള സംസ്ഥാന വികസന കുതിപ്പിന് ആക്കം കൂട്ടുവാനുള്ള പരിശ്രമം നടത്തി. ആ വെല്ലുവിളി ധീരതയോടെ ഏറ്റെടുത്തത് അന്നത്തെ പുഷ്പഗിരി സി.ഇ.ഒ. ആയിരുന്ന ബിഷപ്പ് എമരിറ്റസ് ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലിത്തയായിരുന്നു. അന്നത്തെ രൂപതാദ്ധ്യക്ഷൻ തിമോത്തിയോസ് മെത്രാപ്പോലിത്താ

നിർദ്ധനരോഗികൾക്ക് സൗജന്യമോ ആവശ്യഘട്ടങ്ങളിൽ സൗജന്യചികിത്സയോ നൽകുന്നതിൽ ദീർഘകാലം ഹോസ്പിറ്റൽ ചീഫ് അഡ്മിനിസ്ട്രേറ്ററായിരുന്ന മോൺ. അലക്സാണ്ടർ പയ്യമ്പള്ളിയച്ചൻ എന്നും ശ്രദ്ധാലുവായിരുന്നു. ഹോസ്പിറ്റൽ കാന്റീനിലെ ലാഭം മുഴുവൻ ഇതിനായി നീക്കി വച്ചിരുന്നു.

സർവ്വാത്മനാ അതിന് പിന്തുണയും പിൻബലവും നൽകി. ഇരുവരെയും ആദരപൂർവ്വം സ്മരിക്കുന്നു. 2002 ഡിസംബർ 16 ന് കോളജ് ഓഫ് നഴ്സിംഗ് ഉദ്ഘാടനം ചെയ്ത് പ്രഥമ ബാച്ച് ബി.എസ്.സി. നഴ്സിംഗ് ക്ലാസ്സുകൾ ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഫാർമസി കോളജ്, ദന്തൽ കോളജ്, വിവിധ മെഡിക്കൽ ആൻഡ് പാരാമെഡിക്കൽ കോഴ്സുകളും, ബിരുദ ബിരുദാനന്തര പഠന-ഗവേഷണ സംരഭങ്ങളും, പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ആൻഡ് പാരാമെഡിക്കൽ കലാലയങ്ങളും സ്ഥാപിതമായി. ഇനിയും കാത്തലിക് ഡീംഡ് യൂണിവേഴ്സിറ്റി എന്ന ലക്ഷ്യമാണ് നമ്മുടെ മുമ്പിൽ തെളിയുന്ന വികസന ചക്രവാളം. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെയും കേരള ഗവൺമെന്റിന്റെയും കാലാകാലങ്ങളിലുള്ള അംഗീകാരം ലഭ്യമാകുവാൻ പര്യാപ്തമായവിധം പുഷ്പഗിരി സുസജ്ജമായി എന്ന് ചാരിതാർത്ഥ്യത്തോടെ പറയുവാൻ സന്തോഷമുണ്ട്.

2004 ജനുവരി 5 ന് പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസേർച്ച് സെന്റർ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇത് സാദ്ധ്യമായത് കാലത്തിനുമുമ്പേ നടന്ന് മെഡിക്കൽ രംഗത്തെ കേരള സ്വാശ്രയ ചരിത്രത്തിന് ദിശാബോധം നൽകുകയും വഴികാട്ടിയായി വർത്തിക്കുകയും ചെയ്ത ഏബ്രഹാം മാർ ജൂലിയോസ് തിരുമേനിയുടെ ഇച്ഛാശക്തിയും നിസ്തന്ദ്ര പരിശ്രമവുമാണ്. ഈ കാരണത്താൽതന്നെ മലങ്കര കത്തോലിക്കസഭാചരിത്രത്തിൽ വേറിട്ട സ്ഥാനം അദ്ദേഹം അലങ്കരിക്കുകയും തലമുറകൾക്ക് പാഠപുസ്തകമായി നിലകൊള്ളുകയും ചെയ്യുന്നു.

**സൗജന്യ ചികിത്സ**

നിർദ്ധനരോഗികൾക്ക് സൗജന്യമോ ആവശ്യഘട്ടങ്ങളിൽ സൗജന്യചികിത്സയോ നൽകുന്നതിൽ ദീർഘകാലം ഹോസ്പിറ്റൽ ചീഫ് അഡ്മിനിസ്ട്രേറ്ററായിരുന്ന മോൺ. അലക്സാണ്ടർ പയ്യമ്പള്ളിയച്ചൻ എന്നും ശ്രദ്ധാലുവായിരുന്നു. ഹോസ്പിറ്റൽ കാന്റീനിലെ ലാഭം മുഴുവൻ ഇതിനായി നീക്കി വച്ചിരുന്നു. വ്യവസായ സംരംഭമായിട്ടല്ല സേവനസംരംഭമായിട്ടാണ് ആശുപത്രി വിഭാവനം ചെയ്തിരുന്നത്. ലോകരക്ഷകനും സൗഖ്യദായകനുമായ യേശുവിന്റെ മാനുഷികപതിപ്പുകളാകാനുള്ള എളിയ ശ്രമമെന്നേ അതിനെ വിശേഷിപ്പിക്കാനാവൂ. ആയതിനാൽ 60-ന്റെ നിറവിലും പുഷ്പഗിരി എന്ന ആതുരാലയം മദർ തെരേസ ചാരിറ്റി സ്കീം, പ്രിവിലജ് കാർഡ് സ്കീം, ജനതാ ഒ.പി., സൗജന്യ മെഡിക്കൽ ക്യാമ്പുകൾ എന്നിവയിലൂടെ സൗജന്യ ചികിത്സാ പദ്ധതികൾ തുടർന്നു വരുന്നു.

**ഉപസംഹാരം**

ജനജീവിതത്തിന്റെ ആരോഗ്യമാപിനി ആതുരാലയങ്ങളാണ്. കഴിഞ്ഞ ആറു പതിറ്റാണ്ടായി മദ്ധ്യതിരുവിതാംകൂറിന്റെ പൊതുജനാരോഗ്യമാപിനിയായി പുഷ്പഗിരി വർത്തിക്കുന്നു. കാലത്തിനൊത്തുയരാൻ, പഠനകേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറാൻ ഈ മഹത്സ്ഥാപനത്തിന് കഴിയുന്നു. അർപ്പണബുദ്ധിയോടും സേവന മികവോടും രോഗീസൗഹൃദത്തോടുംകൂടി മാനേജ്മെന്റിനൊപ്പം മറ്റ് ജീവനക്കാരും ഏകമായി പ്രവർത്തിച്ചതിന്റെ പ്രതിഫലനമാണ് അതിന് നിദാനമായത്. ഈ തിരിച്ചറിവ് ഞങ്ങളെ കൂടുതൽ കർമ്മനിരതരാക്കുന്നു. ജൂബിലിയാഘോഷം പുനരർപ്പണത്തിന്റെ അവസരമായികണ്ട് പ്രതിബദ്ധതയും കാര്യശേഷിയും നിലനിർത്തി സർവ്വോപരി സുകൃതത്തോടെ, ആർദ്രതയോടെ, മികവോടെ ഈ ശുശ്രൂഷാസരണിയിൽ നിലകൊള്ളുമെന്ന പ്രതിജ്ഞ ഞങ്ങൾ പുതുക്കുന്നു. വ്യക്തികളും പൊതുസമൂഹവും നൽകിയ നിർലോപമായ സഹകരണത്തിനും പിന്തുണയ്ക്കും ഞങ്ങൾ ഏറെ കടപ്പെട്ടിരിക്കുന്നു. എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ സഹകരണമാണ് ഞങ്ങളുടെ ബലം. അതാണ് ഈ മഹത്തായ സ്ഥാപനത്തെ പതിറ്റാണ്ടുകളിലൂടെ തലയുയർത്തി നിൽക്കുവാൻ ധൈര്യം പകർന്നതും നിലനിർത്തിയതും. ഉയരങ്ങൾ താണ്ടാനുള്ള ഞങ്ങളുടെ പിൻബലവും അതുതന്നെയത്രേ.

■

# PUSHPAGIRI MEDICAL COLLEGE HOSPITAL

## *We are Caregivers, God is the cure giver*



Dr. T.P. THANKAPPAN, Principal PIMS & RC

**Our Vision- We Care, God cures.**

Our Mission - To work towards a Knowledge Society with life in abundance through Sciences and Technology, improving Health Care for our immediate community, the state, the country and the world at large.

The Catholic Church has been engaged in the ministry of healing all over the world for the past two thousand years. The same mission also drove the Founder Bishops of Pushpagiri at Tiruvalla, Kerala.

Across a span of half a century, Pushpagiri has travelled forward with a renewed understanding and vision, 'We Care God Cures', which proclaims the faith of taking upon each others' burdens and humility before the divine providence from where all cure and healing happens. The unwavering commitment of the Church to provide value-based education also saw its results initially in Nursing Education at Pushpagiri, which began as early as 1964. This way, Pushpagiri has played a vital role in contributing to the migration of qualified nurses from Kerala to other states in India, Middle East, Europe and America, which propelled the economic and social development of Kerala, particularly the women empowerment. Following the establishment of Pushpagiri Medical Society in 1992, Pushpagiri saw a new beginning. A decade later, in 2002 with the starting of one of the first private medical colleges in Kerala - Pushpagiri Institute of Medical Sciences and Research Centre. In the past decade, Pushpagiri further went along to establish premiere institutions in the field of health care education for Nursing (2002), Pharmacy (2004), Dental Sciences (2006) and Allied Health Sciences (2008). While, Tiruvalla Archdiocese has developed the hospital on a stage-wise and presently with 1200 bedded multi-speciality medical college hospital during the past 60 years.

In the year 2001, the 550 bedded Hospital has converted into Medical College Hospital and admitted the first batch of MBBS with an annual intake of 100 students in the year 2002. This year, ie:2019, We have admitted the 18th Batch MBBS. In the year 2011, the medical college started Post Graduate Degree courses and currently we have 19 PG Degree courses with 59 students intake. In the mean-time, we have started PG Super-speciality Degree courses in 4 subjects, ie: DM Cardiology, DM Neurology, DM Nephrology and MCh. Neurosurgery with a total seating capacity of 5 students. Also we have 4 DNB Courses in speciality and super-speciality departments with seating capacity of 13 seats.

As the 8th Principal of Pushpagiri Institute of Medical Sciences & Research Centre, Tiruvalla, I am very proud to be a part of this Institution and to run this Institution upto the level of 'Centre of excellence' as prelates and former Bishops aimed at. I was blessed to work as the Principal for the last 7 years.

I joined this esteemed Institution in its growth phase on the invitation of the then Director, His Grace Most Rev. Dr. Abraham Mar Julios in the year 2005 after taking voluntary retirement from Government service. I joined here to continue my passion for medical teaching. Along with my duty as the Principal, I continue to provide patient care and P.G. training. I have put all my efforts to bring the Institution to the level of a

centre of excellence and could keep it in the second position among the medical colleges of Kerala with the help of the management and faculty and our students. Our effort to bring out good competent Doctors with all the good attributes one should be having to become the best care givers to the community. We hope Pushpagiri will be continued to surpass all the bench marks for an Institution par excellence. Our students have been proving themselves to be among the top, not only in their study of medicine, but also in their artistic, cultural, literary, sports and histrionic talents. I thankfully appreciate the support and help of all the members of faculty and all other members of staff of the Pushpagiri Group of Institutions in this venture.

## Biodata of Dr. T. P. Thankappan

**DR. T.P. THANKAPPAN, MBBS, MD (DVL)**

Principal & Professor of Dermatology, Venereology & Leprosy, PIMS & RC.

MBBS 1973 from Government Medical College, Thiruvananthapuram

MD (DVL)- 1985 from Government Medical College, Kottayam

Worked in Government Medical Colleges, Kottayam and Alappuzha - 1977 – 2005 as Assistant Professor, Associate Professor and Professor.

Medical Superintendent: 1990-2005 Government TD Medical College Hospital, Alapuzha (15 yrs.)

Retired voluntarily from Government T.D. Medical College, Alappuzha as Professor of Dermatology and Joined at Pushpagiri Institute of Medical Sciences in 2005

Now working as Principal and Professor of Dermatology & Venereology of Pushpagiri Institute of Medical Sciences and Research Centre, Thiruvalla from 5th September 2012.

Published research papers in National and International journals

Organised State and National conferences

Had Undergone special trainingsin :

Preparation of Biomedical Research Proposals at NIMHANS Bangalore organised by ICMR

Teacher Training Course at JIPMER Pondicherry

Dermatosurgery& Cosmetologytraining in BalabhaiNanavathi Hospital,

Follicle Hair Transplant at Mumbai.

Dermatopathology Training in Mumbai

Electronics awareness course in IHRD

Secretary, Alappuzha District Cancer Care Society from 1998 to 2004


Been the Secretary and President of Indian Association of Dermatologists, Venereologists & Leprologists, Kerala Branch. ■



2018-2019 വർഷത്തിൽ ലോഗോസ് ക്വിസ് മത്സരത്തിൽ തിരുവല്ല അതിഭദ്രാസനത്തെ പ്രതിനിധീകരിച്ച് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുത്തവർ.

### ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കുമ്പനാട്**

# PUSHPAGIRI COLLEGE OF PHARMACY, MEDICITY CAMPUS

Pushpagiri College of Pharmacy was established in 2004 with B.Pharm programme. During the span of 15 years it has emerged as one of the best college in India with B.Pharm., M.Pharm., and PharmD programmes. This is the first Pharmacy College in the State having NAAC accreditation with grade A. All the departments are well established with senior faculty members and other facilities. A well established Research Laboratory is functional for various research activities of the students and research scholars. Clinical training is well arranged with a full time clinical coordinator in the department of Pharmacy Practice at Pushpagiri Medical College hospital.

Well known and internationally established companies- Bioclinicia, Mysore and UE Life Sciences, Thiruvnanthapuram conducted campus screening and interview for the outgoing students.14 students were shortlisted and already 8 students of our college joined for employment.

A seminar on study abroad was conducted by Easylink, Thrisur regarding opportunities to do higher studies abroad, particularly in UK.

On the occasion of the 60 years of service by Pushpagiri, Principal, staff and students planted 60 plants in the campus. Mr. Sam Eapen, former President, Peringara Panchayath and present District Panchayath member inaugurated the programme.

A one day seminar, as a part of continuing education by KUHs student Union, was conducted on 27th Sept 2019. Prof.Dr. MKC Nair, Hon'ble Vice Chancellor of KUHs inaugurated the programme. Prof. Dr. N.S Sreedevi, Professor and Head of Dept of Obstetrics and Gynecology, Pushpagiri Medical College Hospital, Tiruvalla was the chief resource person. Student counseling was also conducted under the leadership of hon'ble VC.

College students Union distributed school kits to the children of the supporting staff of Pharmacy and Dental colleges. Students Union raised fund for the flood affected families. The Chairman and Gen Secretary went to Dhavalapara, Wyanad and distributed cash and other materials collected to the suffering families.

**PRINCIPAL.**

Dr.Santhosh M Mathews - who was the first Principal of the institution - has rejoined the institution in this academic year. He has worked in India and abroad at different levels of academics for the past 32 years. He was the Professor and head of the PharmD programme conducted in association with US universities by the Ministry of Higher Education, Saudi Arabia. He is a member in various committees of Pharmacy Council of India and Kerala University of Health Sciences. ■


**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കുമ്പനാട്**






**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കുമ്പനാട്**






**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കുമ്പനാട്**


**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, തിരുമൂലപുരം**

# സഭ നേരിടുന്ന വെല്ലുവിളികളും അല്മായ ദൗത്യവും

(തിരുവല്ല അതിഭദ്രാസനത്തിന്റെ 17-ാമത് പാസ്റ്ററൽ കൗൺസിലിൽ നല്കിയ സന്ദേശം)



**ഡോ. രേഖാ മാത്യൂസ്**
(ബി.കെ. കോളജ്, അമലഗിരി, &
ജോ. സെക്രട്ടറി, ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ)

പന്ത്രണ്ടാം പീയൂസ് പാപ്പായുടെ ഒരു പരാമർശത്തോടെ ആരംഭിക്കട്ടെ: "അത്മായ സമൂഹം, സഭയിൽ അംഗത്വമുള്ള വിശ്വാസികളാണ് തങ്ങൾ എന്ന ചിന്തയിൽനിന്ന്, തങ്ങളാണ് സഭ എന്ന അവബോധത്തിലേക്ക് വളരണം" എന്നതായിരുന്നു അത്! Lumen Gentium കൃത്യമായി നമ്മെ ഓർമ്മപ്പെടുത്തുന്നു: "അല്മായ ആദ്ധ്യാത്മികതയുടെ ആത്യന്തികലക്ഷ്യം കുടുംബങ്ങളുടേയും, ജോലിയിടങ്ങളുടെയും, പൊതുധാരയുടെയും തങ്ങൾ വ്യാപരിക്കുന്ന സമസ്ത മേഖലകളുടെയും സമഗ്ര വിശുദ്ധീകരണമാണ്" എന്ന്. അത്മായരാണ് ഈ ലോകത്തിൽ സഭയെ ദൃശ്യമാക്കുന്നത് എന്നും നാം വായിക്കുന്നു. ജോൺ പോൾ രണ്ടാമൻ പാപ്പാ ലോകത്തെമ്പാടും സഭ ഒരു ഗുരുതരമായ തകർച്ച (radical collapse) നേരിടുന്നു എന്നു കണ്ടപ്പോഴാണ് നവസുവിശേഷവൽക്കരണം പ്രഖ്യാപിച്ചത്. കത്തോലിക്കാ രാഷ്ട്രങ്ങൾപോലും secularised ആകുന്നു എന്നു തോന്നിയപ്പോൾ പാപ്പാ പരിശുദ്ധാത്മാവിന്റെ മന്ത്രണങ്ങളോട് തുറവിയുള്ളവരാകാൻ ലോകത്തോട് നിർദ്ദേശിച്ചു. സുവിശേഷം കൃത്യതയോടും, തെളിമയോടും, ആർജ്ജവത്തോടുംകൂടി പങ്കുവയ്ക്കാൻ പരി. പിതാവ് നമ്മെ എല്ലാവരെയും ആഹ്വാനം ചെയ്തു.

കത്തോലിക്കാസഭ വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഒരു കാലഘട്ടമാണിതെന്ന് നാം ആവർത്തിച്ച് കേൾക്കുന്നുണ്ട്. പക്ഷേ ചരിത്രാവബോധമുള്ളവർക്ക് അറിയാം ഈ സഭ നേരിട്ടിട്ടുള്ളതുപോലെ പ്രതിസന്ധികളും വെല്ലുവിളികളും നേരിട്ട മറ്റൊരു പ്രസ്ഥാനം ലോകത്തിലില്ല എന്ന്! പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നവണ്ണം നിങ്ങൾ പരിഭ്രാന്തരാകേണ്ട എന്ന മുന്നറിയിപ്പും ആശ്വാസവും നമ്മുടെ കർത്താവുതന്നെ നല്കിയിട്ടുമുണ്ട്. അപ്പോൾ പ്രവചിക്കപ്പെടാത്തതൊന്നും സംഭവിക്കുന്നില്ല. പ്രതിസന്ധികൾ നമ്മെ സത്യസന്ധമായ ആത്മശോധനയിലേക്ക് നയിക്കണം. ഉറവിടങ്ങളിലേക്ക് മടങ്ങണം. ഒരു തിരിഞ്ഞുനടപ്പിന് സമയമായി എന്ന തോന്നൽ കാലത്തിന്റെ ചുവരെഴുത്തുകൾ നമ്മോടു ആവശ്യപ്പെടുന്നെങ്കിൽ നാം എന്തിന് അമാന്തിക്കണം? A life without contemplation is not worth living എന്ന് Socrates-ന്റെ ഓർമ്മപ്പെടുത്തൽ... Let us pause... look back and bring about the necessary changes. സുവിശേഷബദ്ധരായി, എളിമയോടെ ആത്മവിമർശനപരമായ ഒരു വിലയിരുത്തൽ വലിയ ഗുണം ചെയ്യും. നമ്മുടെ ഓരോരുത്തരുടെയും വിളിയുടെ അനന്യതയും മഹത്വവും ഒന്നുകൂടി പരിശോധിച്ചു ബോദ്ധ്യപ്പെടാം. സഭ നേരിടുന്ന വെല്ലുവിളികളും അല്മായ ദൗത്യവും വിഷയമാകുന്ന ഈ അന്വേഷണത്തിൽ ഞാനും പ്രാർത്ഥനാപൂർവ്വം മുഴുഹൃദയവും അർപ്പിച്ച് ദൈവാരൂപിയോടൊപ്പം എന്റെ ഉള്ളിലേയ്ക്കും ഒരു സഞ്ചാരം നടത്തി; അതെന്നെ വ്യക്തിപരമായി ഏറെ സഹായിച്ചു വെന്നേറ്റു പറഞ്ഞുകൊണ്ട് എന്റെ ചിന്തകൾ പങ്കുവയ്ക്കട്ടെ.

The latiy are the builders of the Church എന്ന് Lumen Gentium നമ്മെ ഓർമ്മപ്പെടുത്തുന്നു. അല്മായരായ നമുക്ക് ഒരു ത്രിതല ദൗത്യമുണ്ട് - കുടുംബത്തിൽ, ഇടവകയിൽ, രൂപതയിൽ. സഭാപ്രവർത്തനങ്ങളിൽ നമ്മുടെ പൂർണ്ണ ഭാഗഭാഗിത്വം നമ്മുടെ അവകാശവും കടമയുമാണ്. പാസ്റ്ററൽ കൗൺസിലൂടെ പ്രകാശിതമാകുന്ന അജപാലക-അല്മായ കൂട്ടുത്തരവാദിത്വം സഭയുടെ ക്രമവും പ്രവർത്തനശൈലിയുമാണ്. വിളിച്ചുചേർക്കപ്പെട്ടവരുടെ, തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമായ ഈ കൗൺസിൽ, ഉണർന്നു പ്രവർത്തിക്കാൻ വൈമുഖ്യം കാണിക്കുന്ന passive majortiyയെ ഉണർത്തിയെടുക്കാൻ

നിയോഗം ലഭിച്ചവരുമാണ്. Pastoral council അംഗങ്ങൾ outstanding moraltiy, outstanding faith, outstanding prudence എന്നീ സവിശേഷതകളുടെ തിളക്കമുള്ള പ്രതിരൂപങ്ങളാകണം എന്നു നമുക്കറിയാം. കവി പറയുന്നതു പോലെ, we are called to shine in use, not to rust unburnished. സഭ എന്ന ദൈവിക സംവിധാനം ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് ബലഹീനമായ മനുഷ്യകരങ്ങളിലാണ്. നമുക്കറിയാവുന്നതുപോലെ ലോകത്തിലെ ഒരു സിസ്റ്റവും പൂർണ്ണമല്ല – perfect അല്ല. കോട്ടങ്ങളും കുറവുകളും അവിടെ കടന്നു കൂടാം. പക്ഷേ സഭയിലാകമാനം പിശകുകൾ മാത്രം എന്ന അബദ്ധധാരണ വലിയ അപകടം തന്നെ. കുറ്റം ആരോപിക്കാനുള്ള വ്യഗ്രതയിൽ പത്തരമാറ്റ് മൂല്യമുള്ള സഭാദത്തമായ നന്മകൾ കാണാതെ പോകുന്നത് ദുഃഖകരമായ അവസ്ഥാവിശേഷമാണ്. എന്താണ് നാമിന്നു കാണുന്ന യാഥാർത്ഥ്യം? സഭയിലെ വളരെ ചെറിയ ശതമാനം മനുഷ്യരുടെ ബലഹീനതകളും പോരായ്മകളും ചികഞ്ഞെടുത്ത് പർവ്വതീകരിച്ച് സമൂഹവും മാധ്യമങ്ങളും ആഘോഷിക്കുന്നു. സാമാന്യ ബുദ്ധിയോടെ അപഗ്രഥിച്ചാൽ മനസ്സിലാകുന്നത്, ക്രിസ്ത്യാനിയുടെ പിഴവും കുറവും വിറ്റാണ് മിക്ക പത്രങ്ങളും ദൃശ്യമാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും കാലയാപനം കഴിക്കുന്നതെന്ന് തന്നെയാണ്. കേരളസമൂഹത്തിന്റെ സമസ്ത മേഖലകളിലും മുൻപന്തിയിൽ നിൽക്കുന്ന ക്രൈസ്തവസമൂഹത്തെ വളഞ്ഞിട്ട് ആക്രമിക്കുക എന്നത് അഭിനവ secular, fashionable sociteyയുടെ മുഖ്യ വിനോദമായി മാറിയിരിക്കുന്നു. ക്രൈസ്തവ സമൂഹത്തെ, പ്രത്യേകിച്ച് കത്തോലിക്കാ സഭയെ അധിക്ഷേപിക്കാനും തളർത്താനും കിട്ടുന്ന അവസരങ്ങൾ പരമാവധി മുതലാക്കുക എന്ന അജണ്ടയാണ് ഇവിടെ ബോധപൂർവ്വം നടപ്പാക്കുന്നത് എന്ന് അല്പം ചിന്താശേഷിയുള്ള ആർക്കും മനസ്സിലാകും. ഈ സമൂല വെട്ടിനിരത്തലിന് ആവശ്യമായ സാമ്പത്തികസഹായം നൽകുന്ന ഏജൻസികൾ ഏതൊക്കെ എന്നതും നമുക്കറിയാവുന്ന വാസ്തവം മാത്രം.

ചർച്ച് ബിൽ നിയമമായില്ലെങ്കിൽ ക്രിസ്തീയ വിശ്വാസികളുടെ സ്ഥാവരജംഗമവസ്തുക്കൾ മുഴുവൻ അന്യാധീനപ്പെട്ടുപോകും എന്നു വിലപിക്കുന്ന സംഘടനയുടെ ഒരു ഹോർഡിംഗ് വയ്ക്കാൻ ചെലവ് ഒരുലക്ഷം രൂപ. സഭയെ തകർക്കൽ എന്ന അജണ്ട അല്പം കാശു ചിലവുള്ള കാര്യമാണെന്ന് അതിലേർപ്പെട്ടിരിക്കുന്നവർക്ക് ഇപ്പോൾ മനസ്സിലായി തുടങ്ങിയിട്ടുണ്ട്. ഇത്തരം ഹോർഡിംഗുകൾ എറണാകുളത്തുമാത്രം 20 എണ്ണം പ്രത്യക്ഷപ്പെട്ടു. കഴിഞ്ഞ ദിവസം ആയിരങ്ങളെ സെക്രട്ടറിയേറ്റ് പടിക്കൽ എത്തിച്ചത് എത്ര അധ്വാനിച്ചിട്ടായിരിക്കും എന്ന് ഊഹിക്കാവുന്നതേയുള്ളു. ചങ്ങനാശ്ശേരിയിൽ കാപ്പി കുടിക്കാനായി വണ്ടി നിർത്തി ഇറങ്ങിയ പ്രസ്തുത ടീമിലെ ഒരുകൂട്ടം ആളുകളോട് എന്റെ ഒരു സുഹൃത്ത് സംസാരിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞത് ഇതാണ്: ''നല്ലൊരു പങ്ക് ആളുകൾക്കും എന്തിനാണ് പോയതെന്നോ, പ്രശ്നം എന്താണെന്നോ അറിയില്ല. വണ്ടിപിടിച്ച് തിരുവനന്തപുരത്ത് പോകണം എന്ന് ഉത്തരവാദിത്വപ്പെട്ടവർ പറഞ്ഞു. ഞങ്ങൾ പോയി!'' സാധാരണക്കാരന്റെ അറിവില്ലായ്മയുടെ ആഴം വെളിപ്പെടുത്താൻ ഇതു പങ്കുവെച്ചു എന്നു മാത്രം.

സഭാശുശ്രൂഷയുടെ ആനുകൂല്യം അനുഭവിക്കുന്ന വിശ്വാസിസമൂഹം ജനനം മുതൽ മരണം വരെ (from the womb to the tomb) എന്നോണം അവരെ ജാഗ്രതയോടെ അനുധാവനം ചെയ്യുന്ന സഭാമാതാവിനെ കാണാതെ പോകുന്നു, മനസ്സിലാക്കാതെ പോകുന്നു എന്നത് ഈ കാലഘട്ടത്തിന്റെ ഒരു ദുരന്തം തന്നെ. വിശ്വാസത്തിൽ ഉറപ്പില്ലാത്ത, ചൂടും തണുപ്പുമില്ലാത്ത നാമമാത്ര ക്രിസ്ത്യാനികളാണ് സഭയുടെ ഏറ്റവും വലിയ ശത്രുക്കൾ എന്നു പറയാതെ വയ്യ. ഇത് പുതിയ പ്രതിഭാസം അല്ല. ക്രിസ്തുവിന്റെ കാലം മുതൽ ഈ വിശ്വാസരാഹിത്യം നമ്മുടെ പ്രതിസന്ധിയായിരുന്നല്ലോ. വിശ്വാസകാര്യങ്ങളിലുള്ള അലംഭാവം, അജ്ഞത, പഠനത്തിന്റെ അഭാവം എന്നിവയിലൂടെ വിലപിടിച്ചത് എന്ന് നാം കരുതിയിരുന്ന പലതും നഷ്ടപ്പെടാൻ കാരണമായിട്ടുണ്ട് എന്നു നമ്മളെല്ലാവരും സമ്മതിക്കും. തനതു കത്തോലിക്കാ മൂല്യങ്ങൾ – Typical Catholic values എന്ന് നാം ഊറ്റം കൊണ്ടിരുന്ന പ. കുർബാനയോടുള്ള ഭക്തി, കുടുംബപ്രാർത്ഥനയിലുള്ള

> വിശ്വാസകാര്യങ്ങളിലുള്ള അലംഭാവം, അജ്ഞത, പഠനത്തിന്റെ അഭാവം എന്നിവയിലൂടെ വിലപിടിച്ചത് എന്ന് നാം കരുതിയിരുന്ന പലതും നഷ്ടപ്പെടാൻ കാരണമായിട്ടുണ്ട് എന്നു നമ്മളെല്ലാവരും സമ്മതിക്കും.

നിഷ്ഠം, കൂടുതൽ മക്കൾ, ചെറുപ്പത്തിൽത്തന്നെയുള്ള വിവാഹം, വല്യപ്പനും വല്യമ്മയും മറ്റു ബന്ധുക്കളുമൊക്കെയുള്ള വലിയ കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ്, ദൈവവിളിയുടെ സമൃദ്ധി തുടങ്ങിയവയൊക്കെ അന്യം നിന്നു തുടങ്ങിയിട്ടില്ലേ? പുരോഗതി പ്രാപിക്കുന്നു എന്നു നാം കരുതുന്ന നമ്മുടെ സമൂഹത്തെ ഒരു തളർച്ച ബാധിച്ചിട്ടില്ലേ? മക്കളുടെ എണ്ണത്തിൽ വലിയ കുറവ്, കണക്കുകൾ സൂചിപ്പിക്കുന്നില്ലേ? വംശനാശം നേരിടുന്ന ജീവികളുടെ പട്ടികയിൽ ക്രിസ്ത്യാനികൾ ഇടംപിടിച്ചു കഴിഞ്ഞു എന്നു പറഞ്ഞാൽ അത് അതിശയോക്തി ആവില്ല എന്നു ഞാൻ കരുതട്ടെ. ഞാൻ ജനിച്ചു വളർന്ന എന്റെ വീട്ടിൽ 6 കുട്ടികൾ. എനിക്ക് 3 കുട്ടികൾ. അവരുടെ തലമുറയിൽ അവരുടെ മക്കളുടെ എണ്ണം എത്രയായിരിക്കും എന്ന ചിന്ത എന്നെ അലോസരപ്പെടുത്തുന്നുണ്ട്. സർക്കാരിന്റെ ആനുകൂല്യങ്ങളൊക്കെ ആരാണ് സ്വന്തമാക്കുന്നതെന്ന് ഞാൻ പറയാതെതന്നെ നിങ്ങൾക്കറിയാവുന്ന കാര്യമാണല്ലോ. 80:20 എന്ന അനുപാതത്തിൽ ന്യൂനപക്ഷാവകാശത്തിന്റെ സംരക്ഷണവും ആർക്കാണ് ലഭ്യമാകുന്നതെന്നും വ്യക്തം.

നമ്മുടെ മക്കൾ പഠിച്ചുയരുന്നവരാണ്. പക്ഷേ വിവാഹപ്രായം മുന്നോട്ടു പോകുന്നു. പകുതിയിലേറെപ്പേർ വിദേശത്താണ്. അപ്പോൾ പിന്നെ ''settled ആകണം'' – പ്രസവിക്കണമെങ്കിൽ time വേണം, financial stabiltiy വേണം, കുട്ടിയുടെ education‌നും saving വേണം. ഇതെല്ലാം ശരിയാക്കി പ്രസവിക്കാൻ തയ്യാറാകുമ്പോൾ വിചാരിച്ച schedule അനുസരിച്ച് കുഞ്ഞു വരില്ല എന്ന തിരിച്ചറിവ് – പിന്നെ കണ്ണുനീരായി, ചികിത്സയായി, ബന്ധങ്ങളിൽ വിള്ളലായി.. ഇവിടെയും ഇതൊക്കെത്തന്നെ സ്ഥിതി. നമ്മുടെ സമുദായത്തിലെ സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസം, ഉയർന്ന ജോലി ഒക്കെ അഭിമാനകരമാണെങ്കിലും ഈ അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുക്കപ്പെടേണ്ടതാണ് എന്നു തോന്നിയതുകൊണ്ട് പങ്കുവച്ചു എന്നു മാത്രം – ഇവിടുത്തെ ഗവൺമെന്റ് ജോലികളിൽ അത്ര താത്പര്യമില്ലാത്ത യുവജനങ്ങൾ, പെട്ടെന്ന് സാമ്പത്തികഭദ്രത ആഗ്രഹിക്കുന്ന മാതാപിതാക്കളും മക്കളും; നാട്ടിൽ, വീടുകളിൽ തുണയില്ലാതെ കഴിയുന്ന നിസ്സഹായരായ വാർദ്ധക്യങ്ങൾ – ഇതൊക്കെ നാം നേരിടുന്ന വെല്ലുവിളികൾതന്നെ.

**സഭയുടെ പ്രതികരണശൈലി**

നമ്മൾ ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും സമവായത്തിന്റെയും ശൈലി പിന്തുടരുന്നവരാണ് – പക്ഷേ, നമ്മുടെ സഹിഷ്ണുത ബലഹീനതയായി കാണുന്ന ഒരു വലിയ സമൂഹം നമുക്ക് ചുറ്റുമുണ്ട്. സഭയെ അടിക്കാൻ കിട്ടുന്ന ഏതു വടിയും അവർ ഉപയോഗിക്കും. പൊതിരെ തല്ലിയാലും നിശ്ശബ്ദരായി, പ്രതികരണമില്ലാതെ നാമതു ഏറ്റുവാങ്ങും എന്ന ധാരണ നാംതന്നെ കൊടുത്തിട്ടുമുണ്ട്. ഇടക്കാലത്ത് ഒരു ജാഗ്രതക്കുറവും നിസ്സംഗതയുമൊക്കെ നമ്മുടെ ഭാഗത്തുനിന്നും വന്നിട്ടുമുണ്ട്. Aggressive and Immediate response ആവശ്യപ്പെട്ട പല അവസരങ്ങളിലും നാം അല്പം പകച്ചു നിന്നില്ലേ എന്ന സംശയം എനിക്കുണ്ട്. ആധുനിക മാധ്യമസാധ്യതകൾ പ്രയോജനപ്പെടുത്താൻ നാം വൈകിപ്പോയിട്ടുണ്ട് – ചിലപ്പോഴെങ്കിലും. നമ്മളുടേത് അല്പം Late Etnry ആയിരുന്നു social mediaയിൽ. ഏകദേശം BJP-Congress Patryകളുടെ കാര്യത്തിൽ സംഭവിച്ചതുപോലെ. Congress patry social mediaയെക്കുറിച്ച് ചിന്തിക്കുന്നതിനുമുൻപുതന്നെ, BJP ആധിപത്യം ഉറപ്പിച്ചു ഭരണം പിടിച്ചു. ഇതല്ല എന്റെ വിഷയം. കാലത്തിന്റെ അടയാളങ്ങൾ വായിക്കണം എന്നു നമുക്ക് പണ്ടേണ്ടമുന്നറിയിപ്പു ലഭിച്ചിട്ടുള്ളവരാണ്. ഇപ്പോൾ, നമ്മുടെ സഭയിൽ Internet Mission ജാഗ്രതയോടെ ഇടപെട്ടു തുടങ്ങി. അതിന്റെ വ്യത്യാസവും കണ്ടുതുടങ്ങി. വൈദികരെയും സന്യസ്തരെയും തെരഞ്ഞുപിടിച്ച് ആക്രമിക്കുകയും, അധിക്ഷേപങ്ങൾ ഒരു നിമിഷാർദ്ധംകൊണ്ട് ലോകം മുഴുവൻ എത്തിക്കുകയും ചെയ്യുക എന്ന അപ്രഖ്യാപിത അജണ്ടയെക്കുറിച്ച് സഭാമക്കൾ ബോധമുള്ളവരാകണം. The best lack all conviction, the worst are full of passionate intenstiy എന്ന് മഹാകവി W.B. Yeats പറഞ്ഞുവച്ചത് ഇക്കാലത്തെക്കുറിച്ചാണോ എന്നു സംശയിച്ചു പോകുന്നു.

ഉപരിതലത്തിൽ എന്തൊക്കെ ബഹളങ്ങളുണ്ടെങ്കിലും സഭയുടെ core അതിന്റെ main stream ശാന്തമായി നിശ്ശബ്ദയായി അവളുടെ സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനം തുടരുന്നു എന്നത് വിശ്വാസികൾക്ക് മാത്രം അറിയാവുന്ന രഹസ്യമാണ്. നമുക്ക് രക്ഷയുടെ സന്ദേശവും വിജാതീയർക്കു ഭോഷത്തവുമായ മഹാരഹസ്യമാണല്ലോ അത്. സഭയുടെ ഈ അക്ഷോഭ്യത, ഈ കെട്ടുറപ്പ് – ഇത് തന്നെയാണ് എതിരാളികളെ വിറളി പിടിപ്പിക്കുന്നതും. പക്ഷേ ഈ ചിന്ത നമ്മെ complacent ആക്കാൻ പാടില്ല. മാർപാപ്പ മുതൽ സാധാരണ വിശ്വാസിവരെ ചേർത്തു ബന്ധിക്കപ്പെട്ടിരിക്കുന്ന ഈ സ്നേഹപാശ

സഭ പാറയാണ്. അത് തകർക്കാൻ തക്ക ശക്തികളൊന്നും ഇതുവരെ അവതരിച്ചിട്ടില്ല എന്നത് നമ്മുടെ സ്വകാര്യ അഹങ്കാരംതന്നെ. ഐഹികമല്ലാത്ത ഈ സംവിധാനത്തിനെതിരെ നരകവാതിലുകൾ പ്രബലപ്പെടുകയില്ല എന്നത് നമ്മുടെ ആശ്വാസവും പ്രതീക്ഷയും.

ത്തിന്റെ ഇഴയടുപ്പം പുരോഗമനവാദികളായ നവോത്ഥാന നായകരെ കുറച്ചൊന്നുമല്ല വിസ്മയിപ്പിക്കുന്നത്! Cadre സ്വഭാവമുള്ള പാർട്ടികളെക്കാൾ reach and reachabiltiy കത്തോലിക്കാ സഭാസംവിധാനത്തിനുണ്ട് എന്നതാണ് സഭാവിരുദ്ധരുടെ ഏറ്റവും വലിയ തലവേദന. സഭ പാറയാണ്. അത് തകർക്കാൻ തക്ക ശക്തികളൊന്നും ഇതുവരെ അവതരിച്ചിട്ടില്ല എന്നത് നമ്മുടെ സ്വകാര്യ അഹങ്കാരംതന്നെ. ഐഹികമല്ലാത്ത ഈ സംവിധാനത്തിനെതിരെ നരകവാതിലുകൾ പ്രബലപ്പെടുകയില്ല എന്നത് നമ്മുടെ ആശ്വാസവും പ്രതീക്ഷയും. 20ാം നൂറ്റാണ്ടിലെ നിരീശ്വരവാദികൾ ഒന്നാം ലോകമഹായുദ്ധാനന്തരം ലോകത്തിൽ സഭ തീരും എന്നു പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ലോകത്തിന്റെ ജല്പനങ്ങൾക്കപ്പുറത്താണ് സഭയുടെ ഗതി എന്നത് കൃപയില്ലാത്തവർക്കു മനസ്സിലാവില്ലല്ലോ. മതം ഉപേക്ഷിക്കപ്പെടുന്നു, സഭ തകരുന്നു എന്നത് യൂറോപ്പിൽ ഒരു പരിധിവരെ നാം കണ്ടെങ്കിലും ഏഷ്യയിലും ആഫ്രിക്കയിലും സഭ വളരുകതന്നെ ചെയ്തു.

**Moral Relativism (ധാർമ്മികതയിലെ ആപേക്ഷികത 'അതും ശരി... ഇതും ശരി'')**

പ്രശ്നങ്ങളില്ല എന്ന് പ്രഖ്യാപിച്ച്, ഉള്ള പ്രശ്നങ്ങൾ ഇല്ലാതാക്കാനാവില്ല. Moral relativism ഇക്കാലത്തിന്റെ ഒരു വലിയ വെല്ലുവിളിതന്നെ. നമ്മുടെ ധാർമ്മികബോധത്തിന് absolutes ഇല്ലാതാകുന്നതു പോലെ. ആയിരക്കണക്കിന് അംഗങ്ങളുള്ള സമർപ്പിതസമൂഹങ്ങളിൽ വല്ലപ്പോഴും മാത്രം സംഭവിക്കുന്ന പിഴവുകൾ ആഘോഷിക്കുന്ന സാധാരണ വിശ്വാസി, വാസ്തവത്തിൽ എന്താണ് ചെയ്യുന്നത്? അപരന്റെ വീഴ്ചയ്ക്കു പിന്നിൽ സ്വന്തം വീഴ്ചകൾ മറയ്ക്കാൻ ശ്രമിക്കുകയല്ലേ? ''ഇവർക്കൊക്കെ ഇതാകാമെങ്കിൽ പിന്നെ എന്റെ കാര്യം പറയണോ?'' എന്ന fallacyയ്ക്കിവർ സ്വയം വിട്ടു കൊടുക്കുന്നു. നീതീകരണം തേടി, ന്യായീകരണങ്ങൾ നിരത്തി ഇക്കൂട്ടർ സൗകര്യപൂർവ്വം മറക്കുന്ന ഒരു കാര്യമുണ്ട് - നസ്രായനാണ് നമ്മുടെ ഉരകല്ല് എന്നത്. നമ്മുടെ ജീവിതത്തിൽ ചില absolutes ചില വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ എല്ലാവരും സ്വന്തമാക്കേണ്ടിരിക്കുന്നു. അങ്ങനെ മാത്രമേ സഭ കരുത്താർജ്ജിക്കൂ. സമീപകാലത്തെ ആക്രമണങ്ങളിൽ സഭ അല്പം പതറിപ്പോയി എന്നത് അംഗീകരിച്ചേ മതിയാവൂ. പക്ഷേ ലോകത്തിന്റെ പ്രതികരണശൈലി സഭയ്ക്കു തീരെ ചേരില്ലതാനും. നമ്മുടെ വിശ്വാസബോദ്ധ്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് ഓരോ പ്രതിസന്ധിയോടും ക്രിയാത്മകമായി പ്രതികരിക്കാനുള്ള കഴിവ് നാം വളർത്തിയെടുക്കേണ്ടതുണ്ട്.

**Clergy dependent Communtiy**

നമ്മുടേത് ഒരു priest dependency ഉള്ള സമൂഹമാണ്. ഒരു ഇടവകയിലെ എല്ലാ കാര്യങ്ങളും അവിടുത്തെ വൈദികന്റെ നേതൃത്വത്തിൽതന്നെ നടക്കണം എന്നു നാം ആഗ്രഹിക്കുന്നു. വൈദികന്റെ ആത്മീയ-സാമൂഹ്യ സ്വാധീനം വളരെ വലുതാണുതാനും. പക്ഷേ, സഭയിൽ majortiy ആയ അല്മായ സമൂഹത്തിന് - Latiyക്ക് - ഒരു sense of mission കുറവാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു proper conscientisationനു സമയമായിട്ടുണ്ട്. നമ്മുടെ ദൗത്യബോധം കുറഞ്ഞതിന്റെ സൂചനകളാണ് ചുറ്റും കാണുന്നത്. നമ്മൾ കുർബാനയ്ക്ക് പോകുന്നുണ്ട്, മക്കളെ സൺഡേസ്കൂളിൽ വിടുന്നുണ്ട്, സ്തോത്രകാഴ്ച കൃത്യമായി കൊടുക്കുന്നു, പിരിവുകൾ എത്തിക്കുന്നു - പക്ഷേ നമ്മുടെ Catholic Identiyയെക്കുറിച്ച് ഒരു അവബോധക്കുറവു നമ്മളെ പിടികൂടിയിട്ടുണ്ട്. ഓരോ ഇടവകയുടെയും ഘടന അപഗ്രഥിച്ചാൽ അത് ഏകദേശം ഇങ്ങനെയായിരിക്കും. എല്ലാത്തിലും തത്പരരായ ഒരു ന്യൂനപക്ഷം, കുറേപ്പേർ തികഞ്ഞ പ്രതിപക്ഷമായി നിലകൊള്ളും. ബാക്കി ആളുകൾ നിസ്സംഗതയുടെ ആവരണമണിയും. ആചാരങ്ങളൊക്കെ നമ്മൾ മുറപോലെ നടത്തും. പക്ഷേ, കത്തോലിക്കാവിളിയുടെ പൊരുളായ സാക്ഷ്യം വഹിക്കൽ എത്രമാത്രം കാര്യക്ഷമമായി നടക്കുന്നുണ്ട്?

**ദൗത്യബോധത്തിൽ കുറവ് സംഭവിക്കുന്നോ?**

കത്തോലിക്കരായ നമ്മുടെ സാന്നിദ്ധ്യം സമൂഹത്തിൽ visible ആകുന്നത് നമ്മുടെ സ്ഥാപനങ്ങളിലൂടെയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ തുടങ്ങിയവയിലൂടെ - അവിടെ നമ്മുടെ ഏറ്റവും മികച്ച മുഖമാണോ സമൂഹം കാണുന്നത്? അതോ സഭയെന്നാൽ വൈദികരും, സന്ന്യസ്തരുമല്ലേ, അവരുടെ സ്ഥാപനം അവർ നടത്തട്ടെ, എന്ന അലസ നിലപാടു സ്വീകരിക്കുന്നവരാണോ നമ്മൾ.

ക്രിസ്തു നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. വിരുന്നിനു ക്ഷണിക്കപ്പെട്ടവരാണ് നമ്മൾ. മാമ്മോദീസായിലൂടെ ദൈവം നമ്മെ ഏല്പിച്ച ദൗത്യം, നാംതന്നെ തിരസ്കരിച്ചാൽ അത് സഭയ്ക്ക്, അവളുടെ ഉള്ളിൽനിന്നു തന്നെ ഏല്ക്കുന്ന മുറിവായിരിക്കും എന്നു നാം തിരിച്ചറിയണം. അത്തരം മുറിവുകളേല്പിക്കുന്ന ക്ഷതങ്ങൾ അത്ര പെട്ടെന്ന് മായ്ക്കാനാവില്ല. നമ്മുടെ ജോലിയിടങ്ങളിലും, നാം ജീവിക്കുന്ന സമൂഹത്തിലുമൊക്കെ നമ്മുടെ കത്തോലിക്കാ വിശ്വാസത്തെക്കുറിച്ച് സംസാരിക്കുന്നത് അത്ര fashionable ആയിട്ട് കരുതപ്പെടുന്നില്ല എന്നു നമുക്കനുഭവമുള്ള കാര്യമാണല്ലോ. നാം എപ്പോഴും ഓർക്കേണ്ട ഒരു കാര്യം, ക്രിസ്തീയത ഈ ലോകത്തിൽ ഒരു പ്രതിസംസ്കാരമാണ് എന്നതാണ്. അല്മായ സമൂഹം കരുത്തോടെ ബോധ്യത്തോടെ ഉണർന്നു പ്രവർത്തിച്ച് ജാഗ്രതയുടെ വേലിക്കെട്ടുകളുയർത്തിയില്ലെങ്കിൽ കഴിഞ്ഞ തലമുറകൾ കാത്തുസൂക്ഷിച്ച് കുറവില്ലാതെ കൈമാറിയ വിശ്വാസപൈതൃകം തകർത്തവർ എന്ന് നാം പിൽക്കാലത്ത് മുദ്രകുത്തപ്പെടും.

**How faithful am I? (സഭയോടുള്ള എന്റെ പ്രതിബദ്ധതയുടെ ആഴമെത്ര?)**

എനിക്ക് സഭാസ്ഥാപനത്തിൽ ജോലി ലഭിച്ചാൽ ഞാൻ അച്ചടക്കമുള്ള സഭാനുയായി. ആഗ്രഹിച്ചതു കിട്ടിയില്ലെങ്കിൽ സഭാവിരോധി എന്നതാണ് നമ്മുടെ നിലപാടെങ്കിൽ ഞാൻ സഭയെ ഒരു placement agency ആയി തരംതാഴ്ത്തുകയല്ലേ? ഒരു സമർപ്പിതൻ ഒരു ഉദ്യോഗത്തിന്റെപേരിൽ, സ്ഥാനലബ്ധിയുടെ പേരിൽ വൈദികവൃത്തി ഉപേക്ഷിച്ചാൽ സഭയിൽ കാണേണ്ടവനെ കണ്ടില്ല എന്നല്ലേ അതിന്റെ അർത്ഥം? സഭ ഒരു social service agency മാത്രം അല്ല – സഭയ്ക്ക് ഒരു organisational strcuture ഉണ്ടെങ്കിലും അതൊരു പ്രസ്ഥാനവുമല്ല. Catholic Identity വിശ്വാസിയുടെ സ്വത്വബോധം കൃത്യമായി വിവേചിച്ചറിയാൻ നാം ശ്രമിക്കേണ്ടതുണ്ട്. സഭയിലാകമാനം ഒരു Identity Crisis ഇല്ലേ എന്നും സംശയിച്ചു പോകുന്നു. ഞാൻ ആരാണ് – എന്റെ ദൗത്യം എന്താണ് – എന്ന് ഓരോ stakeholder ഉം കൃത്യമായി മനസ്സിലാക്കിയാലേ ഈ സംവിധാനം അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുകയുള്ളൂ. അത്മായനും അജപാലകനും ഒരേപോലെ ഫലദായകമായി ദൗത്യനിർവ്വഹണം നടത്തുമ്പോഴാണ് സഭ വളരുന്നത്.

**അല്പം സന്ന്യസ്ത വിശേഷങ്ങൾ**

Malcolm Muggeridge Mother Teresaയുടെ സന്ന്യാസസമൂഹത്തെക്കുറിച്ച് പറഞ്ഞത് ഇവിടെ വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നുന്നു. മദർ തെരേസയോടുള്ള സ്നേഹം agnostic ആയിരുന്ന Muggeridgeനെ കത്തോലിക്കനാക്കി! 1960കളിലും 70കളിലും social commitment ഒരു catchphrase ആയി മാറിയിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരിക, സാമൂഹ്യനീതിയും സമത്വവും ഉറപ്പുവരുത്തുക മുതലായ നീക്കങ്ങൾ കരുത്താർജ്ജിച്ചു. ധാരാളം പുതിയ സന്ന്യാസസമൂഹങ്ങൾ യൂറോപ്പിലും അമേരിക്കയിലും ജന്മമെടുത്തു. കൗദാശിക ജീവിതത്തിന് വലിയ പ്രാധാന്യം കല്പിക്കാത്ത social justice എന്ന മൂല്യം മുറുകെപ്പിടിച്ച് ദൗത്യം ആരംഭിച്ചവരാണിവർ. തെരുവുകുട്ടികളെ അവർ പുനരധിവസിപ്പിച്ചു. വിദ്യാഭ്യാസം നൽകി. വേശ്യാവൃത്തിയിലേർപ്പെട്ടിരുന്ന സ്ത്രീകളെയും രക്ഷപെടുത്തി. ഈ പുതിയ സമൂഹങ്ങൾ വളരെ liberal ആയിട്ട് ചിന്തിച്ചു. Religious habit നിർബന്ധമില്ല – high healed shoes ഉപയോഗിച്ചാൽ എന്താണ് കുഴപ്പം? lipstick ഉപയോഗിച്ചാൽ എന്താ പ്രശ്നം... എന്നിങ്ങനെ. ഏകദേശം ഇതേ കാലഘട്ടത്തിലാണ് Missionaries of Chartiy ജന്മമെടുത്തത്. രണ്ട് സാരി, ഒരു ജോടി ചെരുപ്പ്, പരിമിതമായ ജീവിതസാഹചര്യങ്ങൾ, നിഷ്ഠയോടെയുള്ള കുർബ്ബാനയർപ്പണവും സമൂഹപ്രാർത്ഥനയും... Rigourous... Tough and meagre life. ഇവിടെ മദർ ഒരു വിട്ടുവീഴ്ചയും അനുവദിച്ചില്ല. അന്നാരംഭിച്ച ലിബറൽ സമൂഹങ്ങൾക്ക് കാൽനൂറ്റാണ്ടു പോലും ആയുസ്സുണ്ടായില്ല. പലരും സഭ തന്നെ ഉപേക്ഷിച്ചുപോയി. Missionaries of Chartiy ലോകം മുഴുവൻ പടർന്നു പന്തലിച്ചു. കാരണം വളരെ വ്യക്തമാണല്ലോ. കൗദാശികജീവിതം. മദർ തെരേസ നിർബന്ധപൂർവ്വം പറഞ്ഞു – ഇവിടെ ഇതാണ് രീതി – ഈ Rigour പാലിക്കാൻ പറ്റുന്നവർക്കു മാത്രം സ്വാഗതം. ബാക്കി ചരിത്രത്തിന് കാലം സാക്ഷി. ക്രിസ്ത്യാനിയുടെ ജീവിതത്തിൽ priortiy and focus നഷ്ടപ്പെട്ടാൽ വ്യക്തിയുടെയും സമൂഹത്തിന്റെയും തകർച്ച ആരംഭിക്കുകയായി. ഈ സംഭവത്തിൽനിന്ന് നാം ആർജ്ജിക്കേണ്ട ചില തിരിച്ചറിവുകളുണ്ട്. വീരോചിതമായി സുവിശേഷത്തിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടവരാണ് സഭാംഗങ്ങളെല്ലാവരും. Social commitment എന്നത് നാം സുവിശേഷം ജീവിക്കുമ്പോൾ ആ ബോധ്യത്തിൽ നിന്നുയിർകൊള്ളുന്ന ഉപഉല്പന്നം മാത്രമാണ് – a corollary to the primary call of witnessing Christ. ക്രിസ്തുവില്ലാതെ benefits മാത്രം കൊടുത്താൽ evangelisation എന്ന

ലോകത്തിന്റെ കച്ചവട സംസ്കാരവുമായി സഭ സമരസപ്പെട്ടാൽ സഭയുടെ ആത്മാവിനു മുറിവേൽക്കും എന്നതിന് അടുത്ത കാലത്ത് അരങ്ങേറിയ പല സംഭവങ്ങളും തെളിവായി നിരത്താം.

പ്രാഥമിക ദൗത്യം പരാജയപ്പെടും. Social Justice ഉറപ്പാക്കൽ സർക്കാരിനും പറ്റും; പക്ഷേ സുവിശേഷബദ്ധതയും ത്യാഗസന്നദ്ധതയും നഷ്ടപ്പെട്ടാൽ സഭയുടെ നെടുംതൂണുകൾ ഇളകുമെന്ന് കാലം തെളിയിച്ചു കഴിഞ്ഞു.

സഭയുടെ ചരിത്രഗതിയിൽ എവിടെങ്കിലും compromiseകൾ വേണ്ടിവന്നിട്ടുണ്ടെങ്കിൽ ആ മേഖലകളിലൊക്കെ നമ്മുടെ ശബ്ദത്തിന്റെ ഉറപ്പും നഷ്ടപ്പെട്ടിട്ടുണ്ട്. ലോകത്തിന്റെ കച്ചവട സംസ്കാരവുമായി സഭ സമരസപ്പെട്ടാൽ സഭയുടെ ആത്മാവിനു മുറിവേൽക്കും എന്നതിന് അടുത്ത കാലത്ത് അരങ്ങേറിയ പല സംഭവങ്ങളും തെളിവായി നിരത്താം. സഭയുടെ ദിശാബോധം നഷ്ടപ്പെട്ടാൽ നാം അപ്രസക്തരാകും. സഭാംഗങ്ങൾ പുലർത്തുന്ന കാഴ്ചപ്പാടുകൾ തന്നെയാണ് സഭയുടെ വളർച്ചയ്ക്കും തളർച്ചയ്ക്കും കാരണമാകുന്നതെന്ന് നമുക്കറിയാം. അല്മായശക്തിയെന്ന സമ്പത്ത് പൂർണ്ണമായും ഉപയുക്തമാക്കുന്ന ശുശ്രൂഷകർ അതാത് ഇടവകകളിൽ ദൈവരാജ്യനിർമ്മിതിയിൽ വിജയിച്ച് മടങ്ങുന്നത് നാം കാണാറുണ്ട്. ഇടയനെ സ്നേഹിക്കുന്ന, കരുതുന്ന, ബഹുമാനിക്കുന്ന ദൈവജനം, സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ വഹിക്കുന്ന പങ്ക് എത്ര വലുതാണെന്നും നമുക്കറിയാം. ഈ വലിയ പാരസ്പര്യം - complementartiy സഭയിൽ നൂറുമേനി ഫലദായകത്വം ഉറപ്പാക്കുമെന്നും പ്രത്യേകിച്ച് പറയേണ്ടതില്ല. പക്ഷേ, ചുരുക്കമായിട്ടെങ്കിലും വിശ്വാസികൾ ഇങ്ങനെ ചിന്തിച്ചു പോകാറുണ്ട് - സഭാകാര്യങ്ങൾ വൈദികർ നടത്തിക്കൊള്ളും - ''അവരും നമ്മളും'' എന്നൊരു ചേരിതിരിവ് ഉണ്ട് എന്ന ധാരണ അകന്നു നിൽക്കാൻ പ്രേരകമാകും. ''ആരും എന്നെ ക്ഷണിച്ചില്ല... ഇടിച്ചു കേറുന്നത് എന്റെ സ്വഭാവമല്ല''. മുതലായ കമന്റുകളും പരാതികളും നാം കേൾക്കാറുണ്ട്. ഈ മനോഭാവത്തിനുള്ള വ്യക്തമായ ഉത്തരം Decree on the Apostolate of the Latiyയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. "You don't need to be asked or invited to do something in your Faith... Don't wait for the Bishop or clergy to call you... You have already been asked by Christ himself '. ദൈവംതന്നെ ക്ഷണിച്ചിട്ടുണ്ട്, പിന്നെ മറ്റു ക്ഷണത്തിനായി കാത്തു നിൽക്കണോ? അല്മായരായ നാം, ''ആരെങ്കിലും പറഞ്ഞിരുന്നെങ്കിൽ ഞാൻ ചെല്ലുമായിരുന്നു'' എന്ന മനോഭാവം അനാദി മുതലേയുള്ള ക്ഷണത്താൽ അപ്രസക്തമായിരിക്കുന്നു! Apostolicam Actuositatem എന്ന Decree യിൽ മാമ്മോദീസാ വേളയിലുള്ള ദൈവത്തിന്റെ ക്ഷണത്താൽതന്നെ നാലു ദൗത്യങ്ങൾ സ്വർഗ്ഗം നമ്മെ ഭരമേല്പിച്ചു കഴിഞ്ഞു എന്ന് ഓർമ്മപ്പെടുത്തുന്നു.

(1) ജീവിതംകൊണ്ട് സാക്ഷ്യം വഹിക്കുക.

(2) സ്നേഹവും കാരുണ്യവും ജീവിതത്തിലുടനീളം പ്രകടിപ്പിക്കുക.

(3) ലോകത്തിലുള്ള നമ്മുടെ പ്രവർത്തന മേഖലകളെ വിശുദ്ധീകരിച്ചു നവീകരിക്കുക.

(4) മറ്റുള്ളവരോട് സുവിശേഷം പങ്കുവയ്ക്കുക. ഇതിൽനിന്ന് ഒരു അത്മായനും ഒഴിവില്ല. ദൗത്യനിർവ്വഹണത്തിന് പ്രത്യേക invitationനും scheduleനും വേണ്ടി കാത്തുനിൽക്കുകയും വേണ്ട.

**ക്രൈസ്തവരുടെ സ്വാധീനം കുറയുന്നുണ്ടോ?**

രാഷ്ട്രീയരംഗത്തും, ഭരണരംഗത്തും, സാമൂഹികരംഗങ്ങളിലും ക്രൈസ്തവസമുദായത്തിന്റെ സ്വാധീനം കുറഞ്ഞുവരുന്നു എന്നത് നാം ശ്രദ്ധിക്കാതെ പോകരുത്. അതിന് ഒരുപിടി കാരണങ്ങളുണ്ട്:

(1) ന്യൂനപക്ഷ സംരക്ഷണത്തെക്കുറിച്ച് അറിവില്ല. ലഭിക്കാൻ സാധ്യതയുള്ള ആനുകൂല്യങ്ങളെന്തെന്ന് മനസ്സിലാക്കിയിട്ടില്ല. കിട്ടില്ല എന്നോർത്ത് ലഭ്യമാക്കാൻ ശ്രമിക്കുക പോലുമില്ല.

(2) ക്രൈസ്തവ വിഭാഗങ്ങൾ തമ്മിൽ നിലനില്ക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ - ഐക്യമില്ലായ്മ നമ്മുടെ ശക്തി ചോർത്തുന്നു.

(3) 'മതേതരന്മാ'ർ എന്ന് പൊതുസമൂഹത്തിൽ വരുത്തിത്തീർക്കാൻ ശ്രമിക്കുന്ന നമ്മുടെതന്നെ സമുദായാംഗങ്ങൾ ഉയർത്തുന്ന വെല്ലുവിളിയും ചെറുതല്ല. 'ബുദ്ധിജീവി' എന്ന ലേബലിന് സഭാസ്നേഹം വിലങ്ങുതടിയാണെന്ന് പലരും കരുതുന്നു.

(4) ക്രൈസ്തവ സ്ഥാപനങ്ങളിലെ അധ്യാപകരിൽ ചെറുതല്ലാത്ത ഒരു ഭാഗം സെക്കുലർ ലേബൽ ഇഷ്ടപ്പെടുന്നു.

(5) സമുദായനിന്ദയും, മതനിഷേധവും, anti-establishment നിലപാടുകളുമാണ് സാംസ്കാരികനായകരായി അംഗീകരിക്കപ്പെടുവാൻ ഇപ്പോൾ വേണ്ടയോഗ്യതകൾ.

നമ്മളിൽ ചിലരെങ്കിലും ആവേശത്തോടെ ഈ പാതയിലൂടെ സഞ്ചരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം.

**Church Act ഉം അനുബന്ധ പ്രശ്നങ്ങളും**

Church Act നു വേണ്ടിയുള്ള മുറവിളി സഭയ്ക്കുള്ളിൽ ഒരു political infitlration നടത്താനുള്ള ശ്രമം മാത്രമാണെന്ന് മനസ്സിലാക്കുന്നതിൽ കുറെ വിശ്വാസികളെങ്കിലും പരാജയപ്പെട്ടിട്ടുണ്ട്. സഭയുടെ സ്ഥാവര ജംഗമവസ്തുക്കളുടെ പരമാധികാരം വിശ്വാസികൾക്കു ചർച്ച് ആക്ട് വഴി ലഭ്യമാക്കാൻ പോകുന്നു എന്നാണല്ലോ Propoganda – ഇപ്പോഴത്തെ അവസ്ഥ പിന്നെന്താണ്? ഇപ്പോഴാരാണ് സഭാസ്വത്തിന്റെ അവകാശികൾ? President of India Army യുടെ Supreme Commandar in Chief ആയിരിക്കുന്നതുപോലെ മെത്രാൻ തത്വത്തിൽ സഭാസ്വത്തിന്റെ അവകാശിയായിരിക്കുന്നു. ഒരുതരം Trusteeshipനപ്പുറം ഒന്നുമല്ലാത്ത ഈ നൈയാമിക ഉടമസ്ഥതയെക്കുറിച്ച് ബോധ്യമില്ലാഞ്ഞിട്ടാണോ ഈ പ്രകടനങ്ങളൊക്കെ എന്നു മനസ്സിലാകുന്നില്ല. സഭാസംവിധാനത്തിലേക്ക് നുഴഞ്ഞുകയറി സാവധാനം വിശ്വാസകാര്യങ്ങളിലും ആചാരങ്ങളിലും കൂടി പിടിമുറുക്കാനുള്ള ശ്രമങ്ങളെ വായിച്ചറിയുന്നതിൽ പ്രബുദ്ധരായ നമ്മൾ പിന്നോക്കം പോകരുത് എന്ന് ജാഗ്രതയുള്ളവർ മുന്നറിയിപ്പ് നൽകി കഴിഞ്ഞു. തൽക്കാലം shelf ചെയ്തിരിക്കുന്ന ഈ ബിൽ അനുകൂലാവസ്ഥയിൽ ഗവൺമെന്റ് പുറത്തെടുക്കും എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. സഭയുമായി direct confrontationൽ പരാജയപ്പെട്ടാൽ പിൻവാതിലിലൂടെ തത്പരകക്ഷികൾ ഇത് നടപ്പാക്കാനുള്ള പഴുതു നോക്കും. സഭാസമൂഹങ്ങൾ തമ്മിൽ ഐക്യവും ജാഗ്രതയും അവശ്യം പുലരേണ്ടണ്ടഅവസരമാണിത്. ഈ ചർച്ച് ആക്ടിനെക്കുറിച്ച്, സമൂഹത്തിന്റെ കാവലാളുകൾ എന്ന് സ്വയം പ്രഖ്യാപിച്ച്, വ്യാഖ്യാനങ്ങൾ നൽകുന്നതു കേട്ട്, നമ്മിൽ പലരുംപോലും, തെറ്റിദ്ധരിച്ചു പോയിട്ടില്ലേ? അല്ലെങ്കിൽതന്നെ ഏതു മെത്രാനും പുരോഹിതനുമാണ് അവരുടെ Term കഴിയുമ്പോൾ പള്ളിയിൽനിന്നും എന്തെങ്കിലും കൊണ്ടുപോയിട്ടുള്ളത്? സഭയ്ക്കെതിരെ വിമർശനങ്ങൾ ഉയർത്തുന്ന നമ്മളിൽ പലരും വ്യക്തിപരമായ ചില പിണക്കങ്ങൾക്ക്

യേശു ബഥാനിയായിൽ വന്നപ്പോൾ മറിയം മേൽത്തരം സുഗന്ധതൈലം കൊണ്ടുവന്ന് അവന്റെ പാദങ്ങളിൽ പൂശി – പരിമളം കൊണ്ട് ഭവനം നിറഞ്ഞു – ആ സന്ദർഭത്തിൽ അവനെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസ് പറഞ്ഞത് നമുക്കറിയാം

ആദർശ പരിവേഷം ചാർത്തി പ്രതിപക്ഷം കളിക്കുന്നവരല്ലേ?

സുവിശേഷത്തിൽ ഒന്നാംതരം ഒരു ഉദാഹരണം ഉണ്ട് ഈ മനോഭാവത്തിന്. യോഹന്നാൻ 12ൽ നാമതു കാണുന്നു. യേശു ബഥാനിയായിൽ വന്നപ്പോൾ മറിയം മേൽത്തരം സുഗന്ധതൈലം കൊണ്ടുവന്ന് അവന്റെ പാദങ്ങളിൽ പൂശി – പരിമളം കൊണ്ട് ഭവനം നിറഞ്ഞു – ആ സന്ദർഭത്തിൽ അവനെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസ് പറഞ്ഞത് നമുക്കറിയാം – ''ഇത് വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നു'' – യൂദാസിന്റെ മനോവ്യാപാരം കൃത്യമായി മനസ്സിലാക്കിയ യേശു പറഞ്ഞു– ''ഇത് ദരിദ്രരോടുള്ള പക്ഷംചേരലല്ല – അവൻ ഇത് പറഞ്ഞത് പണസഞ്ചി അവന്റെ കൈയിലായിരുന്നതുകൊണ്ടാണ്'' –എന്ന്. യൂദാസിന്റെ പ്രതികരണം തികച്ചും ശരിയല്ലേ എന്നു നാമും ചിലപ്പോൾ ചിന്തിച്ചു പോകും. പക്ഷേ, ക്രിസ്തുവിന്റെ പ്രതികരണം ഒരുപാടു സത്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. നമ്മുടെ പല വിമർശനങ്ങളും നമ്മുടെ വ്യക്തി താത്പര്യങ്ങൾ ഹനിക്കപ്പെടുമ്പോൾ നാം ഉയർത്തുന്നതല്ലേ? ആദർശപരിവേഷം കൊടുത്തു നാം അവതരിപ്പിക്കും എന്നു മാത്രം. സഭയാകമാനം corrupt ആണ് – അഴിമതിയാണ് – അധികാരപ്രമത്തതയാണ് എന്നൊക്കെ നാം വിധി പ്രസ്താവിക്കും.

ഈ സംവിധാനത്തിൽ ചില പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. പക്ഷേ നാം മനസ്സിൽ കുറിച്ചിടേണ്ട ഒരു വസ്തുതയുണ്ട് – നമ്മളാണ് ഈ കാലഘട്ടത്തിലെ സഭ. തിരുത്തപ്പെടേണ്ടത് തിരുത്തപ്പെടുകതന്നെ വേണം. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന പാളിച്ചകൾക്ക് മുമ്പേ, കൊടിയ അഹന്ത സഞ്ചരിക്കുന്നു എന്നു നമുക്കറിയാം. മാധ്യമങ്ങൾ ഏറെ ഘോഷിച്ച സി. ജെസ്മി, സി. ലൂസി സംഭവങ്ങൾ തന്നെ ഉദാഹരണം. Philosophy of Etxreme Individualism – വ്യക്തിവാദം – തന്നെയാണ് സന്യാസത്തിലെ ഏറ്റവും pitfall – അഹം തന്നെയാണ് വീഴ്ചയ്ക്ക് കളമൊരുക്കുന്നത്. ദൈവകൃപയിൽ മുങ്ങിക്കുളിച്ചു നിന്നില്ലെങ്കിൽ പൗരോഹിത്യസന്ന്യാസങ്ങൾ

വെറും bachelorhood അല്ലെങ്കിൽ spinsterhood മാത്രമായി അധഃപതിക്കും; ഭാര്യാഭർതൃബന്ധം വെറും കൂടിത്താമസവുമാകും. Self വ്യക്തി – എന്ന യാഥാർത്ഥ്യം ക്രിസ്തുവിൽ മറയുമ്പോഴാണല്ലോ സമർപ്പണം ജനിക്കുന്നത് – Ego has to be reduced to zero.

അത്മായർ വളർത്തേണ്ടതും ഇതേ മനോഭാവംതന്നെ. C.S. Lewis ന്റെ ഒരു പരാമർശം ഓർമ്മ വരുന്നു. നമ്മുടെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി നരകത്തിൽ ധാരാളം നല്ലവരെയും കഴിവുറ്റവരെയും നമുക്കു കണ്ടുമുട്ടേണ്ടി വരും. അവരൊക്കെ വളരെ മിടുക്കരായിരുന്നു, പക്ഷേ അവരുടെ മോക്ഷപ്രാപ്തി അഹന്തയിൽ ഉടക്കി നഷ്ടപ്പെടുത്തിയവരാണവർ എന്ന്! നമ്മുടെ ജീവിതം ഒന്നു പരിശോധിച്ചാൽ നാം പലപ്പോഴും മദ്യപന്മാരെയും വ്യഭിചാരികളെയും വരെ സ്നേഹിച്ചുപോകും. പക്ഷേ അഹങ്കാരം നിറഞ്ഞ, നിരന്തരം സ്വയം നീതീകരിച്ചു നിൽക്കുന്നവരെ ഉൾക്കൊള്ളാൻ നമുക്കൊക്കെ പ്രയാസമില്ലേ? ''വിശുദ്ധനായ/വിശുദ്ധയായ എനിക്ക് ഈ സമൂഹത്തിൽ നിൽക്കാൻ പറ്റില്ല. മറ്റൊരു സംവിധാനം സ്ഥാപിച്ചേക്കാം'' എന്ന് ചരിത്രത്തിൽ ചിലർക്കൊക്കെ തോന്നിയതിനും കാരണം ഈ അഹംതന്നെ. അധികാരികൾക്കു വഴങ്ങുക, Ego surrender ചെയ്യുക എന്നത് പ്രയാസമായി അനുഭവപ്പെടുന്നിടത്താണ് ജെസ്സിമാരും ലൂസിമാരും ഒക്കെ ജനിക്കുന്നത്. അനുസരിക്കാൻ എളിമ വേണം – തനിക്കിഷ്ടമുള്ളതു മാത്രം സ്വീകരിച്ചാൽ എങ്ങനെ ഏതെങ്കിലും സിസ്റ്റത്തിന്റെ ഭാഗമാകും? കുടുംബത്തിലും ഇതു തന്നെയല്ലേ നടക്കുന്നത്? എത്രമാത്രം ത്യാഗവും, എളിമയും, വിട്ടുവീഴ്ചയും ജീവിതക്രമമാക്കിയാണ് ഓരോ ദിവസവും കടത്തിവിടുന്നത് എന്ന് അത്മായ സഹോദരങ്ങളുള്ള ഇവിടെ ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ? സന്യസ്തരായ എന്റെ പല സുഹൃത്തുക്കളും പറഞ്ഞ ഒരു കാര്യം പങ്കുവയ്ക്കട്ടെ. വ്രതത്രയത്തിൽ കന്യാവ്രതപാലനവും, ദാരിദ്ര്യാരൂപിയും ഒരു പ്രശ്നമായി അനുഭവപ്പെടാറില്ല. അനുസരണമാണ് പാലനത്തിൽ ഏറ്റവും പ്രയാസമേറിയത് എന്ന്! ആത്മാവിന്റെ വരദാനഫലങ്ങളില്ലാതെ ഒരന്തസ്സിലും ആർക്കും സമാധാനത്തോടെ പിടിച്ചു നിൽക്കാനാവില്ല എന്നതല്ലേ സത്യം? അഭിപ്രായവ്യത്യാസങ്ങൾ, പൊരുത്തക്കേടുകൾ ഒക്കെ സ്വാഭാവികംതന്നെ. പക്ഷേ അതിനുള്ള വേദികളിൽ പക്വതയോടെ പ്രകടിപ്പിക്കണം എന്നു മാത്രം. സന്യാസഭവനങ്ങളും കുടുംബങ്ങളും ഒക്കെ ഈ dedicate balanceൽ പ്രവർത്തിക്കുന്ന ഇടങ്ങളല്ലേ?

സന്യാസപൗരോഹിത്യങ്ങൾ മൺപാത്രങ്ങളാകുന്ന ബലഹീന മനുഷ്യരിലല്ലേ നിക്ഷേപിക്കപ്പെടുന്നത്? അതുകൊണ്ടുതന്നെ നമ്മളിതിനെ 'Treasure in Clay' എന്നു വിശേഷിപ്പിക്കുന്നു. നിരന്തര പ്രാർത്ഥനയാകുന്ന പശകൊണ്ട് മണ്ണു കുഴച്ചില്ലെങ്കിൽ പാത്രം ഉടയും എന്നത് സങ്കടകരമായ യാഥാർത്ഥ്യം. ആർമിയിൽ സേവനം ചെയ്യുന്ന ഒരാൾ, എനിക്ക് 5 മണിക്ക് ഉണർന്ന് വ്യായാമവും റോൾകോളും പറ്റില്ല, 7 മണി മുതൽ രാജ്യസുരക്ഷയിൽ ഏർപ്പെട്ടുകൊള്ളാം എന്നു പറഞ്ഞാൽ അയാൾക്ക് ആ setup ൽ സ്ഥാനമില്ല. പ്രാതലിന് 2 ചപ്പാത്തി മാത്രം എന്ന നിഷ്ഠ പാലിക്കാൻ തയ്യാറായില്ലെങ്കിൽ അയാൾക്ക് സ്വന്തം വീടിന്റെ സുഭിക്ഷതയിലേക്ക് മടങ്ങാം – കാരണം ഇവിടെ ഇതാണ് രീതിയും ക്രമവും! വൈദികർക്കോ, സന്യസ്തർക്കോ, ഭാര്യാഭർത്താക്കന്മാർക്കോ താന്താങ്ങളുടെ വിളി നിർബന്ധപൂർവ്വം ആവശ്യപ്പെടുന്ന ത്യാഗങ്ങളനുഷ്ഠിച്ച് എളിമപ്പെട്ടു നിൽക്കാനാവുന്നില്ലെങ്കിൽ അതു വലിയ വെല്ലുവിളി ഉയർത്തും. തീർച്ച.

ഒരു രാജ്യത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്ന സൈന്യത്തിന്റെ rigour വളരെ വലുതാണ് – അതിനേക്കാൾ എത്രയോ വലിയ നിയോഗമാണ് സഭയുടേത്? സഭയുടെ militant force ആണ് സന്യസ്തർ – അവർ കലാപം ഉണ്ടാക്കാൻ തുടങ്ങിയാൽ ഈ സംവിധാനം നിലനില്ക്കുമോ? തമ്പുരാൻ ഭരമേല്പിച്ച ഈ ദൗത്യം എത്രയോ നൂറ്റാണ്ടുകളായി പരീക്ഷിച്ച് വിജയിച്ച പന്ഥാവിലൂടെയാണ് മുന്നോട്ടു നീങ്ങുന്നത്. അർപ്പിത ബ്രഹ്മചര്യം വേണ്ട – അതാണ് ഈ പ്രശ്നത്തിനൊക്കെ കാരണം – 'അവർ കെട്ടിക്കോട്ടെ' എന്ന് പ്രഖ്യാപിക്കുന്നവരുടെ കൂട്ടത്തിൽ കത്തോലിക്കരും ഉണ്ട് എന്നതാണ് സങ്കടകരം. കെട്ടിയ നമ്മുടെയൊക്കെ കാര്യം ഭദ്രമാണോ? അങ്ങനെയെങ്കിൽ ഒരു ഭാര്യയും ഭർത്താവും വഴിതെറ്റരുതല്ലോ? എന്താണ് യാഥാർത്ഥ്യം? ലൂസിക്ക് നീതി എന്നു കേട്ടപ്പോഴേ ചാടി പുറപ്പെട്ട ഒരുപാടു കത്തോലിക്കരുണ്ടല്ലോ? എന്തറിഞ്ഞിട്ടാണ് ഈ പടപ്പുറപ്പാട് എന്ന സന്ദേഹം എനിക്കുണ്ട്. പട്ടാളത്തെ പിരിച്ചുവിട്ടാൽ സമാധാനം സ്വയം സംജാതമാകും എന്നു പറയുന്നതുപോലെയല്ലേ ഇത്? നാം സുരക്ഷിതരായി ഉറങ്ങുന്നത് അതിർത്തിയിൽ

> സന്യസ്തരായ എന്റെ പല സുഹൃത്തുക്കളും പറഞ്ഞ ഒരു കാര്യം പങ്കുവയ്ക്കട്ടെ. വ്രതത്രയത്തിൽ കന്യാവ്രതപാലനവും, ദാരിദ്ര്യാരൂപിയും ഒരു പ്രശ്നമായി അനുഭവപ്പെടാറില്ല. അനുസരണമാണ് പാലനത്തിൽ ഏറ്റവും പ്രയാസമേറിയത് എന്ന്!

നമ്മെ കാക്കുന്നവർ ജാഗ്രതയോടെ ഉണർന്നിരിപ്പുണ്ട് എന്ന ഉറപ്പിലല്ലേ? കത്തോലിക്കാസഭയുടെ ആത്മബലവും ശക്തിയും കരുത്തുമായ ഈ അർപ്പിത ജീവിതങ്ങൾ ഉണർന്നിരിക്കുന്നതുകൊണ്ടാണ് അത്മായരായ നമ്മൾ ഈ ലോകത്തിന്റെ വഴികളിൽ ഇങ്ങനെയെങ്കിലുമൊക്കെ സഞ്ചരിക്കുന്നത്.

സോഷ്യൽ മീഡിയയിൽ സത്യമറിയാതെ പ്രതികരിക്കുന്ന സഭാംഗങ്ങളുടെ എണ്ണം ഞെട്ടിക്കുന്നതാണ്. പണ്ടൊക്കെ നമ്മുടെ ഒരു ലേഖനമോ, കഥയോ, കവിതയോ പത്രത്തിലോ മറ്റോ അച്ചടിച്ചു വരുമ്പോൾ നാം അനുഭവിച്ചിരുന്ന അതേ സന്തോഷമാണ് സോഷ്യൽ മീഡിയായിൽ വിമർശനങ്ങളും കമന്റുകളും പടച്ചുവിടുമ്പോൾ ഇത്തരക്കാർ അനുഭവിക്കുന്നത്. എല്ലാവരും journalistകളും, കുറ്റാന്വേഷകരും, സത്യം വിളിച്ചു പറയുന്നവരും, നവോത്ഥാന നായകരും, സാമൂഹിക പരിഷ്ക്കർത്താക്കളും, വിധികർത്താക്കളും ഒക്കെയാകുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത് എന്ന ബോധ്യം നമുക്കു വേണം. ഇത്തരം 'Ek Din Ka Sultan' മാരുടെ നൈമിഷിക സന്തോഷത്തിനുവേണ്ടി എത്രയോ മനുഷ്യരുടെ സമാധാനവും സത്പേരും തകർക്കപ്പെടുന്നു. അടിച്ചേല്പിക്കുന്ന ദുഃഖത്തിന്റെ ആഴം അളവിനുമപ്പുറമാണ്. ഇരിക്കുന്ന കൊമ്പു മുറിക്കുന്ന പണിയല്ലേ നമ്മൾ ചെയ്യുന്നത്?

> സത്യം വിളിച്ചു പറയുന്നവരും, നവോത്ഥാന നായകരും, സാമൂഹിക പരിഷ്ക്കർത്താക്കളും, വിധികർത്താക്കളും ഒക്കെയാകുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത് എന്ന ബോധ്യം നമുക്കു വേണം.

### സഭയിലെ സ്ത്രീ പങ്കാളിത്തം

സഭയിലെ സ്ത്രീശക്തി എല്ലാക്കാലവും അത്ഭുതങ്ങൾ രചിക്കാൻ കഴിവുള്ള സാന്നിദ്ധ്യമായിരുന്നു. ലൂക്കാ 24:22ൽ പറയുന്നതുപോലെ ''ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകൾ ഞങ്ങളെ വിസ്മയിപ്പിച്ചു''. സ്ത്രീകളെ ദൈവം ചില പ്രത്യേക കൃപകൾകൊണ്ട് നിറച്ചിട്ടുണ്ട് (മറുവശവും ഉണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു!). സഭയുടെ സമഗ്രമായ ഉന്നമനത്തിന് നമുക്കീ കഴിവുകൾ പൂർണ്ണമായി വിനിയോഗിക്കാനാവണം. പക്ഷേ അത്മായസ്ത്രീകളായ നമ്മുടെ പ്രഥമവും പ്രധാനവുമായ കർമ്മരംഗം കുടുംബംതന്നെയാണ്. അവിടെയാണ് സഭ യഥാർത്ഥത്തിൽ പണിയപ്പെടുന്നത്. സ്ത്രീയുടെ ത്യാഗവും, ജാഗ്രതയും, കരുതലും സഭാഗാത്രത്തെ ഉറപ്പോടെ പണിതുയർത്തും. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ പെരുന്തോട്ടം പിതാവ് ഒരിക്കൽ മാതൃവേദിയുടെ ഒരു സമ്മേളനത്തിൽ പറഞ്ഞത് ഓർക്കുന്നു: ''കുടുംബകാര്യങ്ങൾ ഭദ്രമാക്കിയിട്ടു മതി സഭാപ്രവർത്തനം. കുടുംബം ഗാർഹികസഭയാണെന്ന് ഒരിക്കലും മറക്കാതിരിക്കുക'' എന്ന്. ഞങ്ങളുടെ ഇടവകയിൽ കൽക്കുരിശ് മാസങ്ങൾകൊണ്ട് പണിയപ്പെട്ടത് അവിടുത്തെ സ്ത്രീസമൂഹത്തിന്റെ കരുത്ത് ഒന്നുകൊണ്ട് മാത്രമാണ്. പിരിവിനു പോലും സ്ത്രീകളാണ് ഒരുപടി മുന്നിലെന്ന് ഞങ്ങൾ കാണിച്ചു കൊടുത്തു! വലിയ സംഭാവനകൾ സഭയ്ക്ക് നൽകാൻ കഴിവുള്ള സ്ത്രീസമൂഹത്തെ ആദരവോടെ നമിക്കുന്നു.

### ഉപസംഹാരം

പാസ്റ്ററൽ കൗൺസിൽ തുറന്ന ചർച്ചകളുടെയും സംവാദങ്ങളുടെയും വേദിയാണല്ലോ - സമുദായത്തെ സംബന്ധിക്കുന്ന, എല്ലാ കാര്യങ്ങളും നിരീക്ഷണത്തിനും, വിലയിരുത്തലിനുമൊക്കെ വിധേയപ്പെടുത്തുന്ന ഗൗരവമുള്ള ഒരു സംവിധാനമാണല്ലോ ഇത്. ഒന്നിച്ചുചേർന്ന് നടത്തുന്ന അവലോകനവും പഠനവും നമ്മിലെ സാഹോദര്യത്തിന്റെ കൂട്ടായ്മയെ കൂടുതൽ ശക്തിപ്പെടുത്തും. ഈ സ്നേഹകൂട്ടായ്മയിൽ പ്രശ്നങ്ങളുടെ കുരുക്കഴിയും. മുന്നോട്ടു പോകാനുള്ള ഊർജ്ജവും ലഭിക്കും. ചർച്ചകളിൽനിന്ന് ഉയരുന്ന Take home values, നമ്മുടെ സഭാജീവിതത്തെയും കുടുംബജീവിതത്തെയും കൂടുതൽ ചൈതന്യവത്താക്കും. ഈ കൂട്ടായ്മയിൽനിന്ന് മടങ്ങുമ്പോൾ മിനിമം ഇത്രയെങ്കിലും നമുക്കു തീരുമാനിക്കാം - ''എന്റെ ജീവിതംകൊണ്ട് ആരും ക്രിസ്തുവിൽനിന്നും സഭയിൽനിന്നും അകലാൻ ഇടയാവില്ല'' എന്ന്. ഒപ്പം, നമുക്കു പ്രാർത്ഥിക്കാം. ദൈവമേ, ഞാനാകുന്ന കവാടത്തിലൂടെ അനേകർ നിന്നിലേക്ക് പ്രവേശിക്കട്ടെ എന്നും. നമ്മുടെ സഭ ശക്തിപ്പെടട്ടെ. We are baptized and sent. ഈ ദൗത്യത്തിൽ നിന്ന് ദൈവം ആരെയും ഒഴിവാക്കിയിട്ടില്ല. ഒറ്റയ്ക്കൊരു രക്ഷയും ഇല്ല.

തിരുവല്ല അതിരൂപതയെയും, അഭിവന്ദ്യ പിതാവിനെയും, ബഹുമാനപ്പെട്ട വൈദികരെയും, പ്രിയപ്പെട്ട സന്യസ്തരെയും, പ്രിയ സഹോദരങ്ങളേ നിങ്ങളേയും ദൈവം അനുഗ്രഹിക്കട്ടെ. ഈ വലിയ അവസരത്തിനു നന്ദി. ആദരവോടെ, നന്ദിയോടെ, പ്രാർത്ഥനയോടെ നിർത്തട്ടെ.

■

# ജനുവരി–ഫെബ്രുവരി മാസത്തിൽ ഓർമ്മപ്പെരുനാൾ ആചരിക്കുന്ന ഭാഗ്യസ്മരണാർഹരായ പിതാക്കന്മാർ



റവ. ഫാ. ആന്റണി ചെത്തിപ്പുഴ

## 1. മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ട മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ തലവനും പിതാവുമായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവയുടെ പന്ത്രണ്ടാമത് ഓർമ്മപ്പെരുനാൾ 2020 ജനുവരി 18 ന് നാം ആചരിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം. ദൈവം കാലാകാലങ്ങളിൽ തങ്ങൾക്ക് യോജിച്ച ഇടയശ്രേഷ്ഠരെ നല്കി സഭയെ അനുഗ്രഹിക്കുന്നു. മലങ്കര കത്തോലിക്കാസഭയെ നയിക്കാൻ



ദൈവം നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനായിരുന്നു സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവ. അഭിവന്ദ്യ പിതാവിന്റെ ജീവിതനാൾവഴിയിൽ കൂടി കടന്നുപോകുമ്പോൾ ദൈവത്തിന്റെ പ്രത്യേക നടത്തിപ്പും ഇടപെടലും കരുതലും നാം കാണുന്നു.

1935 ആഗസ്റ്റ് 16-ാം തീയതി പത്തനംതിട്ട ജില്ലയിൽ ഉള്ളന്നൂർ ഗ്രാമത്തിൽ മലഞ്ചരുവിൽ മത്തായി സാറിന്റെയും ഏലിയാമ്മയുടെയും മകനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ബഥനി സന്യാസസഭയിൽ ചേർന്നു. പൂന സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1960 ഒക്ടോബർ 4 ന് വൈദികപട്ടം സ്വീകരിച്ചു. 1961 മുതൽ 1965 വരെ റോമിൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ പഠിച്ച് കാനൻനിയമത്തിൽ ഡോക്ടറേറ്റ് നേടി. 1970 മുതൽ 1972 വരെ അമേരിക്കൻ ഐക്യനാടുകളിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽനിന്ന് മനഃശാസ്ത്രത്തിൽ ബിരുദം സമ്പാദിച്ചു. നാട്ടിലെത്തിയ ബഹു. സിറിൽ മലഞ്ചരുവിലച്ചന്റെ അജപാലനശുശ്രൂഷാ മേഖലകൾ വിവിധങ്ങളായിരുന്നു. ശ്രേഷ്ഠ പുരോഹിതൻ, വിവിധ സെമിനാരികളിൽ പ്രൊഫസർ, ബഥനി സന്യാസസമൂഹത്തിന്റെ അദ്ധ്യക്ഷൻ, ആത്മീയ ഉപദേഷ്ടാവ്, ധ്യാനഗുരു, പ്രഭാഷകൻ, കർമ്മകുശലനായ അജപാലകൻ, പാവപ്പെട്ടവരുടെ പക്ഷം ചേർന്ന ഇടയൻ തുടങ്ങിയ നിലകളിൽ തന്റെ സന്യാസ-പൗരോഹിത്യ ശുശ്രൂഷ സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിച്ചു. മതസൗഹാർദ്ദത്തിനും, സംവാദത്തിനും, ദേശീയോദ്ഗ്രഥനത്തിനും നല്കിയ സംഭാവനകൾ പ്രശംസനീയമാണ്. വന്ദ്യ പിതാവിന്റെ വ്യക്തിപ്രഭാവവും, സാമൂഹ്യദർശനങ്ങളും, പ്രതിസന്ധി ഘട്ടങ്ങളിലുള്ള തന്റെ ഇടപെടലുകളും ഏവരും ഓർമ്മിക്കും. സഭാവിജ്ഞാനീയത്തിൽ പ്രത്യേകിച്ച് പൗരസ്ത്യസഭാ വിജ്ഞാനീയത്തിലുള്ള തന്റെ പാണ്ഡിത്യവും, സഭാചരിത്രത്തിലുള്ള അവഗാഹവും മലങ്കര കത്തോലിക്കാസഭയെ വളർത്തുന്നതിനും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തുന്നതിനും ഇടയാക്കി. പൗരസ്ത്യസഭയുടെ കാനൻനിയമസംഹിതയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശങ്ങളോടും കടമകളോടുംകൂടി സ്വയം ഭരണാവകാശമുള്ള ഒരു സഭയായി 2005 ഫെബ്രുവരി 10-ാം തീയതി മലങ്കര കത്തോലിക്കാസഭയെ ഉയർത്തി.

1978 മുതൽ 1995 വരെ ബത്തേരി രൂപതാദ്ധ്യക്ഷനായി രൂപതയെ വളർത്തി വലുതാക്കി. 1995 മുതൽ 2005 വരെ മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്തയായി. 2005 ഫെബ്രുവരി 10 മുതൽ 2007 ജനുവരി 18 വരെ സഭയുടെ

പ്രഥമ കാതോലിക്കാബാവയായി. കേരള കത്തോലിക്കാ മെത്രാൻസംഘത്തിന്റെ ചെയർമാനായും, ഭാരതകത്തോലിക്കാ മെത്രാൻസംഘത്തിന്റെ പ്രസിഡന്റായും വളരെ സ്തുത്യർഹമായ സാരഥ്യം വഹിച്ചു. റോമിൽ പൗരസ്ത്യതിരുസംഘത്തിന്റെ സ്ഥിരാംഗമായിരുന്നു. അഭിവന്ദ്യ പിതാവ് ക്രിസ്തീയ വിശ്വാസവും, സുറിയാനി പാരമ്പര്യവും ഭാരതീയ സംസ്കാരവും മുറുകെ പിടിച്ച് സഭയെ നയിച്ചു. ബത്തേരി ഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടി അത്യദ്ധ്വാനം ചെയ്തു. സഭയ്ക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത മനസ്സിലാക്കി 'ശ്രേയസ്' സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കു രൂപം കൊടുത്തു. മാർത്താണ്ഡം, മാവേലിക്കര, മൂവാറ്റുപുഴ രൂപതകൾ സ്ഥാപിച്ചു. ഇൻഡ്യക്കുള്ളിലും വിദേശത്തും മലങ്കര കത്തോലിക്കാസഭയുടെ ശുശ്രൂഷ വ്യാപിപ്പിച്ചു. സുറിയാനി പാരമ്പര്യത്തിലുള്ള റമ്പാൻ, കോറെപ്പിസ്കോപ്പ സ്ഥാനങ്ങൾ നിരവധി വൈദികർക്ക് നല്കി.

ദൈവശാസ്ത്രം, സഭാവിജ്ഞാനീയം, സഭാചരിത്രം, കാനൻനിയമം, മനശാസ്ത്രം എന്നിവയിലുള്ള പാണ്ഡിത്യം മനുഷ്യനന്മയ്ക്കായി വിനിയോഗിച്ചു. അതിഥി സത്കാരം, സദാ സുസ്മേരവദനൻ, മാന്യമായ ഇടപെടൽ, മാനുഷിക സമീപനം എന്നീ വ്യക്തിത്വ സവിശേഷതകൾ ഏവരെയും തന്നിലേക്കാകർഷിച്ചു. ഈടുറ്റ ലേഖനങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും മറ്റുള്ളവരെ പ്രബോധിപ്പിച്ചു. കൂടെ പ്രവർത്തിക്കുന്നവർക്ക് പ്രവർത്തന സ്വാതന്ത്ര്യവും പ്രോത്സാഹനവും നല്കി. മറ്റുള്ളവരുടെ കഴിവുകൾ മനസ്സിലാക്കി അവരെ വളർത്തുന്നതിൽ ശ്രദ്ധിച്ചു.

> അതിഥി സത്കാരം, സദാ സുസ്മേരവദനൻ, മാന്യമായ ഇടപെടൽ, മാനുഷിക സമീപനം എന്നീ വ്യക്തിത്വ സവിശേഷതകൾ ഏവരെയും തന്നിലേക്കാകർഷിച്ചു.

2007 ജനുവരി 18 ന് അഭിവന്ദ്യ പിതാവ് നിത്യതയിലേക്ക് യാത്രയായി. 72 വർഷത്തെ ജീവിതം അതിന്റെ നന്മയിൽ ജീവിച്ചു. 18 വർഷത്തെ പൗരോഹിത്യ ശുശ്രൂഷയും, 29 വർഷത്തെ മേല്പട്ടശുശ്രൂഷയും മലങ്കര കത്തോലിക്കാസഭയ്ക്കും, സഭയ്ക്കാകമാനവും പൊതുസമൂഹത്തിനും ധാരാളം നന്മയും അനുഗ്രഹങ്ങളും ലഭിക്കുവാൻ ഇടയായി. പുണ്യശ്ലോകനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവയെ ഓർത്ത് ദൈവത്തിനു നന്ദി അർപ്പിക്കാം.

## 2. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

തിരുവല്ല രൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തയായിരുന്ന ജോസഫ് മാർ സേവേറിയോസ് തിരുമേനി കാലം ചെയ്തിട്ട് 64 വർഷങ്ങൾ പൂർത്തിയാകുന്നു. പുണ്യപിതാവിന്റെ പാവനസ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദൈവികശക്തിയാൽ ദൈവജനത്തെ ആദ്ധ്യാത്മികമായും ഭൗതികമായും വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും നയിച്ച നല്ല ഒരു ഇടയശ്രേഷ്ഠൻ. സത്യം അറിയുവാനും സത്യത്തെ മുറുകെ



പിടിക്കുവാനും സത്യം പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാനും ശ്രദ്ധിച്ച ഇടയൻ. 'എല്ലാവരും ഒന്നാകുവാൻ' എന്ന കർത്താവിന്റെ ഹിതത്തിനൊത്ത് പ്രവർത്തിച്ച ശ്രേഷ്ഠാചാര്യൻ.

മല്ലപ്പള്ളി വാളക്കുഴിയിൽ ഉമ്മച്ചന്റെയും അക്കാമ്മയുടെയും മകനായി 1894 ഏപ്രിൽ 27-ാം തീയതി ജനിച്ചു. അഞ്ച് സഹോദരങ്ങളും രണ്ട് സഹോദരികളും. പാതിക്കാട് യാക്കോബായപള്ളിയിൽ ഐപ്പ് എന്ന പേരിൽ മാമോദീസ സ്വീകരിച്ചു. പാതിക്കാട് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മല്ലപ്പള്ളി സി.എം.എസ്. സ്കൂളിൽ പഠനം തുടർന്നു. കോട്ടയം എം.ഡി. സെമിനാരി

യിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്തയുടെ പ്രത്യേക മേൽനോട്ടത്തിൽ പഴയ സെമിനാരിയിൽ താമസിച്ച് സുറിയാനി പഠിക്കുകയും പള്ളിക്കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തു. 2 വർഷം മിഷൻ പ്രവർത്തനം നടത്തി. തിരുവല്ല എം.ജി.ഡി.എം.ഹൈസ്കൂളിൽ അദ്ധ്യാപകനായും ബോർഡിംഗ് മാസ്റ്ററായും പ്രവർത്തിച്ചു. ഏവർക്കും സുസമ്മതനായിരുന്നു. 1929 ജനുവരി 8-ാം തീയതി പാതിക്കാട്പള്ളിയിൽ വച്ച് മലങ്കര മെത്രാപ്പോലിത്ത ഗീവർഗീസ് മാർ ദിവന്നാസ്യോസ്, ജോസഫ് ശെമ്മാശന് വൈദികപട്ടം നല്കി. തുടർന്ന് 3 വർഷം പാതിക്കാട് ഇടവക വികാരിയായി. ജോസഫച്ചന്റെ സഭാസ്നേഹവും സമുദായ സ്നേഹവും കണക്കിലെടുത്ത് മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

1932 ഏപ്രിൽ 17ന് കോട്ടയം പഴയ സെമിനാരിയിൽവച്ച് റമ്പാൻ സ്ഥാനം നല്കി. തുടർന്ന് സെമിനാരി മാനേജരായും കാതോലിക്കാ ബാവയുടെ പ്രത്യേക സഹായിയായും നിയമിക്കപ്പെട്ടു. 1933 മെയ് 25-ാം തീയതി തിരുവല്ല ബഥനി പള്ളിയിൽവച്ച് 39-ാമത്തെ വയസ്സിൽ മാർ സേവേറിയോസ് എന്ന പേരിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാനായി അഭിഷേകം ചെയ്തു. നാലര വർഷക്കാലം ഓർത്തഡോക്സ് സഭയിൽ മെത്രാനായി ശുശ്രൂഷ ചെയ്തു.

സമുദായത്തിലെ പുഴുക്കുത്തുകൾ അദ്ദേഹത്തെ അലട്ടികൊണ്ടിരുന്നു. കത്തോലിക്കാസഭയെ വിമർശിക്കാനായി വായിച്ചുകൊണ്ടിരുന്ന കത്തോലിക്കാസഭാ ഗ്രന്ഥങ്ങൾ അദ്ദേഹത്തെ അലട്ടാൻ തുടങ്ങി. പത്രോസിന്റെ പരമാധികാരമാണ് ശരിയെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. 1937 നവംബർ 29 ന് തിരുവനന്തപുരത്ത് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. രാജിക്കത്തും കാറും കാതോലിക്കാബാവയെ ഏല്പിക്കുവാൻ കൊടുത്തയച്ചു.

1938 ആഗസ്റ്റ് 29 ന് 11-ാം പീയൂസ് മാർപാപ്പാ മാർ സേവേറിയോസ് തിരുമേനിയെ തിരുവല്ല ഭദ്രാസനത്തിന്റെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചു. 'എല്ലാവരും ഒന്നാകേണ്ടതിന്' എന്നതായിരുന്നു അഭിവന്ദ്യ പിതാവിന്റെ ആപ്തവാക്യം. 1938 ൽ ഒക്ടോബർ 14-ാം തീയതി എല്ലാ പള്ളികളിലും വായിക്കുന്നതിനായി അയച്ച ആദ്യ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തി. പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രത്യേകിച്ച് നമ്മുടെ മാംസത്തിന്റെ മാംസവും അസ്ഥിയുടെ അസ്ഥിയുമായ മലങ്കരയിലെ വിവിധ ക്രൈസ്തവസഭാംഗങ്ങളുടെ പുനരൈക്യത്തിനുവേണ്ടി കഴിയുന്നതെല്ലാം ചെയ്യുവാൻ നാം നിശ്ചയിച്ചിരിക്കുന്നു. മലങ്കരയിലെ അകത്തോലിക്കരെല്ലാം എന്ന് ഏക തൊഴുത്തിൽ ഏക ഇടയന്റെ കീഴിൽ, ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ തിരുസഭയിൽ ചേരുന്നുവോ അന്നുമാത്രമേ പുനരൈക്യപ്രസ്ഥാനത്തിന്റെ പരിശ്രമങ്ങളിൽനിന്ന് നാം വിരമിക്കേണ്ടതുള്ളൂ. ആകയാൽ നാം ഭരമേറ്റിട്ടുള്ള ചുമതലയുടെ ഗൗരവം മനസ്സിലാക്കി ഇവ ശരിയായി നിർവ്വഹിക്കുന്നതിന് ആവശ്യമായ സകല സഹായ സഹകരണങ്ങളും മക്കൾ വത്സലപിതാവിന് എന്നപോലെ നിർവ്യാജമായ സ്നേഹത്തോടും പരമാർത്ഥ ബുദ്ധിയോടുംകൂടി നല്കുവിൻ... രൂപതയുടെ എല്ലാ കാര്യങ്ങളിലും തിരുമേനി നേരിട്ടു നേതൃത്വം നല്കിയിരുന്നു. കുട്ടികളുടെ പഠനത്തിനും ജീവിതവിശുദ്ധീകരണത്തിനും പ്രാധാന്യം നല്കി. ഭക്ത സംഘടനകളെ പോഷിപ്പിച്ചു. എണ്ണത്തിനല്ല ഗുണത്തിന് തിരുമേനി പ്രാധാന്യം കല്പിച്ചു. മലങ്കര ആരാധനക്രമത്തോടൊപ്പം ജപമാല, കുരിശിന്റെ വഴി, വി. കുർബാനയുടെ വാഴ്വ്, പ്രദക്ഷിണം മുതലായവ പ്രോത്സാഹിപ്പിച്ചു. ഭക്തരും, ത്യാഗസന്നദ്ധരും, തീക്ഷ്ണതയുള്ളവരുമായ വൈദികരെ ലഭിച്ചത് പിതാവിന് ആശ്വാസമായി. 1950 മെയ് 5-ാം തീയതി തിരുവല്ല രൂപതയുടെ മെത്രാപ്പോലിത്തയായി. പുനരൈക്യ ശുശ്രൂഷ പിതാവിന് കണ്ണും കാതുമായിരുന്നു. പുനരൈക്യമേഖല പ്രാർത്ഥനയൊ, പ്രായശ്ചിത്തമൊ, പ്രസംഗമൊ, എഴുത്തോ, സംസാരമൊ, ശുശ്രൂഷയൊ എന്തെങ്കിലും ആവാം.

> കത്തോലിക്കാസഭയെ വിമർശിക്കാനായി വായിച്ചുകൊണ്ടിരുന്ന കത്തോലിക്കാസഭാ ഗ്രന്ഥങ്ങൾ അദ്ദേഹത്തെ അലട്ടാൻ തുടങ്ങി. പത്രോസിന്റെ പരമാധികാരമാണ് ശരിയെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി.

ഫലത്തെക്കുറിച്ച് നോക്കണ്ട. മിഷൻ മേഖലയിൽ നമ്മുടെ ആയുധങ്ങൾ പരിശുദ്ധവും ദൈവികവും ആയിരിക്കണം .

1952 തിരുവല്ല ഭദ്രാസനത്തെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ട വർഷമായിരുന്നു. മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശനത്തിന്റെ 1900-ാം വാർഷികവും, വി. ഫ്രാൻസിസ് സേവ്യറിന്റെ നാലാം ചരമ ശതാബ്ദി ആഘോഷത്തോടുമനുബന്ധിച്ച് പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന കർദ്ദിനാൾ

യൂജീൻ ടിസ്സറന്റ് മൂന്നു ദിവസം മേരിഗിരി അരമനയിൽ താമസിച്ച് രൂപതയിലെ പല മിഷൻ കേന്ദ്രങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

1953 ജൂലൈ 15 ന് മാർ ഈവാനിയോസ് പിതാവ് കാലം ചെയ്തു. തന്റെ മാർഗദീപവും ഗുരുവുമായ പിതാവിന്റെ വേർപാട് സേവേറിയോസ് പിതാവിന് വേദനയായി. മലങ്കരസഭയുടെ അമരക്കാരനായി പുണ്യശ്ലോകനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനോടൊപ്പം ഭരണം തുടർന്നു. ആർച്ചുബിഷപ്പ്-ബിഷപ്പ് എന്നു സംബോധന ചെയ്യപ്പെട്ടു. അനാരോഗ്യത്തിലും തൃശ്ശൂർ, കുന്ദംകുളം, പാലക്കാട് മിഷനുകളിലേക്ക് യാത്ര തുടർന്നു. 1955 ജനുവരി 18-ാം തീയതി 61-ാം വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ദൈവാശ്രയത്തോടൊപ്പം, പ്രാർത്ഥന വലിയ ശക്തിയായിരുന്നു. മറ്റുള്ളവരെക്കുറിച്ചുള്ള കരുതൽ ഏറെയായിരുന്നു. അകത്തോലിക്കരും എന്റെ മക്കളാണ്, അവരും എന്റെ കൂടെ വരാനുള്ളവരാണ് എന്നതായിരുന്നു സമീപനം. പുണ്യശ്ലോകനായ ജോസഫ് മാർ സേവേറിയോസിന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

## 3. താപസശ്രേഷ്ഠൻ തോമസ് മാർ ദിയസ്കോറോസ്

ക്നാനായ സമുദായത്തിൽനിന്ന് മലങ്കര കത്തോലിക്കാകൂട്ടായ്മയിലേക്ക് കടന്നുവന്ന തോമസ് മാർ ദിയസ്കോറോസ് തിരുമേനി കാലം ചെയ്തിട്ട് 76 വർഷങ്ങൾ പിന്നിടുന്നു. 2020 ഫെബ്രുവരി 22 ന് വന്ദ്യ പിതാവിന്റെ ഓർമ്മ നാം ആചരിക്കുമ്പോൾ ആ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം.



1884 ജനുവരി 4-ാം തീയതി ക്നാനായ സഭാംഗങ്ങളായി കുറിച്ചി തേർവലാടി തൊമ്മൻ കുരുവിളയുടെയും പള്ളം ഒറ്റത്തൈയ്ക്കൽ നൈത്തിയമ്മ മാണിയുടെയും മകനായി ജനിച്ചു. പള്ളം സി.എം.എസ് സ്കൂൾ, കോട്ടയം സി.എം.എസ്. എന്നിവിടങ്ങളിൽ പഠിച്ചു. 18-ാം വയസ്സിൽ പരുമല കൊച്ചു തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലിത്തായിൽനിന്ന് 28-ാം വയസ്സിൽ വൈദികപട്ടം സ്വീകരിച്ചു. ക്നാനായ സമുദായത്തെ നയിക്കാൻ സ്വീകാര്യനായ ഒരു വ്യക്തിയെ ഫാദർ തോമസ് ഒറ്റത്തൈയ്ക്കലിൽ സഭാധികാരികൾ കണ്ടു. 1926 നവംബർ 11 ന് ഇഗ്നാത്തിയോസ് തൃതീയൻ പാത്രയർക്കീസ് ബാവയിൽനിന്ന് ജറുസലേമിൽവച്ച് മെത്രാഭിഷിക്തനായി. തുടർന്ന് ചിങ്ങവനം ക്നാനായ യാക്കോബായ ഭദ്രാസനത്തിന്റെ ചുമതലക്കാരനായി. 1926 മുതൽ 1939 വരെയുള്ള കാലഘട്ടിൽ ഭദ്രാസനത്തെ വളർത്തുന്നതിൽ അക്ഷീണം പരിശ്രമിച്ചു. ക്നാനായസഭയുടെ നേതൃസ്ഥാനത്തിരിക്കുമ്പോഴും മാതൃസഭയായ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. സത്യസഭയായ കത്തോലിക്കാസഭയെക്കുറിച്ചുള്ള ബോദ്ധ്യം അദ്ദേഹത്തിന്റെ മനസ്സിൽ എപ്പോഴും ഉണ്ടായിരുന്നു. മാത്രവുമല്ല, അദ്ദേഹത്തിന്റെ സഹോദരങ്ങളായ ഒറ്റത്തൈയ്ക്കൽ കുട്ടപ്പനും ചെറിയാൻ വക്കീലും പുനരൈക്യ പ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പുതന്നെ കത്തോലിക്കാസഭയിൽ ചേർന്നിരുന്നു. മാർ ചൂളപറമ്പിൽ, മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാരുമായി ആലോചിച്ച് മാർ ദിയസ്കോറോസ് തിരുമേനി അന്തിമ തീരുമാനമെടുത്തു. 1939 നവംബർ 12 ന് തിരുവനന്തപുരത്ത് മാർ ഈവാനിയോസ് മെത്രാപ്പോലിത്താ സമക്ഷം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. തിരുവല്ല ചെറുപുഷ്പഗിരിയിൽ ഏതാനും നാളുകൾ താമസിച്ചു. പിന്നീട് തിരുമൂല

1926 നവംബർ 11 ന് ഇഗ്നാത്തിയോസ് തൃതീയൻ പാത്രയർക്കീസ് ബാവയിൽനിന്ന് ജറുസലേമിൽവച്ച് മെത്രാഭിഷിക്തനായി. തുടർന്ന് ചിങ്ങവനം ക്നാനായ യാക്കോബായ ഭദ്രാസനത്തിന്റെ ചുമതലക്കാരനായി.

പുരത്ത് താമസം തുടങ്ങി. തികച്ചും ഒരു താപസന്റെ ജീവിതശൈലി സ്വന്തമാക്കി. 1943 ഫെബ്രുവരി 22-ാം തീയതി കൊഹനെ ഞായറാഴ്ച തന്റെ 59-ാമത്തെ വയസ്സിൽ സ്വർഗ്ഗീയ ഭവനത്തിലേക്കു യാത്രയായി. പിതാവിന്റെ ആഗ്രഹപ്രകാരം തിരുമൂല പുരത്തുതന്നെ കബറടക്കവും നടന്നു. ഭൗതികശേഷിപ്പ് 1955 സെപ്റ്റംബർ 18 ന് പുതുക്കി പണിത തിരുമൂലപുരം സെന്റ് മേരീസ് പള്ളിയുടെ മദ്ബഹയുടെ സമീപത്ത് പ്രത്യേകം തയ്യാറാക്കിയ കബറിലേക്ക് മാറ്റി സ്ഥാപിച്ചു.

താപസജീവിതത്തെ സ്നേഹിച്ച വന്ദ്യപിതാവ് അധികാരസ്ഥാനത്തുനിന്നകന്ന് തികച്ചും ഒരു താപസന്റെ ജീവിതം നയിച്ചു. ദൈവം ഭരമേല്പിച്ച നിയോഗങ്ങൾ ഭംഗിയായി നിർവ്വഹിച്ച് കടന്നുപോയ പുണ്യജീവിതം. എളിമയുടെയും ലാളിത്യത്തിന്റെയും മാതൃക നല്കിയ ജീവിതം. പുനരൈക്യവും മിഷൻപ്രവർത്തനവും ഒരു നാണയത്തിന്റെ ഇരുവശങ്ങളായി അദ്ദേഹം കണ്ടു. ഹരിജനങ്ങളുടെയിടയിലുള്ള അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. 59 വർഷത്തെ തന്റെ ഹ്രസ്വമായ ജീവിതം ക്നാനായ യാക്കോബായസഭയ്ക്കും, മലങ്കര കത്തോലിക്കാസഭയ്ക്കും സാർവ്വത്രികസഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി ഭവിച്ചു. അദ്ദേഹത്തിന്റെ പുണ്യജീവിതത്തിന്റെ പരിമളം ജീവിച്ചിരിക്കുമ്പോൾ മാത്രമല്ല മരണത്തിനു ശേഷവും 76 വർഷങ്ങൾ പിന്നിടുമ്പോഴും നാനാജാതിമതസ്ഥർക്ക് മദ്ധ്യസ്ഥവും അനുഗ്രഹവുമാണ്. കബറിങ്കലെത്തുന്ന ആളുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. പുണ്യശ്ലോകനായ തോമസ് മാർ ദിയസ്കോറോസ് പിതാവിന്റെ മദ്ധ്യസ്ഥം നമുക്കെന്നും കോട്ടയും അഭയവുമായിരിക്കട്ടെ.

## 4. ആത്മീയതേജസ്സായ ഗീവർഗീസ് മാർ ദിവന്നാസ്യോസ്

ബത്തേരി രൂപതയുടെ ദ്വിതീയ അദ്ധ്യക്ഷനും, പുത്തൂർ രൂപതയുടെ പ്രഥമ അദ്ധ്യക്ഷനുമായിരുന്ന ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്തായുടെ 2-ാമത് ഓർമ്മ 2020 ജനുവരി 16 ന് ആചരിക്കുന്നു. വന്ദ്യ പിതാവിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ദീപ്ത സ്മരണകൾ ജനഹൃദയങ്ങളിൽ മായാതെ നില്ക്കുന്നു.

1950 നവംബർ 1 ന്, എടത്വ ആനപ്രമ്പാൽ ഒറ്റത്തെങ്ങിൽ വർഗീസിന്റെയും കുന്നന്താനം ആഞ്ഞിലിമൂട്ടിൽ മറിയാമ്മയുടെയും 8 മക്കളിൽ 2-ാമനായി ജനിച്ചു. മാർതോമാ സഭാം



ഗമായിരുന്ന കുടുംബം 1955 ൽ കർണാടകയിലെ സൗത്ത് കാനറായിൽ ഇച്ചിലാംപാടി എന്ന സ്ഥലത്തേക്ക് താമസമായി. മാർതോമാ സഭയുടെ ദൈവാലയം അടുത്തെങ്ങും ഇല്ലാതിരുന്നതിനാൽ ഇച്ചിലാംപാടി സെന്റ് ജോർജ് യാക്കോബായപള്ളിയിൽ ചേർന്നു. ഇക്കാലയളവിൽ സീറോ മലബാർ കത്തോലിക്കാ പള്ളിയിലെ സാബാസ് സി.എം.ഐ. എന്ന മിഷനറി വൈദികനുമായി പരിചയത്തിലായി. അദ്ദേഹം ഒറ്റത്തെങ്ങിൽ എൻ.എസ്. വർഗീസിന്റെ ഭവനം സന്ദർശിക്കുകയും പുനരൈക്യത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കു വയ്ക്കുകയും ചെയ്തു. 1962 ൽ ഒറ്റത്തെങ്ങിൽ കുടുംബം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. തുടർന്ന് അവിടെയുള്ള കാക്കനാട്ട് ഭവനവുമായി പരിചയത്തിലാകുകയും അതുവഴി ഒറ്റത്തെങ്ങിൽ കുടുംബം മലങ്കര കത്തോലിക്കാസഭാംഗങ്ങളായി മാറുകയും ചെയ്തു. അവധിക്കാലത്ത് തന്റെ കുടുംബക്കാരെ സന്ദർശിക്കാൻ വന്ന കാക്കനാട്ട് ഏബ്രഹാം (ഏബ്രഹാം മാർ യൂലിയോസ് തിരുമേനി) ശെമ്മാശനുമായുള്ള സൗഹൃദം വർഗീസിനെ തിരുവല്ല മൈനർ സെമിനാരിയിലേക്കു നയിച്ചു. മൈനർ സെമിനാരി പഠനം പൂർത്തിയാക്കിയ ബ്രദർ വർഗീസിനെ തമിഴ്നാട്ടിലെ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായയച്ചു. തിരുവനന്തപുരം മേജർ അതിരൂപതയിലെ കോശി വർഗീസ് ശെമ്മാശനും (ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി)

ജോൺ കല്ലൂർ ശെമ്മാശനും (യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി) സീനിയേഴ്സായി അവിടെയുണ്ടായിരുന്നു. 1977 ൽ സഖറിയാസ് മാർ അത്തനാസിയോസ് പിതാവ് ബ്രദർ വർഗീസിന് ശെമ്മാശപട്ടം നല്കി. 1978 ഏപ്രിൽ 10 ന് ഇച്ചിലാംപാടി മലങ്കര കത്തോലിക്ക ദൈവാലയത്തിൽവച്ച് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.

1978 ൽ കത്ബെർട്ട് കപ്പൂച്ചിൻ മിഷനറി വൈദികന്റെകൂടെ നിലമ്പൂരിൽ 5 ഇടവകകളുടെ സഹവികാരിയായി. 1980 ൽ ഉപരിപഠനത്തിനായി റോമിലെ ആഞ്ചലിക്കും സർവ്വകലാശാലയിൽ എത്തി. ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. 1987 ൽ നാട്ടിൽ തിരിച്ചെത്തിയ വർഗീസ് ഒറ്റത്തെങ്ങിലച്ചൻ ബത്തേരി മൈനർ സെമിനാരി റെക്ടറായും കത്തീഡ്രൽ വികാരിയായും ചുമതലയേറ്റു. തുടർന്ന് 1992 മുതൽ 1996 വരെ തിരുവനന്തപുരം മലങ്കര മേജർ സെമിനാരി റെക്ടറായും, പ്രൊഫസറായും, ആത്മികഗുരുവായും സേവനമനുഷ്ഠിച്ചു. ആ സമയത്താണ് സി.ബി.സി.ഐ. സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുവാനുള്ള അവസരം സെമിനാരിക്ക് ഉണ്ടായത്. സെമിനാരിയുടെ ദൈവശാസ്ത്രവിഭാഗവും, ഓഡിറ്റോറിയവും, മനോഹരമായ ചാപ്പലും പണി പൂർത്തിയാക്കിയത് വർഗീസ് ഒറ്റത്തെങ്ങിലച്ചനായിരുന്നു.

1997 ഫെബ്രുവരി 5 ന് ഗീവർഗീസ് മാർ ദിവന്നാസിയോസ് എന്ന പേരിൽ മെത്രാഭിഷിക്തനായി ബത്തേരി രൂപതയുടെ ദ്വിതീയ മെത്രാനായി നിയമിക്കപ്പെട്ടു. സിറിൽ മാർ ബസേലിയോസ് പിതാവിട്ട അടിസ്ഥാനത്തിന്മേൽ രൂപതയെ ആദ്ധ്യാത്മിക, സാമൂഹിക, വിദ്യാഭ്യാസ രംഗങ്ങളിൽ വളർത്തി വലുതാക്കി. 2010 ജനുവരി 25 ന് ബത്തേരി രൂപത ഭാഗിച്ച് പുത്തൂർ രൂപത സ്ഥാപിതമായപ്പോൾ സ്വമനസ്സാ അതിന്റെ പ്രഥമ മെത്രാപ്പോലിത്തയായി. 2010 മുതൽ 2017 വരെ ഒന്നുമില്ലായ്മയിൽ നിന്ന് പുത്തൂർ രൂപതയെ വളർത്തുവാൻ അക്ഷീണം പരിശ്രമിച്ചു. പുതിയ പള്ളികളും സ്ഥാപനങ്ങളും സ്ഥാപിതമായി. 2017 ജനുവരി 24 ന് തന്റെ അനാരോഗ്യം സഭാശുശ്രൂഷയ്ക്ക് തടസ്സമാകുന്നു എന്നു ബോദ്ധ്യപ്പെട്ടപ്പോൾ രൂപതാഭരണത്തിൽനിന്ന് സ്ഥാനത്യാഗം ചെയ്തു. തിരുവല്ല പള്ളിമലയിലെ ശാലോം ഭവനിൽ പ്രാർത്ഥനയിലും ചികിത്സയിലും കഴിഞ്ഞുവരവെ 2018 ജനുവരി 16-ാം തീയതി പിതാവ് കാലം ചെയ്തു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന കബറടക്കശുശ്രൂഷയിൽ സഭയിലെ എല്ലാ പിതാക്കന്മാരും, മറ്റു സഭകളിലെ പിതാക്കന്മാരും അനേകം വൈദികരും, സന്യസ്തരും, അല്മായ സമൂഹവും, നാനാജാതി മതസ്ഥരും പങ്കെടുത്തു. തിരുവല്ല കത്തീഡ്രൽ ദൈവാലയത്തിൽ കബറടക്കിയിട്ടുള്ള മറ്റു പിതാക്കന്മാരോടൊത്ത് വന്ദ്യ പിതാവിന്റെ ഭൗതികശരീരം അന്ത്യവിശ്രമം കൊള്ളുന്നു. വന്ദ്യപിതാവിനെക്കുറിച്ചുള്ള സജീവ സ്മരണകളിൽ ചിലതു

> തന്റെ പക്കലേക്കു വരുന്നവരെ ചെറുപുഞ്ചിരിയോടെ സ്വാഗതം ചെയ്യുന്ന പിതാവ്, സ്നേഹവും വാത്സല്യവും വാക്കുകളിലും പെരു മാറ്റത്തിലും പ്രകടമാക്കിയ ഇടയൻ, ലാളിത്വവും വിനയവും നിറഞ്ഞു നിന്ന ജീവിതശൈലി, ജാതിമതഭേദമെന്യേ ഉപകാരം ചെയ്യുന്നതിൽ മുൻപൻ, ഒരു നല്ല ആത്മീയ പിതാവ്, നിശബ്ദതയെ സ്നേഹിച്ച ശ്രേഷ്ഠാചാര്യൻ, കുടുംബബന്ധങ്ങളെ കാത്തുസൂക്ഷിച്ച പിതാവ്, പാവങ്ങൾക്ക് ഹൃദയത്തിൽ പ്രത്യേക സ്ഥാനം നല്കിയ ഇടയ ശ്രേഷ്ഠൻ, സംഗീതജ്ഞനായിരുന്നുകൊണ്ട് ആരാധനയിൽ തന്റെ സ്വരമാധുരിയെ ഇഴുകി ചേർത്ത ശബ്ദം, വൈദികപരിശീലനത്തിൽ ശ്രദ്ധാലുവായിരുന്ന റെക്ടറച്ചൻ.

കുറിക്കട്ടെ. തന്റെ പക്കലേക്കു വരുന്നവരെ ചെറുപുഞ്ചിരിയോടെ സ്വാഗതം ചെയ്യുന്ന പിതാവ്, സ്നേഹവും വാത്സല്യവും വാക്കുകളിലും പെരുമാറ്റത്തിലും പ്രകടമാക്കിയ ഇടയൻ, ലാളിത്യവും വിനയവും നിറഞ്ഞു നിന്ന ജീവിതശൈലി, ജാതിമതഭേദമെന്യേ ഉപകാരം ചെയ്യുന്നതിൽ മുൻപൻ, ഒരു നല്ല ആത്മീയ പിതാവ്, നിശബ്ദതയെ സ്നേഹിച്ച ശ്രേഷ്ഠാചാര്യൻ, കുടുംബബന്ധങ്ങളെ കാത്തുസൂക്ഷിച്ച പിതാവ്, പാവങ്ങൾക്ക് ഹൃദയത്തിൽ പ്രത്യേക സ്ഥാനം നല്കിയ ഇടയശ്രേഷ്ഠൻ, സംഗീതജ്ഞനായിരുന്നുകൊണ്ട് ആരാധനയിൽ തന്റെ സ്വരമാധുരിയെ ഇഴുകി ചേർത്ത ശബ്ദം, വൈദികപരിശീലനത്തിൽ ശ്രദ്ധാലുവായിരുന്ന റെക്ടറച്ചൻ. ഇങ്ങനെ അനേകം ഗുണഗണങ്ങളാൽ അലംകൃതമായ മനോഹരമായ ഒരു ധന്യജീവിതം നല്കി നമ്മെ അനുഗ്രഹിച്ച ദിവന്നാസിയോസ് പിതാവിനെ ഓർത്ത് ദൈവത്തിനു നന്ദി പറയുന്നു. പിതാവിന്റെ മാതൃക നമുക്ക് അനുകരിക്കാം. മദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

■

## ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലിത്ത

# മലങ്കരയുടെ അഭിനവ ശൗൽ



**വി.എം. തോമസ് വാളക്കുഴി, ആനിക്കാട്**
(സഹോദര പുത്രൻ)

ഇന്നലകളിലെ നന്മകളാണ് ഇന്നിന്റെ പുണ്യം. ഇന്നത്തെ പുരോഗതികളുടെയെല്ലാം പിന്നിൽ ശക്തമായ ത്യാഗങ്ങളുണ്ട്. സഭയുടെ ചരിത്രത്താളുകൾ പുറകോട്ട് മറിക്കുമ്പോൾ സുകൃതവഴികൾ കാണുവാൻ കഴിയും. കെട്ടുകഥകളിലോ അർദ്ധസത്യങ്ങളിലോ പിണഞ്ഞുകിടക്കുന്ന ചരിത്രവഴിയല്ല, നേരെമറിച്ച് സത്യത്തിന്റേയും ത്യാഗത്തിന്റേയും ശൂന്യവൽക്കരണത്തിന്റേയും വഴിയാണ് മലങ്കര കത്തോലിക്കാസഭയുടേത്. ആയതിനാൽ ഗതകാലസ്മരണകൾ അയ



വിറക്കുന്നത് സത്യാന്വേഷണത്തിന് ആക്കം കൂട്ടും. സത്യസഭ കത്തോലിക്കാസഭയാണെന്ന ബോധ്യത്തിൽ സഭയെ ശാക്തീകരിച്ച ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ സേവേറിയോസ് പിതാവിന്റെ പുണ്യപാതയിലൂടെ നമുക്കൊന്ന് സഞ്ചരിക്കാം.

### ജനനം, ബാല്യം, വിദ്യാഭ്യാസം

1894 ഏപ്രിൽ 7-ാം തീയതി ശനിയാഴ്ച പ്രഭാതത്തിൽ മല്ലപ്പള്ളി ആനിക്കാട് വാളക്കുഴി കുടുംബത്തിൽ ഉമ്മച്ചൻ-അക്കാമ്മ ദമ്പതികൾക്ക് അഞ്ചാമത്തെ കുഞ്ഞ് പിറന്നു. നാൽപതു ദിനങ്ങൾക്കുശേഷം ശിശുവിന് ജ്ഞാനസ്നാനം നൽകി. പാതിക്കാട് യാക്കോബായ പള്ളിയിൽവച്ച് അന്നത്തെ വികാരി കല്ലൂപ്പാറ പുതിയടത്തു താഴത്തുപീടികയിൽ തോമസ് കത്തനാരാണ് മാമ്മോദീസാ നൽകിയത്. ജ്ഞാനസ്നാനവേളയിൽ ഐപ്പ് എന്ന നാമം സ്വീകരിച്ചു. ഐപ്പ് എന്നാൽ ജോസഫ് എന്നാണർത്ഥം. നാട്ടുകാരും വീട്ടുകാരും ഐപ്പച്ചൻ എന്നാണ് വിളിച്ചു പോന്നിരുന്നത്. അഞ്ചാം വയസ്സിൽ അക്ഷരക്കളരിയിൽ എഴുത്തിനിരുത്തി. പറഞ്ഞു കൊടുക്കുന്നവ വേഗം ഗ്രഹിക്കാനും പിന്നീട് കൃത്യതയോടെ ഓർത്തു പറയാനുമുള്ള മിടുക്ക് വളരെ ചെറുപ്പത്തിൽതന്നെ പ്രകടമായിരുന്നു. തുടർന്ന് പ്രാഥമിക വിദ്യാഭ്യാസത്തിനായി വീടിന് സമീപമുള്ള പാതിക്കാട് സ്കൂളിൽ ചേർത്തു. മിഡിൽ സ്കൂൾ പഠനം മല്ലപ്പള്ളി സി.എം.എസ്. സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിലും നടത്തി.

### ദൈവവിളിയും തുടർപഠനവും

ദൈവിക കാര്യങ്ങളിൽ ചെറുപ്പം മുതലേ താല്പര്യം കാണിച്ചിരുന്ന ഐപ്പച്ചനെ വീട്ടുകാരെപ്പോലെതന്നെ ഇടവകക്കാരും സ്നേഹിച്ചിരുന്നു. ഇടവക ദേവാലയത്തിലെ ആരാധനകളിലും ശുശ്രൂഷകളിലും അതീവ ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. ഇടവക സന്ദർശനത്തിനായി വരുന്ന മെത്രാൻമാരോടൊപ്പം ശുശ്രൂഷാസഹായിയായി വർത്തിക്കുന്നതിൽ സന്തുഷ്ടനായിരുന്നു. ദൈവഭക്തനും പക്വമതിയുമായ ബാലനെ വൈദികാർത്ഥിയാകാൻ തെരഞ്ഞെടുത്തു. പരിശ്രമം, വിനയം, ഔദാര്യശീലം ആദിയായ

സവിശേഷ ഗുണങ്ങൾ ബാലനിൽ വിളങ്ങിയിരുന്നു. 1909 ഏപ്രിൽ 15 ന് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത ഐപ്പച്ചന് ജോസഫ് എന്ന നാമത്തിൽ പതിനഞ്ചാമത്തെ വയസ്സിൽ കോട്ടയം ചെറിയപള്ളിയിൽവെച്ച് കോറൂയോപട്ടം നൽകി. എം. ഡി. സെമിനാരിയിലെ വിദ്യാഭ്യാസ കാലയളവിൽ അന്നത്തെ പ്രിൻസിപ്പൽസ്ഥാനം വഹിച്ചിരുന്നത് ഫാദർ പി. റ്റി. ഗീവർഗീസ് പണിക്കർ (എം.എ. അച്ചൻ) ആയിരുന്നു. അദ്ദേഹത്തിന്റെ പ്രത്യേക കരുതലും സ്നേഹവും ഐപ്പച്ചന് ലഭിച്ചിരുന്നു. 1912 ൽ ഐപ്പച്ചന് ശെമ്മാശപട്ടം ലഭിച്ചു. അന്ന് പഠനത്തിൽ സമർത്ഥരായ ശെമ്മാശൻമാരെ സെറാമ്പൂരിലേയ്ക്ക് കൊണ്ടുപോയിരുന്നവരിൽ ഒരാളായിരുന്നു ജോസഫ് ശെമ്മാശൻ. ശിഷ്യഗണത്തെ സസൂക്ഷ്മം നിരീക്ഷിച്ചിരുന്ന എം. എ. അച്ചന് പഠനസമർത്ഥനും സദാ ഉത്സാഹിയുമായിരുന്ന ജോസഫ് ശെമ്മാശനോട് പ്രത്യേക താല്പര്യമായിരുന്നു. തത്വശാസ്ത്രം മുഖ്യ വിഷയമാക്കി ബി. എ. പഠനമാരംഭിച്ചു. 1916 ൽ അദ്ദേഹം ബി.എ. ബിരുദം

> ഓർത്തഡോക്സ് സഭയുടെ ഊർജ്ജസ്രോതസ്സായിരുന്ന മാർ ഈവാനിയോസിന്റെ സഭാഭ്രംശം സഭയുടെ തുടർപ്രവർത്തനത്തിന് വലിയൊരാഘാതമായി.

കരസ്ഥമാക്കി. കുറേക്കാലം ബ്രഹ്മവാറിൽ അദ്ധ്യാപകനായും മിഷനറിയായും ജോലി ചെയ്തു. തുടർന്ന് തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ അദ്ധ്യാപകനായി. മാതൃകാദ്ധ്യാപകനായിരുന്ന അദ്ദേഹം ദൈവം തന്റെ കരങ്ങളിൽ ഏല്പിച്ച വിദ്യാർത്ഥികളെ ആത്മീയവും ബൗദ്ധികവുമായി വളർത്തുന്നതിൽ ഏറെ ശ്രദ്ധിച്ചിരുന്നു.

### പൗരോഹിത്യവും മെത്രാഭിഷേകവും

1929 ജനുവരി 8 ന് മാതൃമാതുലനായ വട്ടശ്ശേരിയിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയിൽനിന്ന് വൈദികപട്ടം സ്വീകരിച്ച് സ്വന്തം ഇടവകയായ പാതിക്കാട് ദേവാലയത്തിന്റെ വികാരിയായി. സഭാനേതൃത്വം ഏല്പിച്ച പുനരൈക്യ വിരോധദൗത്യം ശിരസ്സാവഹിച്ച ജോസഫച്ചന് സ്ഥാനക്കയറ്റം നൽകാൻ യാക്കോബായസഭ തീരുമാനിച്ചു. അപ്രകാരം 1932 ഏപ്രിൽ 17 ന് പരിശുദ്ധ കാതോലിക്കാബാവ അദ്ദേഹത്തിന് റമ്പാൻസ്ഥാനം നൽകി. 1933 മെയ് 25-ാം തീയതി തിരുവല്ല ബഥനി പള്ളിയിൽവച്ച് അദ്ദേഹം മെത്രാൻസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടുകൊണ്ട് ജോസഫ് മാർ സേവേറിയോസ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. പരുമല സെമിനാരിയിൽ താമസിച്ച് നിരണം ഭദ്രാസനത്തെ നയിച്ചുകൊണ്ടിരുന്നു.

### പുനരൈക്യപ്രസ്ഥാനത്തിന്റെ ശൗൽ

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ മാർ തെയോഫിലോസ് തിരുമേനി ഉൾപ്പെടെ അഞ്ചു വ്യക്തികൾ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഓർത്തഡോക്സ് സഭയുടെ ഊർജ്ജസ്രോതസ്സായിരുന്ന മാർ ഈവാനിയോസിന്റെ സഭാഭ്രംശം സഭയുടെ തുടർപ്രവർത്തനത്തിന് വലിയൊരാഘാതമായി. ഇതിനെതിരായി പ്രവർത്തിക്കുവാൻ സഭ കണ്ടെത്തിയവരിൽ പ്രമുഖനായിരുന്നു ജോസഫ് മാർ സേവേറിയോസ് തിരുമേനി. കത്തോലിക്കാസഭയോടുള്ള വിരോധം അദ്ദേഹത്തിൽ ആളിക്കത്തി. പ്രത്യക്ഷമായും പരോക്ഷമായും ഗുരുവും വത്സലപിതാവുമായ മാർ ഈവാനിയോസ് തിരുമേനിയേയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും അപലപിച്ചു. കത്തോലിക്കാസഭയിലേയ്ക്കുള്ള പുനരൈക്യം തടയുന്നതിന് സേവേറിയോസ് തിരുമേനി അശ്രാന്തം പരിശ്രമിച്ചു. തന്റെ ഭരണത്തിൻ കീഴിലുള്ള സഭാവിഭാഗത്തെ ഉറപ്പിക്കുന്നതിനും നവജാതശിശുവായ പുനരൈക്യപ്രസ്ഥാനത്തെ ഉന്മൂലനം ചെയ്യുന്നതിനുമായി സാവൂളിന്റെ വീറോടെ അദ്ദേഹം പ്രയത്നിച്ചു. എന്നാൽ ഒരിക്കൽ സാവൂൾ ദമാസ്കസിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ യേശു അവനെ വിളിച്ചു. അവൻ കർത്താവിനെ ദർശിക്കുകയും അതുവഴി പൗലോസ് അപ്പസ്തോലനായിത്തീരുകയും ചെയ്തു. ഇതുപോലൊരു ഇടപെടൽ ദൈവം സേവേറിയോസ് പിതാവിലും നടത്തി.

### ഉൾവിളി

യാക്കോബായസഭയിലെ അന്തഃഛിദ്രം സേവേറിയോസ് തിരുമേനിയെ ഒരു പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചു. എല്ലാ അധികാരങ്ങളുടെയും സഭാഭരണത്തിന്റേയും നടുവിൽ ആയിരുന്നിട്ടും അദ്ദേഹം അസ്വസ്ഥനായിരുന്നു. ‘‘നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുവിൻ’’ എന്ന ക്രിസ്തു കല്പന പ്രാവർത്തികമാക്കണമെങ്കിൽ കത്തോലിക്കാസഭയിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ എന്ന് അദ്ദേഹം മനസ്സിലാക്കി തുടങ്ങി. ദൈവാത്മാവിന്റെ പ്രവർത്തനം ആരംഭിച്ച

മനസ്സാക്ഷിയിൽ, നന്മയേത് തിന്മയേത് എന്ന ചോദ്യം ആരംഭിച്ചു തുടങ്ങി. 'അനുഭവം, മെത്രാച്ചനെ നേർവഴിക്ക് നടത്തും' എന്ന ഗുരുനാഥനായ ഈവാനിയോസ് തിരുമേനിയുടെ വാക്കുകൾ അദ്ദേഹത്തിന്റെ മനസ്സിൽ അലയടിക്കുവാൻ തുടങ്ങി. മനസ്സ് അസ്വസ്ഥമായി. സമാധാനത്തിനായി മുറിയിൽ പ്രവേശിച്ച് ഏകാന്ത പ്രാർത്ഥനയിൽ മുഴുകി. വേദപുസ്തകം തുറന്നു വായിച്ചപ്പോൾ കണ്ണിൽപ്പെട്ടത് വി. ലൂക്കാ 11:23 ''എന്നോടു കൂടിയല്ലാത്തവൻ എനിക്ക് വിരോധിയാകുന്നു. അങ്ങനെയുള്ളവർ ചിതറിക്കപ്പെടും''. ഈ വചനം അദ്ദേഹത്തെ ചിന്തയിലാഴ്ത്തി. ക്രിസ്തുവിനോടു ചേർന്നു നില്ക്കുക എന്ന വചനത്തിന്റെ അർത്ഥതലങ്ങൾ കണ്ടുപിടിക്കുന്നതിനായി അദ്ദേഹം പ്രത്യേക പ്രാർത്ഥനകളും പഠനങ്ങളും നടത്തി. ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന സാർവത്രികസഭയായ കത്തോലിക്കാസഭയാണ് സത്യസഭയെന്ന് സേവേറിയോസ് തിരുമേനി തിരിച്ചറിഞ്ഞു. സത്യാവബോധം മനസ്സിൽ ദൃഢപ്പെട്ടെങ്കിലും മുന്നോട്ടുള്ള തീരുമാനങ്ങൾക്കായി അദ്ദേഹം നന്നേ ക്ലേശിച്ചു. യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട ഏകസത്യസഭ കത്തോലിക്കാസഭയാണെന്നും അതിൽ ചേരുന്നതിൽ യാതൊരു അമാന്തവും പാടില്ലെന്നും ഹൃദയത്തിലിരുന്ന് ആരോ വിളിച്ചു പറയുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. തനിക്ക് മുൻപേ പുനരൈക്യപ്പെട്ട ജ്യേഷ്ഠസഹോദരനായ ശ്രീ. വി. ഒ. വർഗ്ഗീസ് പുനരൈക്യത്തിനായി നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അതിനു മറുപടിയായി തിരുമേനി, ''അച്ചായാ ഞാൻ പഠിച്ചുകൊണ്ടിരിക്കുന്നു'' എന്നാണ് പറഞ്ഞിരുന്നത്. പരുമലയിലെ പുരാതനമായ ഗ്രന്ഥശേഖരമെല്ലാം പരിശോധിക്കുകയും, അതു കൂടാതെ ചരിത്രകൃതികളിലൂടെ പഠനം നടത്തിയും അദ്ദേഹം സത്യത്തെ തിരിച്ചറിഞ്ഞു. അഗാധമായ അന്വേഷണപഠനങ്ങൾക്ക് വിരാമമിട്ടുകൊണ്ട് പുനരൈക്യപ്പെടുവാൻ തീരുമാനിച്ചു. നിരണം ഭദ്രാസനത്തിന്റെ കണക്കുകൾ എഴുതി സ്വന്തം പുസ്തകങ്ങളും സാധനസാമഗ്രികളും അടുക്കിവച്ചു. രാജിക്കത്ത് തയ്യാറാക്കി ഭദ്രമായി സൂക്ഷിച്ചു. കുർബാനപ്പെട്ടി മാത്രം എടുത്ത് 1937 നവംബർ 29 ന് രാവിലെ 8 മണിക്ക് സ്വന്തം കാറിൽ തിരുവനന്തപുരത്തേക്ക് യാത്ര തിരിച്ചു.

**ശൗൽ ഗുരുസവിധേ**

മാർ ഈവാനിയോസ് പിതാവിന്റെ ദീർഘകാലത്തെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് സേവേറിയോസ് പിതാവ് എത്തിച്ചേർന്നു. ഗുരുവാകട്ടെ ഏറെ വാത്സല്യത്തോടും അതീവ സന്തോഷത്തോടും കുശലാന്വേഷണങ്ങൾ നടത്തി സ്വീകരിച്ചു. ചുറ്റും നിന്നവരോടായി ഇതാ നമ്മുടെ 'അഭിനവ ശൗൽ' എന്ന് അഭിസംബോധന ചെയ്തുകൊണ്ട് പരിചയപ്പെടുത്തി. തുടർന്ന് അരമനചാപ്പലിൽ ആർച്ചുബിഷപ്പിന്റെ മുമ്പിൽ മുട്ടുകുത്തി വിശ്വാസപ്രതിജ്ഞ ചെയ്ത് ജോസഫ് മാർ സേവേറിയോസ് കത്തോലിക്കാ മെത്രാനായി. സാക്ഷിയായി കിളിലേത്ത് ചാക്കോ ഒപ്പു വച്ചു. 1938 ഒക്ടോബർ 8 ന് ഭരണച്ചുമതല ഏറ്റെടുത്തു. മാർ തെയോഫിലോസ് തിരുമേനിയാവട്ടെ അനാരോഗ്യത്താൽ വിശ്രമിച്ചു വരികയായതിനാൽ, മാർ സേവേറിയോസിന്റെ രംഗപ്രവേശനം തിരുവല്ലാ രൂപതയ്ക്കും പുനരൈക്യസഭയ്ക്കും വലിയോരാശ്വാസമായി. തന്റെ സ്ഥാനാരോഹണച്ചടങ്ങിൽ 'എല്ലാവരും ഒന്നാകേണ്ടതിന്' എന്ന ആദർശവാക്യമാണ് സേവേറിയോസ് പിതാവ് സ്വീകരിച്ചിരുന്നത്.

**പുനരൈക്യ പ്രവർത്തനങ്ങൾ**

സത്യത്തെ സ്വീകരിക്കാൻ വൈകിപ്പോയെങ്കിലും തുടർന്നുള്ള അദ്ദേഹത്തിന്റെ പുനരൈക്യശ്രമങ്ങൾ ചങ്കൂറ്റത്തോടുള്ളതായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായി പ്രവർത്തിച്ചു. യാക്കോബായമക്കളെ പുനരൈക്യപ്പെടുത്തുവാൻ അരയും തലയും മുറുക്കി പ്രവർത്തിക്കുകയും പുനരൈക്യശുശ്രൂഷയെ ദൈവവേലയായി കാണുകയും ചെയ്തു. പുനരൈക്യവേല ചെയ്യാത്ത മണിക്കൂറുകളും ദിവസങ്ങളും നമുക്ക് നഷ്ടമായി ഗണിക്കണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തിയിരുന്നു. 'സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് കഷ്ടം' എന്ന പൗലോസിന്റെ വാക്കുകൾ ഇവിടെ സ്മരിക്കാം. പുനരൈക്യദൗത്യം പ്രചരിപ്പിക്കുവാൻ ധാരാളം പുസ്തകങ്ങളും, ലഘുലേഖനങ്ങളും, മാസികകളും പ്രസിദ്ധീകരിച്ചു. ധാരാളം പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ചു. യാക്കോബായസഭയിലെ ആളുകളെ കൂടാതെ അന്യ മതസ്തരേയും കത്തോലിക്കാസഭയിലേക്ക് ചേരുന്നതിന് പ്രേരിപ്പിച്ചു എന്ന കാരണത്താൽ അദ്ദേഹത്തിന് വധഭീഷണി നേരിടേണ്ടി വന്നിട്ടുണ്ട്. രോഗാവസ്ഥയിലും പുനരൈക്യത്തിനായി ദാഹിച്ചു പ്രവർത്തിച്ചിരുന്ന തിരുമേനിയോട് വിശ്രമിക്കാൻ ആവശ്യപ്പെട്ട വൈദികരോട് ''ബഹുമാനപ്പെട്ട അച്ചൻമാരെ നമ്മൾ ജോലി ചെയ്തുകൊണ്ട് മരിക്കണം'' എന്ന് പറഞ്ഞിരുന്നു. ഗോതമ്പു മണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് ഫലം പുറപ്പെടുവിക്കുകയില്ല എന്ന വചനം ഇവിടെ ഓർക്കാം.

## പ്രാർത്ഥനാജീവിതം

നിരന്തരമായ പ്രാർത്ഥനയിലൂടെ തന്റെ ജീവിതത്തേയും പ്രവർത്തനങ്ങളേയും നയിച്ചിരുന്ന ദൈവസ്നേഹിയായിരുന്നു വന്ദ്യ പിതാവ്. ഉപവാസവും നോമ്പും കർശനമായി പാലിച്ചുപോന്നു. രോഗാവസ്ഥയിലും പ്രാർത്ഥനകളും ഉപവാസങ്ങളും മുടക്കിയിരുന്നില്ല. യാമപ്രാർത്ഥനകൾക്കും ധ്യാനത്തിനും ആരാധനാകർമ്മങ്ങൾക്കും വലിയ പ്രാധാന്യം നൽകിയിരുന്നു. വൈദികർക്കും സിസ്റ്റേഴ്സിനും, പ്രാർത്ഥനകൾക്ക് മുടക്കം വരുന്ന രീതിയിലുള്ള ഏതെങ്കിലും ജോലികൾ ഉണ്ടെങ്കിൽ അദ്ദേഹം അവരെ അതിൽനിന്നും പിൻതിരിപ്പിച്ചിരുന്നുവെന്ന് പൂർവ്വികർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ത്യാഗങ്ങളും സഹനങ്ങളും ഏറ്റെടുത്ത് യേശുക്രിസ്തുവിന്റെ പീഡാനുഭവത്തോട് ചേർന്നുനിന്നു. മിക്ക രാത്രികളിലും ചെറുപുഷ്പഗിരി അരമനയുടെ മുകൾ നിലയിൽനിന്നും പൊട്ടിക്കരഞ്ഞുകൊണ്ടുള്ള തിരുമേനിയുടെ യാമപ്രാർത്ഥനകൾ കേൾക്കാമായിരുന്നു. രാത്രിയുടെ അന്ത്യയാമങ്ങളിൽ മേരിഗിരി അരമന ച്ചാപ്പലിൽ പരിശുദ്ധ കുർബാനയുടെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്തു പ്രാർത്ഥിച്ചിരുന്നതായി തിരുമേനിയുമായി അടുത്തിടപെട്ട വൈദികർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## സ്നേഹപിതാവ്

നിരന്തരമായ സ്നേഹസമ്പർക്കത്തിലൂടെയും ഉപദേശങ്ങളിലൂടെയും വൈദികർക്കും സിസ്റ്റേഴ്സിനും അദ്ദേഹം വത്സലപിതാവായിരുന്നു. ഒരു പിതാവ് തന്റെ മക്കളെ സ്നേഹിക്കുന്നപോലെ കരുതലും വാത്സല്യവും നൽകിപ്പോന്നു. ഇതെന്റെ പെൺമക്കൾ എന്ന് സിസ്റ്റേഴ്സിനെ നോക്കി പറഞ്ഞിരുന്നു. വൈദികരോട് വ്യക്തിബന്ധങ്ങൾ പുലർത്തിക്കൊണ്ട് അവർക്ക് വേണ്ട ഉപദേശങ്ങൾ നൽകിയിരുന്നു. സഭയുടെ വളർച്ചയ്ക്ക് സന്യാസിനിമാർക്ക് പ്രത്യേക സംഭാവനകൾ നൽകാൻ കഴിയുമെന്ന് അദ്ദേഹം മനസ്സിലാക്കി. അവരുടെ വ്യക്തിത്വവികസനത്തിലും വിദ്യാഭ്യാസത്തിലും പ്രത്യേകം താല്പര്യം കാണിച്ചിരുന്നു. കന്യകാമഠങ്ങൾ സന്ദർശിക്കുവാനും, ആവുന്നവിധം സഹായങ്ങൾ ചെയ്തുകൊടുക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സാമ്പത്തികമായി പല പരാധീനതകളും നേരിട്ടുവെങ്കിലും മറ്റുള്ളവരെ സഹായിക്കുന്നതിൽ തല്പരനായിരുന്നു. വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യക്ഷേമപ്രവർത്തനം എന്നീ മേഖലകളുടെ വളർച്ചയിൽ സിസ്റ്റേഴ്സിന് നിർണ്ണായകമായ പങ്കുവഹിക്കുവാൻ കഴിയുമെന്നുള്ള ഉത്തമ ബോദ്ധ്യത്താൽ അവർക്ക് വേണ്ടത്ര പ്രോത്സാഹനങ്ങൾ നൽകിയിരുന്നു.

## ദീർഘവീക്ഷണം

ക്രാന്തദർശിയായ പിതാവ് വിശ്വാസികളുടെ ആത്മീയവും ബൗദ്ധീകവുമായ വളർച്ച അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കി. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ധാരാളം പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിച്ചു. പള്ളിയോടുകൂടി പള്ളിക്കൂടം എന്ന ചാവറ കുര്യാക്കോസച്ചന്റെ ആശയം അദ്ദേഹവും പ്രാവർത്തികമാക്കി. വിദ്യാഭ്യാസത്തിലൂടെ മാത്രമേ പുരോഗതി പ്രാപിക്കുവാൻ സാധിക്കുകയുള്ളു എന്നതിനാൽ തന്റെ ശ്രദ്ധ അങ്ങോട്ട് തിരിച്ചു. 35-ൽ അധികം ദേവാലയങ്ങൾ പണികഴിപ്പിക്കുകയും 7 ഹൈസ്കൂളുകളും 8 മിഡിൽ സ്കൂളും നിരവധി പ്രാഥമിക വിദ്യാലയങ്ങളും അതോടൊപ്പം കന്യകാലയങ്ങളും സ്ഥാപിക്കുകയുണ്ടായി. പഴമയുടെ പ്രൗഡിയോടുകൂടി തിരുവല്ല നഗരഹൃദയത്തിൽ നിലകൊണ്ടിരുന്ന മേരിഗിരി അരമന 1952 ൽ പടുത്തുയർത്തി രൂപതാഭരണ ആസ്ഥാനം പുഷ്പഗിരിയിൽനിന്നും അവിടേയ്ക്ക് മാറ്റിയത് സേവേറിയോസ് പിതാവിന്റെ പരിശ്രമത്താലാണ്.

## പിൻഗാമി

ദൈവകൃപയാൽ വളർന്നു പന്തലിച്ചുകൊണ്ടിരുന്ന തിരുവല്ലാ രൂപതയുടെ വിശാലമായ അതിർത്തികളിലെല്ലാം കടന്നുചെല്ലാൻ പലവിധരോഗങ്ങളാൽ കഷ്ടപ്പെട്ട തിരുമേനിക്ക് കഴിയാതെയായി. അതിനാൽ പിൻഗാമിയായി 1954 ഏപ്രിൽ 22 ന് സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയെ അഭിഷേകം ചെയ്തു. മാർ തെയോഫിലോസ് തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയും, മാർ സേവേറിയോസ് തിരുമേനിയുടെ ഗുരുപ്പട്ടത്തിന്റെ രജതജൂബിലിയും

> രൂപതാ ഭരണം നിർവ്വഹിക്കുന്ന ബിഷപ്പുമാരെ അവരുടെ ഭദ്രാസനങ്ങളിൽനിന്ന് മാറ്റാതെ ആർച്ച്ബിഷപ്പ് സ്ഥാനത്തേയ്ക്കുയർത്തുക വളരെ അസാധാരണമായി മാത്രം ലഭിച്ചിരുന്നതാണ്.

ഒരുമിച്ചാഘോഷിച്ചു. ആ ചടങ്ങിൽ റോമിലെ പരിശുദ്ധ സിംഹാസനം മാർ സേവേറിയോസ് തിരുമേനിക്ക് ഒരു ഉന്നതപദവി സമ്മാനിക്കുകയുണ്ടായി. ആർച്ച്ബിഷപ്പ് പദവിയാണ് കല്പിച്ചു കിട്ടിയത്. രൂപതാ ഭരണം നിർവ്വഹിക്കുന്ന ബിഷപ്പുമാരെ അവരുടെ ഭദ്രാ

സനങ്ങളിൽനിന്ന് മാറ്റാതെ ആർച്ച്ബിഷപ്പ് സ്ഥാനത്തേയ്ക്കുയർത്തുക വളരെ അസാധാരണമായി മാത്രം ലഭിച്ചിരുന്നതാണ്. അന്നു മുതൽ തിരുമേനിയുടെ പേരിന് മുൻപായി ആർച്ച്ബിഷപ്പ്-ബിഷപ്പ് എന്ന പദവികൂടെ ചേർക്കപ്പെട്ടു.

**ചരിത്രത്താളുകളിലേക്ക്**

തിരുമേനിയുടെ ആരോഗ്യനില വഷളായിക്കൊണ്ടിരുന്നു. വിശ്രമം അനിവാര്യമായിരുന്നെങ്കിലും അതിന് സാധിച്ചില്ല. തൃശ്ശൂർ, കുന്നംകുളം, പാലക്കാട് തുടങ്ങിയ വിദൂര മിഷനുകളിൽ കടന്നു ചെല്ലേണ്ടതായി വന്നു. 1955 ജനുവരി 15-ാം തീയതി ഫാ. ഏബ്രഹാം പടിഞ്ഞാറേമണ്ണിൽ ഒ.ഐ.സി.യോടൊപ്പം പുതുതായി തുടങ്ങാനിരുന്ന കുണ്ടുകാട് മിഷനിലേയ്ക്ക് പോയി പ്രസംഗിച്ചതിനുശേഷം കുന്നംകുളം, പാലക്കാട് തുടങ്ങിയ പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തു. വളരെ ക്ഷീണിതനായ അദ്ദേഹം വിശ്രമിക്കുന്നതിനായി തിരിച്ചുപോരവേ വൈകുന്നേരം തൃശ്ശൂർ അരമനയിൽ എത്തിച്ചേർന്നു. ഡോക്ടറെ വരുത്തി വൈദ്യസഹായം തേടി. 1955 ജനുവരി 18-ാം തീയതി ചൊവ്വാഴ്ച രാവിലെ വി. കുർബാനയർപ്പണത്തിനു ശേഷം തിരുവല്ലായ്ക്ക് യാത്ര തിരിക്കുകയും, 5.45 ന് മേരിഗിരി അരമനയിൽ എത്തിച്ചേരുകയും ചെയ്തു. 'ദൈവസഹായത്താൽ ഇവിടെ എത്തിച്ചേർന്നല്ലോ' എന്ന് കാറിൽ നിന്നിറങ്ങിയ തിരുമേനി പ്രസ്താവിക്കുകയുണ്ടായി. യാത്ര കഴിഞ്ഞു വരുമ്പോൾ സാധാരണ ചെയ്യാറുള്ളതുപോലെ ചാപ്പലിൽ കയറി പ്രാർത്ഥിച്ചശേഷം മുറിയിൽ പ്രവേശിച്ചു. പിതാവിന്റെ അസുഖങ്ങൾ ഒന്നൊന്നായി വർദ്ധിച്ചുഅവശനായിത്തീർന്നു. പല പ്രാവശ്യം ദൃഷ്ടികളുയർത്തി 'എന്റെ കർത്താവേ' എന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അഭിവന്ദ്യ അത്തനാസിയോസ് തിരുമേനിയും വൈദികരും സെമിനാരി വിദ്യാർത്ഥികളും അരമനയിലെ ജോലിക്കാരും അടുത്തുനിന്നു പ്രാർത്ഥിച്ചു. അധികം വൈകാതെ രോഗീലേപന കൂദാശ സ്വീകരിച്ച് ആ ഭാഗ്യാത്മാവ് തന്റെ ദൗത്യം പൂർത്തിയാക്കി, 1955 ജനുവരി 18 ചൊവ്വാഴ്ച വൈകിട്ട് 7.45 ന് സ്വർഗ്ഗീയ പിതാവിന്റെ സന്നിധി പ്രാപിച്ചു. വി. പൗലോസ് അപ്പസ്തോലനെപ്പോലെ വന്ദ്യ തിരുമേനിക്കും പറയാൻ കഴിഞ്ഞു. ''ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും'' (2 തിമോ. 4:7-8). ഓർമ്മത്തിരുനാൾ ആചരിക്കുന്ന ഈ നാളുകളിൽ നമുക്ക് അദ്ദേഹത്തെ അനുസ്മരിക്കാം. 'എല്ലാവരും ഒന്നാകേണ്ടതിന്' എന്ന ആദർശവാക്യം ഹൃദയത്തിലേറ്റി പ്രേഷിത ചൈതന്യം ഉൾക്കൊണ്ട് നമുക്കും തിരുസഭാമാതാവിനോട് ചേർന്നു നില്ക്കാം. ■

## വിവാഹ ഒരുക്ക സെമിനാർ 2020

സ്ഥലം : ശാന്തിനിലയം, തിരുവല്ല

ഫോൺ : 0469 2603968, 9497462813, 9446270259

| | | | |
|---|---|---|---|
| 2020 ജനുവരി | : | 7, 8, 9 | - 21, 22, 23 |
| 2020 ഫെബ്രുവരി | : | 4, 5, 6 | - 18, 19, 20 |

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ 3 ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 8.30 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണമായി പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

**നിത്യതയിൽ 2 വർഷം (13.01.2020)**



**മത്തായി മാത്യു (മാത്തുക്കുട്ടി)**

ഈട്ടിക്കൽ തടത്തിൽ

ചേറ്റുകുഴി, കട്ടപ്പന

*പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ*

# കേരള കത്തോലിക്കാ മെത്രാൻസമിതിക്ക് പുതിയ ഭാരവാഹികൾ



കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി (പ്രസിഡന്റ്)



മാർ വർഗീസ് ചക്കാലയ്ക്കൽ (വൈസ് പ്രസിഡന്റ്)



ജോസഫ് മാർ തോമസ് (സെക്രട്ടറി ജനറൽ)




ചെങ്ങരൂർ മാർ സേവേറിയോസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷന്റെ രജതജൂബിലിക്ക് തുടക്കം കുറിച്ച് നടത്തിയ പൊതുസമ്മേളനം ശ്രീ. ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്യുന്നു. ഫാ. സന്തോഷ് അഴകത്ത്,റെജി ചാക്കോ, അഡ്വ. മാത്യു ടി. തോമസ്, ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് തുടങ്ങിയവർ സമീപം.

## മലങ്കര കത്തോലിക്കാസഭയുടെ പൂനെ–കട്കി എക്സാർക്കേറ്റ് ഭദ്രാസനമായി ഉയർത്തി



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പൂനെ -കട്കി സെന്റ് എഫ്രേം എക്സാർക്കേറ്റ് ഫ്രാൻസിസ് മാർപാപ്പ 2019 നവംബർ 23-ാം തീയതി ഭദ്രാസനമായി ഉയർത്തി. എക്സാർക്കേറ്റിന്റെ അധ്യക്ഷനായിരുന്ന ഡോ. തോമസ് മാർ അന്തോണിയോസ്, പുതിയ ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി നിയോഗിക്കപ്പെട്ടു.

പൂനെ-കട്കി സെന്റ് മേരീസ് കത്തീഡ്രലിൽ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ഇതു സംബന്ധിച്ച പ്രഖ്യാപനം നിർവഹിച്ചു. റോമിലും ഇതേ സമയം പ്രഖ്യാപനം നടന്നു. തെക്കേ ഇന്ത്യയിലെ ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവയ്ക്കു പുറമേ മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളും, കർണാടക, തമിഴ്നാട് എന്നിവയുടെ ചില പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പുതിയ ഭദ്രാസനം. 33 ഇടവകകളും എട്ട് മിഷൻ മേഖലകളുമാണ് പുതിയ ഭദ്രാസനത്തിനുള്ളത്. 32 വൈദികരും, ബഥനി, മേരിമക്കൾ സന്യാസിനി ഭവനങ്ങളും ഭദ്രാസനത്തിൽ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, ജീവകാരുണ്യ ം, സാമൂഹ്യ വികസനം എന്നീ മേഖലകളിലാണ് പ്രധാനമായും പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത്. ഭദ്രാസനത്തിന്റെ സാമൂഹ്യ സേവന വിഭാഗമായ 'സേവാ' വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

പുതിയ ഭദ്രാസനത്തിന്റെ ഉദ്ഘാടനവും പ്രഥമ മെത്രാപ്പോലിത്തായുടെ സ്ഥാനാരോഹണവും (സൂന്ത്രോണീസോ) 2020 ജനുവരി 14-ാം തീയതി ചൊവ്വാഴ്ച കട്കി സെന്റ് മേരീസ് കത്തീഡ്രലിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയുടെയും മറ്റ് പിതാക്കന്മാരുടെയും സാന്നിധ്യത്തിൽ നടന്നു.



തിരുവല്ല മാക്ഫാസ്റ്റ് കോളേജിൽ നടന്ന അന്തർദേശീയ സെമിനാർ അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്യുന്നു.



എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ പുതിയ ഭാരവാഹികളായ ലൈജു കോശി കത്തീഡ്രൽ (പ്രസിഡന്റ്), ഷിക്കു കുര്യാക്കോസ് മുരിക്കടി (വൈ. പ്രസിഡന്റ്), മിലു തോമസ് കളത്തിപ്പടി (വൈ.പ്രസിഡന്റ്), അൻവിൻ റ്റി.ഐസക്ക് കടമാൻകുളം (ജന.സെക്രട്ടറി), റിന്റു ചാക്കോ വാലാങ്കര (സെക്ര.), ജറിയ അന്ന നിരണം (സെക്ര.), ലിന്റോ പി.ഐസക് തിരുവഞ്ചൂർ (ട്രഷറർ) എന്നിവർ സത്യപ്രതിജ്ഞയ്ക്കുശേഷം അഭി. പിതാവിനോടൊപ്പം



തിരുവല്ല അതിഭദ്രാസനത്തിൽ പുതുതായി വൈദികപട്ടം സ്വീകരിച്ച ഫാ. കോശി മണ്ണിൽ, ഫാ. സ്കറിയ വട്ടക്കാട്ടുകാലായിൽ എന്നിവർ അഭി. പിതാവിനോടൊപ്പം.



തിരുവല്ല അതിഭദ്രാസനത്തിന്റെ 17-ാമത് പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തവർ അഭി. തോമസ് മാർ കൂറിലോസ് പിതാവിനോടൊപ്പം





കെ.സി.ബി.സി.യുടെ ആഹ്വാനപ്രകാരം, അതിരൂപതാ ബൈബിൾ അപ്പസ്തൊലേറ്റിന്റെ നേതൃത്വത്തിൽ സെന്റ് ജോൺസ് കത്തീഡ്രലിൽ നടന്ന ബൈബിൾ പാരായണ ദിനത്തിന്റെ ഉദ്ഘാടനം അഭി. തോമസ് മാർ കൂറിലോസ് പിതാവ് നിർവ്വഹിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി സമീപം





തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിലെ എം.സി.വൈ.എം. & എം.സി.സി.എൽ. നേതൃത്വത്തിൽ സഭാതലത്തിൽ നടത്തിയ മാർ തിമോത്തിയോസ് മെമ്മോറിയൽ ഗ്രാഹ്യ ക്വിസ് - സീസൺ 4 ന്റെ ഉദ്ഘാടനം അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്യുന്നു.

# REMEMBRANCE - JANUARY




**Fr. Alexios Thevervelil**
03 January 1987

**Fr. Geevarghese Naduviledath**
06 January 1964



**Fr. Kurian Kunnamkerikalam**
07 January 1996




**Fr. Zacharias Iyrattipadavil**
10 January **2011**




**Fr. Kuriakose Tharepattackal**
21 January 1960



**Fr. Abraham Konat Makil**
22 January 1943




**Fr. Peter Thekkumparampil**
22 January 1989



**Fr. Cherian Powathikunnel**
26 January 1990

# REMEMBRANCE - FEBRUARY



**Fr. N.G. Kuriakose**
02 February 1953



**Fr. Abraham Azhakath**
05 February 1988




**Fr. Thomas Kottayil**
07 February 2017



**Rt. Rev. Thomas Pathiparampil Corepiscopo**
10 February 2009



**Fr. Stanislaus Kackanatt**
16 February 2014



**Fr. Andrew Cheriyamadom**
23 February 1943



**Fr. Mathews Pulikottil**
27 February 1987

**Matrimonial**

M - 304

മലങ്കര കത്തോലിക്ക യുവതി, തിരുവല്ല അതിഭദ്രാസനം (25/153 cm) Msc Micro Bio, തിരുവല്ല BCMCH ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.


**Contact : 8943246451**

M - 305

തിരുവല്ല അതിഭദ്രാസനത്തിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 27 വയസ്സ്, 170 cm, Software Engineer (MCA), -ഷാർജ യിൽ ജോലി. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**Contact : 9747221211, 6238996215**

## ആദരാഞ്ജലികൾ



## വന്ദ്യ കരിമ്പിൽ മാത്യു കോർ എപ്പിസ്കോപ്പ ദിവംഗതനായി

തിരുവല്ല അതിഭദ്രാസനത്തിലെ സീനിയർ വൈദികൻ വന്ദ്യ കരിമ്പിൽ മാത്യു കോർ എപ്പിസ്കോപ്പ (88) ഡിസംബർ 7-ാം തീയതി ദിവംഗതനായി. സംസ്കാരം ഡിസംബർ 11-ാം തീയതി കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെയും, തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ, ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ തിയൊഡോഷ്യസ് മെത്രാപ്പോലീത്ത എന്നീ പിതാക്കന്മാരുടെയും നേതൃത്വത്തിൽ തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടന്നു. റാന്നി കരിമ്പിൽ പരേതരായ മാത്യു-മറിയാമ്മ ദമ്പതികളുടെ മകനാണ്. 1961 ൽ പൗരോഹിത്യം സ്വീകരിച്ചു. തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ 40 വർഷത്തോളം സുറിയാനി അധ്യാപകൻ, മല്പാൻ എന്നീ നിലകളിൽ പ്രവർത്തിച്ചതിനൊപ്പം പുളിക്കീഴ്, തലവടി, തോട്ടഭാഗം, ഇരവിപേരൂർ, പുറമറ്റം, മാരാമൺ, പൂവത്തൂർ, ചെങ്ങരൂർ, കുന്നന്താനം, കടമാൻകുളം, കുമ്പനാട്, മാന്നാർ, നെടുമ്പ്രം, മുക്കൂർ തുടങ്ങിയ ദേവാലയങ്ങളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു.

ജനുവരി 01
**നാമഹേതുക തിരുനാൾ**



മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ

ജനുവരി 08
**നാമഹേതുക തിരുനാൾ**



അഭി. ഫിലിപ്പോസ് മാർ
സ്തേഫാനോസ് തിരുമേനി

ജനുവരി 11
**നാമഹേതുക തിരുനാൾ**



അഭി. യൂഹാനോൻ മാർ
തെയഡോഷ്യസ് തിരുമേന

ജനുവരി 17
**നാമഹേതുക തിരുനാൾ**



അഭി. തോമസ് മാർ
അന്തോണിയോസ് തിരുമേനി

ജനുവരി 19
**നാമഹേതുക തിരുനാൾ**



അഭി. ഗീവർഗീസ് മാർ
മക്കാറിയോസ് തിരുമേനി

ജനുവരി 29
**നാമഹേതുക തിരുനാൾ**



അഭി. ജോഷ്വാ മാർ
ഇഗ്നാത്തിയോസ് തിരുമേനി

ജനുവരി 16
**ഓർമ്മ തിരുന്നാൾ (2018)**



അഭി. ഗീവർഗീസ് മാർ
ദിവന്നാസിയോസ് തിരുമേനി

ജനുവരി 18
**ഓർമ്മ തിരുന്നാൾ (2007)**



മോറാൻ മോർ സിറിൽ ബസേലിയോസ്
കാതോലിക്കാബാവാ

ജനുവരി 18
**ഓർമ്മ തിരുന്നാൾ (1955)**



ജോസഫ് മാർ
സേവേറിയോസ് തിരുമേനി

ഫെബ്രുവരി 09
**മെത്രാഭിഷേക വാർഷികം (2008)**



അഭി. എബ്രഹാം മാർ
യൂലിയോസ് തിരുമേനി

ഫെബ്രുവരി 19
**മെത്രാഭിഷേക വാർഷികം (2005)**



അഭി. ജോസഫ് മാർ
തോമസ് തിരുമേനി

ഫെബ്രുവരി 22
**ഓർമ്മ തിരുന്നാൾ (1943)**



അഭി. തോമസ് മാർ
ദിയസ്കോറസ് തിരുമേനി

**പുഷ്പഗിരി മെഡിക്കൽ കോളജിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് നടന്ന കലാസന്ധ്യയുടെ ഏതാനും ദൃശ്യങ്ങൾ**









## ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായുടെ വത്സല പിതാവ് നിര്യാതനായി.




മലങ്കര സുറിയാനി കത്തോലിക്കാസഭ അമേരിക്ക-കാനഡ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത മോസ്റ്റ് റവ.ഡോ.ഫിലിപ്പോസ് മാർ സ്തേഫാനോസിന്റെ വത്സല പിതാവ് കരിമ്പനാംകുഴിയിൽ പാറമേൽ കുടുംബാംഗം തോട്ടത്തിൽ റ്റി.എം.ഫിലിപ്പ് (103) ജനുവരി 8-ാം തീയതി നിര്യാതനായി. മൃതസംസ്കാരം 13-ാം തീയതി മോറാൻ മോർ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെയും മറ്റു പിതാക്കന്മാരുടെയും സാന്നിദ്ധ്യത്തിൽ നടത്തി.

ഭാര്യ: ചെറുപുളിച്ചിയിൽ പരേതയായ മറിയാമ്മ. തങ്കമ്മ, തങ്കച്ചൻ, ജോയി (ജർമ്മനി), സാലി, കുഞ്ഞുമോൾ എന്നിവരാണ് മറ്റു മക്കൾ.

അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും **ആദരാഞ്ജലികൾ**

## പുഷ്പഗിരി മെഡിക്കൽ കോളജിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടന്ന പൊതുസമ്മേളനത്തിന്റെ ഏതാനും ദൃശ്യങ്ങൾ











പുഷ്പഗിരി മെഡിക്കൽ കോളജിന്റെ
വജ്രജൂബിലിയോടനുബന്ധിച്ച്
സെന്റ് ജോൺസ് കത്തീഡ്രൽ ക്യാമ്പസിൽ
നടന്ന മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം.

Date of Publication : 20.01.2020
Prince : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I 35982/80
January - February 2020

THIRUVALLA WILL
CHANGE

Pulimoottil
SILKS

M C ROAD, THIRUVALLA | 0469 2602221
THRISSUR • KOTTAYAM • KOLLAM • THODUPUZHA
www.pulimoottilonline.com




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parapallil